
# സത്യദൂതൻ

2013 ഓഗസ്റ്റ് | ലക്കം 8

വില ₹ 20



ഖുത്വ്ബ: വിശുദ്ധ ഖുർആന്റെ കല്പനകൾ സമൂഹ നന്മക്ക്



## മോക്ഷസങ്കൽപ്പവും മതങ്ങളും

## ഹദ്റത്ത് അബൂ ഉബയ്ദഃ (റ)


Baitus Subhan, Croydon, UK



Yousaf Mosque, Tucson, Arizona, USA




The Sathyadoothan Monthly


لا اله الا الله محمد رسول الله

# സത്യദൂതൻ


2013 ആഗസ്റ്റ്
ഹി.ശ.1392 - സുഹൂർ
1434 - റമസാൻ - ശവ്വാൽ
പുസ്തകം 85 ലക്കം 8
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം



**5** എഡിറ്റോറിയൽ

**6** യുഗശബ്ദം



**7**
ഖുത്വ്ബ
**വിശുദ്ധ ഖുർആന്റെ കല്പനകൾ സമൂഹ നന്മക്ക്**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

**13**
**മോക്ഷസങ്കൽപ്പവും മതങ്ങളും**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)


മോക്ഷത്തെ പറ്റിയുള്ള മതാന്തരീയ സംവാദങ്ങൾ മതലോകത്തെ പ്രക്ഷുബ്ധമാക്കുന്നു എന്നാണ് ആക്ഷേപം. എന്നാൽ ഇസ്ലാം സമർപ്പിക്കുന്ന മോക്ഷത്തെ സംബന്ധിച്ച യുക്തിഭദ്രമായ വാദങ്ങൾ സമാധാനകാംക്ഷികളായ പ്രബുദ്ധരായ ചിന്താശീലർ അവധാനപൂർവം വിലയിരുത്തേണ്ട വിഷയമാണ്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'ഇസ്ലാമും സമകാലീനപ്രശ്നങ്ങളും' എന്ന കൃതിയിൽ നിന്നുള്ളതാണ് ഈ ലേഖനം.


**18**
**പവിത്ര ജീവിതം**
മുഹമ്മദ് ഉമർ



ദൈവനിയുക്താരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്.




**21**
**പുഞ്ചിരിയോടെ ഏറ്റുവാങ്ങിയ മരണം**
എ. ക്യു. മഹ്ദി


അധികാരികൾ വിധിച്ച മരണം സുസ്മേര വദനനായി ഏറ്റുവാങ്ങിയ മഹാനായ ഒരു ദിവ്യാത്മാവിന്റെ കഥ.


**26**
**ഹദ്റത്ത് അബൂ ഉബയ്ദഃ (റ)**
മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ


**26**
**വാഗ്ദത്ത മസീഹിന്റെ ആഗമനവും ഈമാന്റെ പുനസ്ഥാപനവും**
മഹ്മൂദ് കൽക്കുളം

**33**
**സെക്കുലറിസത്തിന്റെ ജനനപശ്ചാത്തലം**
എ. എം. മുഹമ്മദ് സലീം


മതം ഭരണാധികാരത്തിന്റെ ഭദ്രാസനങ്ങളിൽ അധികാരത്തിന്റെ ചെങ്കോലുമായി ഇരുന്നപ്പോൾ മനുഷ്യന്റെ സാമൂഹിക ജീവിതം ദുസ്സഹമായി. ആ സന്ദർഭത്തിലാണ് മതം അധികാരത്തിൽ നിന്ന് വിട്ടു നിൽക്കണമെന്ന ആശയവുമായി സെക്കുലറിസം കടന്നുവന്നത്.


**38**
**ഔദാര്യം**
സമ്പാ: സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

**40**
**ഈജിപ്തിലെ ഭരണമാറ്റം**
മുസാഫിർ

**43**
**വാർത്തകൾ**



**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി-682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ:** 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ:** 8907182933
Email-salimqld@gmail.com

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ:** 8089574250




Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

## വിശുദ്ധ ഖുർആനിൽ നിന്ന്



നാടുകളെ, അതിൽ നിവസിക്കുന്നവർ നന്മ ചെയ്യുന്ന വരായിരിക്കെ നിന്റെ നാഥൻ നശിപ്പിക്കുകയില്ല. (11:18)

## നബിവചനം



അല്ലാഹു ഒരു ജനതയെ ശിക്ഷിക്കുമ്പോൾ ആ ശിക്ഷ അവരിലുള്ള എല്ലാവരേയും ബാധിക്കും. പിന്നീട് അവരിൽ ഓരോരുത്തരേയും അവരുടെ കർമങ്ങളുടെ അടിസ്ഥാനത്തിൽ പുനർജീവിപ്പിക്കും (ബുഖാരി)

## വാഗ്ദത്ത മസീഹിന്റെ വചനം

### നാശത്തെ അതിജീവിക്കാൻ

സുഹൃത്തുക്കളേ, നമ്മളിൽ ഏതെങ്കിലും ഒരു സമുദായക്കാർ ദൈവത്തിന്റെ ഈ സമ്പ്രദായത്തെ ആദരിക്കാതെയും അവന്റെ പാവനങ്ങളായ ഗുണങ്ങൾക്കൊത്ത് തങ്ങളുടെ നടപടികളെ ക്രമപ്പെടുത്താതെയും ഇരിക്കുന്നുവെങ്കിൽ ആയവർ താമസിയാതെ നാശമടയും. അവരുടെ ഈ അതിക്രമത്തിന്റെ ദോഷഫലങ്ങൾ അവരുടെ മേൽ മാത്രമല്ല അവരുടെ ഭാവി തലമുറകളുടെ മേലും വന്നു ഭവിക്കുന്നതാണ്. ദൈവത്തിന്റെ ഗുണ വിശേഷങ്ങൾ തന്നിൽ പ്രതിഫലിപ്പിക്കുന്നത് മൂലമാണ് മനുഷ്യൻ നാശത്തെ അതിജീവിക്കുന്നത്. സർവസമാധാനത്തിന്റെയും ഉറവിടങ്ങളായ ദൈവഗുണങ്ങളനുസരിച്ച് ജീവിതചര്യകളെ ക്രമപ്പടുത്തുന്നതിലാണ് മനുഷ്യന്റെ ശാരീരികവും ആത്മീയവുമായ ജീവിതം ആശ്രയിച്ചു നിൽക്കുന്നത്. ഈ പരമാർഥത്തെ ലോകാരംഭം മുതൽ എല്ലാ രാജ്യങ്ങളിലേയും സത്യസന്ധരായ ദൈവദാസർ സാക്ഷീകരിച്ചു വന്നിരിക്കുന്നു (മൈത്രീ സന്ദേശം)



എഡിറ്റോറിയൽ

# ഈദിന്റെ സുവിശേഷവും താക്കീതും

ശരീരത്തെ ഞെരിപ്പോടാക്കി മാറ്റി ആത്മാവിനെ സ്ഫുടം ചെയ്തെടുക്കുന്ന ഒരു മാസത്തെ വ്രതത്തിന്റെ ശുഭപര്യവസാനം ആഘോഷിക്കുന്ന ആത്മീയോത്സവ ദിനമാണ് ഈദുൽ ഫിത്ർ. ആഹാരം കഴിച്ച് അവസാനത്തെ നോമ്പ് തുറക്കുന്നത് മുതൽ ആരംഭിക്കുന്ന സന്തോഷ സുദിനം, ശരീരത്തിന്റെയും ആത്മാവിന്റെയും വിഭവ സമൃദ്ധിയുടെ ഉത്സവമാണ്. അതാണ് ഈദുൽ ഫിത്ർ.

ആവർത്തിച്ചു വരുന്നത്, ആഘോഷം, ഉത്സവം എന്നെല്ലാം അർഥമുള്ള 'ഈദ്' എന്ന പദം ഖുർആനിൽ ഉപയോഗിച്ച സന്ദർഭം നാം ഓർക്കേണ്ടതുണ്ട്. പരമ ഭക്തരും അല്പാഹാരികളും കൊടിയ ദരിദ്രരുമായ ഈസാ നബി(അ)യുടെ അനുയായികളായിരുന്നു ഹവാരികൾ അഥവാ എസ്സിനികൾ. ദിവ്യവെളിപാടുകൾ ക്കൊണ്ടനുഗൃഹീതരും അവധൂത പദം പൂകിയ സാത്വികരുമായ ഹവാരികൾ ആകാശീയവും ആത്മീയ വുമായ വിഭവങ്ങൾ കാംക്ഷിച്ചുകൊണ്ട് തങ്ങളുടെ മാർഗദർശകനായ ഈസാ നബി(അ)യോട് ചോദിച്ചു:

**'ഓ മർയമിന്റെ മകൻ ഈസാ, ഞങ്ങൾക്ക് ആകാശത്ത് നിന്ന് ഭക്ഷണത്തളിക ഇറക്കിത്തരാൻ താങ്കളുടെ നാഥനു സാധിക്കുമോ? അദ്ദേഹം പറഞ്ഞു: 'നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ അല്ലാഹുവിനെ ഭയപ്പെടുവിൻ'. അവർ പറഞ്ഞു: 'അതിൽ നിന്ന് ഞങ്ങൾ ഭക്ഷിക്കുകയും ഞങ്ങൾക്ക് മനസ്സമാധാനം ഉണ്ടാകുകയും നീ ഞങ്ങളോട് സത്യമാണ് പറഞ്ഞതെന്ന് ഞങ്ങൾക്ക് ബോദ്ധ്യമാവുകയും ഞങ്ങളതിന് സാക്ഷ്യം വഹിക്കുന്നവരായി തീരുകയും ചെയ്യണമെന്ന് ഞങ്ങളാഗ്രഹിക്കുന്നു.'**

**ഈസബ്നു മർയം പറഞ്ഞു: 'ഞങ്ങളുടെ നാഥനായ അല്ലാഹുവേ, ഞങ്ങൾക്ക് ആകാശത്ത്നിന്ന് ഒരു ഭക്ഷണത്തളിക ഇറക്കിത്തന്നാലും! അത് ഞങ്ങളുടെ മുൻഗാമികൾക്കും പിൻഗാമികൾക്കും ഉത്സവവും (ഈദ്) നിന്നിൽ നിന്നുള്ള ഒരു ദൃഷ്ടാന്തവുമായിരിക്കണം. നീ ഞങ്ങൾക്ക് ആഹാരം നൽകേണമേ; നീ ആഹാരം നൽകുന്നവരിൽ അത്യുത്തമനാണല്ലോ.**

**അല്ലാഹു പറഞ്ഞു:'തീർച്ചയായും ഞാൻ നിങ്ങൾക്ക് അത് ഇറക്കിത്തരുന്നതാണ്. എന്നാൽ അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്ന പക്ഷം മുഴുലോകത്തിലും വെച്ച് ആരെയും ശിക്ഷിക്കാത്തവിധത്തിലുള്ള ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്'(അൽമാഇദ 113-115)**

ഈസാ നബി(അ)യുടെ പ്രാർഥനാ ഫലമായി തന്റെ അനുയായികൾക്ക് ആത്മീയവും ഭൗതികവുമായ പെരുന്നാളായി ആഘോഷിക്കാവുന്ന സമൃദ്ധമായ വിഭവം അല്ലാഹു നൽകി. ഹവാരികൾ അത് നന്ദിയോടെ ഭുജിച്ചു. സന്തുഷ്ടിയോടെ അവർ കാല യവനികക്കുള്ളിൽ മറഞ്ഞു. ദൈവം ഇറക്കിക്കൊടുത്ത ഭക്ഷണത്തളികയിൽ നിന്ന് അവർ പെരുന്നാളാഘോഷിച്ച് മനസ്സംതൃപ്തിയടഞ്ഞു. യേശുവിന്റെ അനുയായികളായ ഹവാരികളെ ബൈബിൾ വിട്ടുകളഞ്ഞെങ്കിലും ആ ഭക്ത സമൂഹത്തിന്റെ ചരിത്രം ഖുർആൻ അനശ്വരമാക്കി. ആധുനിക ചരിത്രഗവേഷണങ്ങൾ എസ്സീനികൾ എന്നറിയപ്പെടുന്ന ഖുംറാൻ നിവാസികളായ ഹവാരിയീങ്ങളുടെ ചരിത്രം പുറത്ത് കൊണ്ട് വരികയും അവരുടെ സാത്വിക ജീവിതത്തിന്റെ വിസ്മയ കരമായ യശോധാവള്യം ലോകത്ത് പ്രകാശിതമാവുകയും ചെയ്തിരിക്കുന്നു. അതിന് ശേഷം ക്രൈസ്തവ റോമാ സാമ്രാജ്യവും ഭൗതികമായ അർഥത്തിൽ ഭക്ഷണത്തളികയിൽനിന്ന് വിഭവങ്ങൾ ആസ്വദിച്ചു.

പ്രസ്തുത ഖുർആൻ വചനങ്ങൾ നന്ദികേട് കാണിക്കുന്നവരെക്കുറിച്ച് താക്കീത് നൽകിയിരിക്കുന്നത് ശ്രദ്ധേയമാണ്. യേശുവിന്റെ പിൽക്കാലത്തെ അനുയായികൾ ആ വിഭവ സമൃദ്ധി അനുഭവിച്ചെങ്കിലും നന്ദികേടിന്റെ പെരുന്നാളാണ് അവർ ആഘോഷിച്ചത്. പ്രത്യേകിച്ച് മൂന്ന് നൂറ്റാണ്ടുകളായി പാശ്ചാത്യ ക്രൈസ്തവ നാഗരികത അധിനിവേശത്തിന്റെയും അടിമപ്പെടുത്തലിന്റെയും ചൂഷണത്തിന്റെയും അതിരുകടന്ന ആസ്വാദനങ്ങളുടെയും ഭൗതികോത്സവങ്ങൾ ആഘോഷിക്കുകയാണ്. ഖുർആന്റെ താക്കീത് അവർ ഓർക്കുക. **'മുഴുലോകത്തിലും വെച്ച് ആരെയും ശിക്ഷിക്കാത്ത വിധത്തിലുള്ള ശിക്ഷ ഞാൻ അവനെ ശിക്ഷിക്കുന്നതാണ്.'** ലോകത്തിന്റെ ഭൗതിക സമ്പത്തിന്റെ മുഖ്യ ഭാഗം ആസ്വദിക്കുന്ന പാശ്ചാത്യ ക്രൈസ്തവ ദേശങ്ങളിലാണ് ഒന്നും രണ്ടും 'ലോക മഹായുദ്ധങ്ങൾ' നടന്നത്. ഇതിൽ ഖുർആന്റെ ലോക പ്രയോഗം ശ്രദ്ധേയമാണ്. ആ നാടുകൾക്ക് മീതെ വീണ്ടും നിഴലിട്ട് കൊണ്ടിരിക്കുന്ന ഭയാനകവും സർവ നാശകരവും ആസന്നവുമായ ഒരു യുദ്ധം ഖുർആൻ വചനത്തിൽ അടങ്ങിരിക്കുന്ന പൂർണാർഥത്തിലുള്ള ഒരു ശിക്ഷയുടെ സൂചനയാണോ? ആ നാശത്തിൽ നിന്ന് അല്ലാഹു ലോകത്തെ രക്ഷിക്കട്ടെ. യേശുവിന്റെ ത്യാഗിവര്യന്മാരായ അനുയായികൾക്ക് അല്ലാഹു പ്രതിഫലമായി നൽകിയ മനസ്സമാധാനം തരുന്ന 'ഈദ്' നമുക്കും ആഘോഷിക്കുവാനുള്ള സൗഭാഗ്യം അല്ലാഹു നൽകട്ടെ.



ഹദ്റത്ത് അഹ്മദ് (അ)

# മലക്കുകൾ

**ഭൗ**തികമായ വ്യവസ്ഥയെക്കുറിച്ച് ചിന്തിക്കു മ്പോൾ മനുഷ്യൻ വായുവിന്റെ സഹായത്താൽ കേൾക്കുകയും സൂര്യന്റെ സഹായത്താൽ കാണുകയും ചെയ്യുന്നതായി മനസ്സിലാക്കാം എന്നിരിക്കെ ഭൗതിക വ്യവസ്ഥയിൽ ഈ രണ്ട് സന്ദേശ വാഹകർ (ജിബ്രീൽ, മീക്കായീൽ) എന്തിന് നിയുക്തരായി? എന്നാൽ ദൈവത്തിന്റെ ഭൗതികവും ആത്മീയവുമായ നിയമങ്ങൾ പരസ്പരം ബന്ധമുള്ളവയായിരിക്കണം. കഷ്ടം! വേദങ്ങളടെ ജ്ഞാനം എല്ലായിടത്തും ദൈവിക ശക്തി പ്രഭാവത്തിന് എതിരായിരിക്കുകയാണ്! ദൈവം എല്ലായിടത്തും ഇല്ലായെന്ന് ആരാണ് പറയുന്നത്? മറിച്ച്, അവൻ എല്ലായിടത്തും ഉള്ളവനാണ്. അതോടൊപ്പം അവൻ അർശുടയവനും (ദുൽ അർശ്) തന്നെ. ഈ ആത്മീയ ജ്ഞാനത്തിന്റെ മർമവശം അജ്ഞന് മനസ്സിലാക്കാൻ കഴിയുന്നില്ല. ഈ ജഗത്തിൽ എല്ലാം അല്ലാഹുവിന്റെ കല്പന പ്രകാരമാണ് നടക്കുന്നതെങ്കിലും അവൻ തന്റെ വിധി തീർപ്പുകൾ (ഖസാവഖദർ)നടപ്പാക്കുന്നതിന് മാധ്യമങ്ങളെ ഏർപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് മനുഷ്യന് നാശം വരുത്തുന്ന വിഷവും ഗുണ ഫലങ്ങൾ കൈവരുത്തുന്ന അമൃതും രണ്ടും തന്നെ സ്വയമേവ ശരീരത്തിൽ സ്വാധീനം ചെലുത്തുന്നുവെന്ന് നമുക്ക് ഊഹിക്കാൻ സാദ്ധ്യമാണോ? ഒരിക്കലുമില്ല. മറിച്ച് അവ അല്ലാഹുവിന്റെ കല്പന പ്രകാരം പ്രതികൂലമോ അനുകൂലമോ ആയ സ്വാധീനഫലം ഉണ്ടാക്കുന്നു. അവ ദൈവത്തിന്റെ ഒരു തരത്തിലുള്ള മലക്കുകൾ ആകുന്നു. എന്നല്ല, വൈവിധ്യങ്ങളുടെയും തരം തിരിവുകളുടെയും പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതിന് കാരണമായിട്ടുള്ള ജഗത്തിലെ ഒരോ കണവും ദൈവത്തിന്റെ മലക്കുകളാകുന്നു. ഒരോ പരമാണുവിനെയും അല്ലാഹുവിന്റെ മലക്കുകളാണെന്ന് വിശ്വസിക്കാത്ത പക്ഷം തൗഹീദ് പുർണമാവില്ല. ലോകത്ത് നിലകൊള്ളുന്ന എല്ലാ സ്വാധീന ശക്തികളേയും(മുഅസ്സിറാത്ത്) ദൈവത്തിന്റെ മലക്കുകളായി അംഗീകരിക്കാത്ത പക്ഷം മനുഷ്യശരീരത്തിലും പ്രപഞ്ചത്തിലാകെയും ദൈവത്തിന്റെ അറിവും ഉദ്ദേശ്യവും ഇച്ഛയും കൂടാതെ സ്വയമേവയാണ് പരിവർത്തനങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് സമ്മതിക്കേണ്ടിവരും. അങ്ങനെ വരുമ്പോൾ ദൈവം അചേതനും (മുഅത്തൽ) അറിവില്ലാത്തവനും (ബേഖബർ) ആണെന്ന് അംഗീകരിക്കേണ്ടി വരുന്ന താണ്. ആകയാൽ മലക്കുകളിൽ ഈമാൻ കൊള്ളു ന്നതിന്റെ രഹസ്യവും ഇതാകുന്നു. അല്ലാത്തപക്ഷം തൗഹീദ് നിലനിൽക്കുകയില്ല. ഓരോ വസ്തുവും ഓരോ സ്വാധീനഫലവും ദൈവത്തിന്റെ ഇച്ഛക്ക് പുറത്താണെന്ന് സമ്മതിക്കേണ്ടിവരുന്നതുമാണ്. മലക്കുകളുടെ അർഥം അപ്പോൾ ഇതാണ്: മലക്കുകൾ അല്ലാഹുവിന്റെ കല്പനക്കൊത്തു പ്രവർത്തിക്കുന്ന വസ്തുക്കളാകുന്നു. ചുരുക്ക ത്തിൽ ഈ നിയമം അവശ്യവും ഖണ്ഡിതവുമാണെങ്കിൽ ജിബ്രീലിനെയും മീക്കായീലിനെയും എന്തിന് നിഷേധിക്കണം?–'***ചശ്മെ മഅരിഫ***'

വിശുദ്ധ ഖുർആൻ മൂന്ന് വിധത്തിലുള്ള മലക്കുകളെക്കുറിച്ച് പറയുന്നു. ഒന്നാമത്തേത് ഭൗമിക വസ്തുക്കളുടെ കണങ്ങളും ആത്മാവിന്റെ ഗുണങ്ങളുമാണ്. രണ്ടാമതായി ആകാശം, സൂര്യൻ, ചന്ദ്രൻ, ഭൂമിയിലെ മേഘങ്ങൾ എന്നിവ പ്രവർത്തിപ്പിക്കുന്നവ. മൂന്നാമതായി ഇതിനെല്ലാം ഉപരിയായി ശക്തിയായി നിൽക്കുന്ന ജിബ്രീൽ, മിക്കായീൽ എന്നിവർ.....വിശുദ്ധ ഖുർആൻ തുടർച്ചയായി മലക്കുകൾ എന്ന പദം ഉപയോഗിക്കുന്നു. ദൈവത്തിന്റെ വചനം ശ്രവി ക്കുന്ന തെല്ലാം അവന്റെ മലക്കുകളാണ്. അതായത് ലോകത്തിലെ ഓരോ കണവും ദൈവത്തിന്റെ ഒരു മലക്കാണ്. അവ ദൈവത്തിന്റെ ശബ്ദം കേൾക്കുന്നു, അവനെ അനുസരിക്കുകയും ചെയ്യുന്നു. (***നസീമെ ദഅ്വ: ***)

# വിശുദ്ധ ഖുർആന്റെ കല്പനകൾ സമൂഹ നന്മക്ക്



**(26 – 07 – 2013 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂഹിൽ (ലണ്ടൻ) നിർവഹിച്ച ജുമുഅഖുത്വ്ബയുടെ സംഗ്രഹം)**

**പ**റയുക, വരുവിൻ! നിങ്ങളുടെ നാഥൻ നിങ്ങൾക്ക് നിഷിദ്ധമാക്കിയതിനെ നിങ്ങൾക്ക് ഞാൻ പറഞ്ഞു തരാം. അവനോട് യാതൊന്നിനെയും നിങ്ങൾ പങ്കു ചേർക്കരുത്. മാതാപിതാക്കളോട് നന്മപ്രവർത്തിക്കുക. ദാരിദ്ര്യം ഭയന്നു കൊണ്ട് നിങ്ങളുടെ സന്തതികളെ നിങ്ങൾ വധിക്കരുത്. നാമാണ് നിങ്ങൾക്കും അവർക്കും ആഹാരം നൽകുന്നത്. പ്രത്യക്ഷമായതും ഗോപ്യമായതുമായ നീചകൃത്യങ്ങളെ നിങ്ങൾ സമീപിക്കരുത്. അല്ലാഹു വിരോധിച്ച ജീവനെ നിയമാനുസൃതമായിട്ടല്ലാതെ നിങ്ങൾ വധിക്കുകയുമരുത്. അല്ലാഹു ഇതിനെ സംബന്ധിച്ച് നിങ്ങളോട് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ കാര്യം ഗ്രഹിക്കുന്നതിന് വേണ്ടി.

അനാഥർക്ക് കാര്യപ്രാപ്തി എത്തുന്നതു വരെ ഏറ്റവും ഉത്തമമായ വിധത്തിലല്ലാതെ അവരുടെ ധനത്തെ നിങ്ങൾ സമീപിക്കരുത്. നിങ്ങൾ അളവും തൂക്കവും നീതിപൂർവം പൂർത്തിയാക്കുക. ഒരാളെയും അയാളുടെ കഴിവിൽ പെട്ടതിനല്ലാതെ ഞാൻ ഉത്തരവാദിയാക്കുകയില്ല. നിങ്ങൾ സംസാരിക്കുമ്പോൾ (അതുമായി ബന്ധപ്പെട്ട) ആൾ അടുത്ത ബന്ധുവായാൽ പോലും നീതിപൂർവം സംസാരിക്കുക. അല്ലാഹുവിന്റെ കരാറിനെ നിങ്ങൾ പൂർത്തിയാക്കുക. അല്ലാഹു ഇതിനെ സംബന്ധിച്ച് താക്കീതായി അനുശാസിക്കുന്നു. നിങ്ങൾ ഉപദേശം കരസ്ഥമാക്കുന്നതിന് വേണ്ടി

നിങ്ങൾക്ക് ഇതു താക്കീത് നൽകുന്നു. ഇത് തന്നെയാണ് എന്റെ നേരായ മാർഗം. അതിനാൽ നിങ്ങൾ ഇതു പിൻ പറ്റുക. മറ്റു മാർഗങ്ങളെ നിങ്ങൾ പിൻ പറ്റരുത്. അപ്പോൾ അവ നിങ്ങളെ അവന്റെ മാർഗത്തിൽ നിന്ന് തെറ്റിച്ചു ഭിന്നിപ്പിച്ചു കളയും. അവൻ ഇതിനെ സംബന്ധിച്ച് നിങ്ങളോട് അനുശാസിക്കുന്നു. നിങ്ങൾ തഖ്‌വ കൈകൊള്ളുന്നതിന് വേണ്ടി. (6:152,154)

വിശുദ്ധ ഖുർആൻ നൽകുന്ന മാർഗ നിർദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്ന വ്യക്തി അത്യുത്തമമായ ശ്രേഷ്ഠതകൾ കരസ്ഥമാക്കുന്നതാണ്. അവർക്ക് അല്ലാഹുവുമായി ഒരു പ്രത്യേക ബന്ധം സ്ഥാപിക്കപ്പെടുന്നു. വിശുദ്ധ ഖുർആന്റെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ അവർ ചെയ്യുന്ന സദ്പ്രവൃത്തികൾ വിശുദ്ധ ഖുർആനിൽ വിവരിച്ച ഒരു പരിശുദ്ധ വൃക്ഷം പോലെ വളരുകയും പുഷ്പിക്കുകയും കായ്ക്കുകയും ചെയ്യുന്നു. ഒരു പ്രത്യേക രീതിയിലുള്ള മാധുര്യവും രുചിയും അവരിലുണ്ടാകുന്നു.

വിശുദ്ധ ഖുർആനോടുള്ള കടമകൾ നിറവേറ്റിക്കൊണ്ട് വിശുദ്ധ ഖുർആൻ പഠിക്കുകയാണെങ്കിൽ, തുടർന്ന് അതിന്റെ കല്പനകൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ കർമപരമായി മനുഷ്യനിൽ ഒരുമാറ്റം ഉണ്ടായിത്തീരുന്നതാണ്. ഉന്നതമായ സ്വഭാവ ഗുണങ്ങൾ അവരിൽ ഉണ്ടായിത്തീരുന്നതാണ്.

വിശുദ്ധ ഖുർആനനുസരിച്ച് പ്രവർത്തിക്കുന്നവർ മൃഗതുല്ല്യമായ അവസ്ഥയിൽ നിന്ന് കരകയറി സംസ്ക്കാര സമ്പന്നനും ദൈവിക ഗുണങ്ങളോടു കൂടിയ മനുഷ്യനു മായിത്തീരുന്നു. ദൈവിക മനുഷ്യൻ എന്നാൽ അല്ലാഹുവുമായി പ്രത്യേക ബന്ധം സ്ഥാപിക്കുന്ന ആളുകളാണ്. ഇതിന്റെ ഉദാഹരണം വിശുദ്ധ ഖുർആനിൽ അല്ലാഹു ശജറത്തിൽ തയ്യിബത്തിൽ (പരിശുദ്ധ വൃക്ഷം) എന്ന് പറഞ്ഞു കൊണ്ട് നൽകി. അല്ലാഹു പറയുന്നു: **അസ്‌ലുഹാ സാബിത്തുൻ വ ഫറ്ഉഹാ ഫിസ്സമാഇ** അതിന്റെ വേര് സുദൃഢമായി അടിയുറച്ചു നില്ക്കുന്നതാണ്. അതിന്റെ ശിഖരങ്ങൾ ആകാശത്തിന്റെ അനന്തവിഹായസിൽ വിഹരിക്കുകയും ചെയ്യുന്നതാണ്. ഇതിന്റെ വിശദീകരണം ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് ഇങ്ങനെയാണ് നൽകുന്നത്. ഇവിടെ അല്ലാഹു ഒരു കാര്യം വ്യക്തമാക്കുകയാണ് ചെയ്യുന്നത്. വിശ്വാസം എന്ന് പറഞ്ഞാൽ ഇവിടെ ഒരു വിത്ത് പോലെയാണ്. കർമങ്ങൾ ജലസേചനത്തിന് സമാനവും. വൃക്ഷങ്ങളെ വെള്ളമൊഴിച്ച് നനക്കുന്നതു പോലെയാണ് കർമങ്ങൾ. വിശുദ്ധ ഖുർആനിൽ കർഷകന്റെ ഉദാഹരണമാണ് നൽകിയിരിക്കുന്നത്. കർഷകൻ ഭൂമിയിൽ വിത്തു വിതക്കുന്നതു പോലെയാണ് വിശ്വാസം സ്വീകരിക്കുക എന്നത്. അതും വിത്തു വിതക്കുന്നതു പോലെയാണ്. കർഷകർ വെള്ളം കൊണ്ട് ജലസേചനം നടത്തുമ്പോൾ ഇവിടെ കർമങ്ങളാണ് വിത്തിനെ വളർത്തുന്നത്.

ഓർക്കുക കർമങ്ങളില്ലാത്ത വിശ്വാസം നദിയില്ലാത്ത തോട്ടം പോലെയാണ്. വൃക്ഷം നടുകയും എന്നാൽ അത് നനക്കാനുള്ള കാര്യത്തിലേക്ക് ഉടമകൾ ശ്രദ്ധിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ ഒരു നാൾ അത് ഉണങ്ങിപ്പോകുന്നതാണ്. വിശ്വാസത്തിന്റെ അവസ്ഥയും ഇതു പോലെയാണ്. **വല്ലദീന ജാഹദൂ ഫീനാഗ** (ആരാണോ ഈ മാർഗത്തിൽ കഠിനപ്രയത്നം ചെയ്യുന്നത്). നിങ്ങൾ ചെറിയ കർമങ്ങൾ ചെയ്താൽ പോരാ, മറിച്ച് ഈ മാർഗത്തിൽ കഠിനമായ പ്രയത്നം അനിവാര്യമാണ്.

ഞാൻ ഓതിക്കേൾപ്പിച്ച ആയത്തുകളിൽ അല്ലാഹു ചില കല്പനകളിലേക്കാണ് ശ്രദ്ധ ക്ഷണിച്ചിരിക്കുന്നത്. അവയെല്ലാം അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കിത്തരുന്നതും തഖ്‌വയിൽ ചരിപ്പിക്കുന്നതുമാണ്. സൃഷ്ടികളോടുള്ള കടമകളെകുറിച്ചും സ്രഷ്ടാവിനോടുള്ള കടമകളെ കുറിച്ചും വഴികാട്ടുന്നതാണ്. ഞാൻ അതിന്റെ അർഥം കേൾപ്പിച്ചതിൽനിന്നും അതിൽ പറഞ്ഞ കല്പനകൾ എന്തെല്ലാമാണെന്ന് എല്ലാവർക്കും മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഓർമക്കായി ഒന്നു കൂടി പറയാം.

ഇതിൽ ഒന്നാമത്തെ കാര്യം അല്ലാഹുവിനോടൊപ്പം ഒന്നിനേയും പങ്കുചേർക്കരുതെന്നാണ്. രണ്ടാമതായി മാതാപിതാക്കളോട് നന്മ പ്രവൃത്തിക്കുക എന്നതും വളരെ സുപ്രധാനമായ പ്രവൃത്തിയാണ്. ഇത് ഒരിക്കലും മറന്നുകളയരുത്. അവരോട് മോശമായി പെരുമാറുക എന്നത് നിങ്ങൾക്ക് ഹറാമാണ്. മൂന്നാമത്തെ കാര്യം പറഞ്ഞത് ദാരിദ്ര്യം ഭയന്ന് നിങ്ങളുടെ മക്കളെ കൊല്ലരുതെന്നാണ്. ഗോപ്യവും പ്രത്യക്ഷവുമായ നാനാതരം ലജ്ജാകരമായ പ്രവൃത്തികളിൽ നിന്നും വിട്ടു നിൽക്കുക. അതിന്റെ സമീപത്തു പോലും പോകരുതെന്ന് നിർദേശിക്കുന്നു. അഞ്ചാമത്തെ കാര്യം ഒരു ജീവനെയും കൊല്ലരുത്. അല്ലാഹു വധിക്കാൻ അനുവദിച്ചതൊഴികെ. എങ്ങനെയാണ് അനുവാദമുള്ളത് എന്നും മറ്റുമുള്ള വിശദീകരണം വേറെയുണ്ട്. അടുത്തതായി പറയുന്നത് യത്തീമുകളുടെ ധനത്തെ സമീപിക്കരുതെന്നാണ്. ഏഴാമത്തെ കാര്യം അവർ പ്രായപൂർത്തി എത്തിക്കഴിഞ്ഞാൽ അവരുടെ സമ്പത്ത് അവരെ തിരിച്ചേൽപ്പിക്കുക. ഒരു വിധ ഒഴിവു കഴിവും പറഞ്ഞ് ഇതിൽ നിന്ന് അകന്നു നിൽക്കരുത്. എട്ടാമത്തെ കാര്യം അളവിലും തൂക്കത്തിലും നീതി പാലിക്കുക. ഏതവസ്ഥയിലും നീതി നടപ്പിൽ വരുത്തുക. ബന്ധമോ കുടുംബമോ സൗഹൃദമോ നീതി നടപ്പിൽ വരുത്തുന്നതിന് തടസ്സമായി നിൽക്കരുത്. പത്താമത്തെ കാര്യം നിങ്ങളുടെ കരാറുകളെ പാലിക്കുക. നിങ്ങൾ ചെയ്ത പ്രതിജ്ഞകളും കരാറുകളും നിറവേറ്റുക. ഏതവസ്ഥയിലും നേരായ പാതയിൽ നിലനിൽക്കാനായി പരിശ്രമിച്ചു കൊണ്ടിരിക്കുക.

ഇതാണ് ഇതിൽ അടങ്ങിയ സുപ്രധാന കാര്യങ്ങൾ. അതിന്റെ അനുബന്ധങ്ങളും പറയുന്നുണ്ട്. ഈ കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുമ്പോഴാണ് തഖ്‌വയുടെ മാർഗം അവലംബിക്കുന്നവരെന്നും അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവരെന്നും പറയാൻ സാധിക്കുക.

അല്ലാഹു ഇവിടെ ശ്രദ്ധക്ഷണിച്ച ആദ്യത്തെ കാര്യത്തെ കുറിച്ച് പറഞ്ഞത് ഇങ്ങനെയുള്ള കാര്യങ്ങൾ നിങ്ങളിൽ നിന്ന് ഒരിക്കലും ഉണ്ടാകാൻ പാടില്ല എന്നാണ്. അത് അല്ലാഹുവിനോടൊപ്പം ഒന്നിനെയും പങ്കുചേർക്കാൻ പാടില്ല എന്നതാണ്. നിങ്ങളുടെ നാഥനായ ആ അസ്തിത്വത്തിനോടൊപ്പം ഒന്നിനെയും പങ്കു ചേർക്കാൻ പാടില്ല. അവനാണ് നിങ്ങളുടെ സ്രഷ്ടാവ്. നിങ്ങളുടെ ഭൗതികവും ആത്മീയവും ശാരീരികവും പ്രകൃതിപരവുമായ എല്ലാ കഴിവുകളെയും പരിപാലിക്കുന്നവനാണവൻ. എല്ലാ അനുഗ്രഹങ്ങളും നൽകുന്നവനാണ്. അതിനാൽ ഇത്രമാത്രം കഴിവുകളുള്ള അല്ലാഹു വിനോടൊപ്പം, എല്ലാ അനുഗ്രഹങ്ങളും നൽകുന്ന അല്ലാഹുവിനോടൊപ്പം ആരെയെങ്കിലും ബുദ്ധിയുള്ള ആരെങ്കിലും പങ്കുചേർക്കുമോ? എന്നാൽ ഇതൊന്നും മനസ്സിലാക്കാതെ ജനങ്ങൾ പങ്കാളികളെ ആക്കുന്നു. ശിർക്കിന്റെ അർഥമെന്താണെന്ന് ഗഹനമായി അവർ മനസ്സിലാക്കുന്നില്ല. ഇത്രയും മഹത്തവാനായ അല്ലാഹുവിനോടൊപ്പം മറ്റു ദൈവങ്ങളെയും അവർ സങ്കൽപ്പിക്കുന്നു. എന്നാൽ എല്ലാ കാലത്തും ജനങ്ങൾ ദൈവത്തിന്

പങ്കാളികളെ നിശ്ചയിക്കുന്നു. അതു കൊണ്ടാണ് പ്രവാചകൻ വരുമ്പോൾ ആദ്യമായി ശിർക്കിന്റെ അദ്ധ്യാപനങ്ങൾക്കെതിരെ പോരാടുന്നത്. അല്ലാഹുവുമായി ബന്ധം സ്ഥാപിക്കുക എന്നവർ ലോകരോട് പറയുന്നു.

ശിർക്ക് എന്ന പാപത്തെക്കുറിച്ച് അല്ലാഹു പറഞ്ഞത് അത് ഞാൻ പൊറുത്തു തരികയില്ല എന്നാണ്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരു സ്ഥലത്ത് പറയുന്നു: എല്ലാ പാപവും തന്നെ പൊറുക്കപ്പെടാവുന്നതാണ്. എന്നാൽ അല്ലാഹുവിനെ കൂടാതെ മറ്റൊരു ആരാധ്യനും കാര്യ നിർവാഹകനും ഉണ്ടെന്ന് കരുതുന്നത് ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാകുന്നു. **ഇന്ന ശ്ശിർക ല ളുൽമുൻ അളീം. ലാ യുഗ്ഫറ അൻ യുശ്രിക ബിഹി** (ശിർക്ക് എന്നത് കഠിനമായ അക്രമമാണ്. അവനോടൊപ്പം പങ്ക് ചേർക്കുന്നതിനെ അവർ പൊറുത്ത് തരുന്നതല്ല.) ഇവിടെ ശിർക്ക് എന്നതു കൊണ്ട് കല്ലുകളെയും മറ്റും പൂജിക്കുക എന്നതു മാത്രമല്ല ഉദ്ദേശ്യം. ഭൗതിക വസ്തുക്കളെ ആരാധിക്കുക എന്നതും ഒരുതരം ശിർക്ക് തന്നെയാണ്. അതോടൊപ്പം ഭൗതിക കാര്യങ്ങളിൽ മാത്രം പൂർണമായും ആശ്രയിക്കുക എന്നതും ശിർക്കാണ്. ലോകത്ത് പല വസ്തുക്കളിൽ നിന്നും മനുഷ്യൻ ഫലമെടുക്കുന്നു. അതിലേക്ക് നമ്മുടെ ശ്രദ്ധ പൂർണമായും തിരിയുന്നു. ഇതിന്റെ പേരാണ് ശിർക്ക് എന്നത്. സാധാരണ പാപങ്ങൾക്കുള്ള ഉദാഹരണം ഹുക്ക പോലെയാണ്. അത് ഉപേക്ഷിച്ചാലും അതുപയോഗിക്കുന്നവർക്ക് വലിയ പ്രയാസമൊന്നും ഉണ്ടാകാനില്ല. അതത്ര പ്രയാസമുള്ള കാര്യമായി കരുതുകയില്ല. എന്നാൽ ശിർക്ക് എന്ന പാപം അഫീമിനെ പോലെ യാണ്. അത് ഉപേക്ഷിക്കൽ അസാധ്യമായിത്തീരുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇതിന്റെ ഉള്ളറയിലേക്ക് ചെന്നു കൊണ്ട് മറ്റൊരു സ്ഥലത്ത് പറയുന്നു: ശിർക്ക് മൂന്ന് വിധത്തിലുണ്ട്. ഒന്ന് പൊതുവിൽ കാണുന്ന ബിംബാരാധന, വൃക്ഷാരാധന മുതലായവ. ചിലർ വൃക്ഷങ്ങളെയും പൂജിക്കുന്നു. ഇത് പൊതുവിൽ എല്ലാവർക്കും അറിയാവുന്ന ശിർക്കാണ്.

ശിർക്കിന്റെ രണ്ടാമത്തെ വിധം ഭൗതിക വസ്തുക്കളിൽ അമിതമായ ആശ്രയം കണ്ടെത്തുക എന്നതാണ്. ഇന്ന പ്രവൃത്തി നടന്നിട്ടില്ലായിരുന്നുവെങ്കിൽ ഞാൻ നശിച്ചു പോയേനെ എന്ന ധാരണ. ഇതും ശിർക്കാണ്.

ശിർക്കിന്റെ മൂന്നാമത്തെ വിധം അല്ലാഹുവിന്റെ അസ്തിത്വത്തോടൊപ്പം തന്റെ അസ്തിത്വം എന്തോ ഒന്നാണെന്ന് കരുതുക. അതായത് തനിക്കും ചിലതൊക്കെ ചെയ്യാൻ കഴിയുമെന്ന ധാരണ.

അല്ലാഹു പറയുന്നത് നിങ്ങൾക്ക് സ്വയം ഒന്നും ചെയ്യാൻ കഴിയില്ലെന്നാണ്. ഒരു വിശ്വാസി തന്റെ ഏതു പ്രവൃത്തിയും ചെയ്യാൻ ഉദ്ദേശിക്കുമ്പോഴും ഇൻശാ അല്ലാഹ് എന്ന് പറയുന്നു.

ആദ്യതരം ശിർക്കിൽ ഈ ആധുനിക യുഗത്തിൽ ബുദ്ധിയുള്ള ആരും ഉൾപ്പെട്ടിട്ടില്ല എന്ന് പറയാം. (മരങ്ങളെയും മറ്റും പൂജിക്കുക എന്നതിൽ). എന്നാൽ ഈ ഭൗതിക മുന്നേറ്റത്തിന്റെ കാലത്ത് ഭൗതിക വസ്തുക്കളെ പൂർണമായി ആശ്രയിക്കുക എന്ന ശിർക്കിൽ പലരും അകപ്പെട്ടിരിക്കുകയാണ്. ഭൗതിക വസ്തുക്കളിലും, ജനങ്ങളിലും, മാർഗങ്ങളിലും, സമ്പത്തിലും ആശ്രയിക്കുക എന്നത് ഇക്കാലത്ത് വളരെ കൂടിയിരിക്കുന്നു. ഭൗതിക വസ്തുക്കൾ എന്ന് പറയുമ്പോൾ അതിൽ മനുഷ്യരും പെടുന്നതാണ്. മനുഷ്യരെയും ധനത്തെയും സാധനങ്ങളെയും ആശ്രയിക്കുന്നു. ജോലിചെയ്യുന്ന സ്ഥലങ്ങളിലെ ഉടമസ്ഥരേയും മേധാവികളേയും പൂർണമായും ആശ്രയിക്കുന്നു.

"ജനങ്ങളെ! നിങ്ങളെ സൃഷ്ടിച്ച ആ ദൈവത്തെ നിങ്ങൾ ആരാധിക്കുക. നിങ്ങളുടെ പ്രവർത്തനങ്ങളുടെയെല്ലാം കാര്യനിർ വാഹകനായി അവനെ മനസ്സിലാക്കുക." നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും പൂർണതയിൽ എത്തിക്കുന്നവൻ, അതിൽ വിജയം നൽകുന്നവൻ, അല്ലാഹു മാത്രമാണ്. "നിങ്ങൾ അവനിൽ പൂർണമായും വിശ്വാസമർപ്പിക്കുക"

പറയുന്നു: "ജനങ്ങളെ! നിങ്ങളെ സൃഷ്ടിച്ചവനെ നിങ്ങൾ ആരാധിക്കുക. എപ്പോഴും സജീവനായിട്ടുള്ളവൻ അവനാണ്. അവനെ സ്നേഹിക്കുക. ലോകത്തുള്ള മറ്റു പൊയ് ദൈവങ്ങൾ ഇല്ലാതായിത്തീരും. സജീവനായിട്ടുള്ള അസ്തിത്വം അല്ലാഹുവിന്റേതു മാത്രമണ്. അതു കൊണ്ട് അവനെ മാത്രം സ്നേഹിക്കുക."

"ഇങ്ങനെയുള്ള അല്ലാഹുവിനോട് പ്രത്യേകബന്ധം സ്ഥാപിക്കുക എന്നതാണ് വിശ്വാസത്തിന്റെ അവസ്ഥ. അവനല്ലാത്ത മറ്റെല്ലാം തന്നെ ഒന്നുമല്ലെന്ന് കരുതുക. ആരാണോ മക്കളെയോ മാതാപിതാക്കളെയോ മറ്റു വല്ലതിനെയോ വളരെ പ്രിയപ്പെട്ടതായി കരുതുകയും എപ്പോഴും അവരെ കുറിച്ച് മാത്രം ചിന്താകുലരായിത്തീരുകയും ചെയ്യുന്നത് അതും ഒരു തരത്തിലുള്ള ബിംബാരാധന തന്നെയാണ്." ഹിന്ദുക്കളെ പോലെ ബിംബങ്ങളെ കൊണ്ട് വന്ന് അതിനു മുമ്പിൽ ചടഞ്ഞിരിക്കുന്നത് മാത്രമല്ല ബിംബാരാധന. അവർ എന്നിട്ട് അവയുടെ മുമ്പിൽ സാഷ്ടാഗം പ്രണമിക്കുകയും ചെയ്യുന്നു. അതിരുകവിഞ്ഞ രീതിയിലുള്ള സ്നേഹവും ഒരു തരം ആരാധനയാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ആരാധനയുടെ യാഥാർഥ്യമെന്തെന്ന് വിവരിച്ചു കൊണ്ട് പറയുന്നു: "മനുഷ്യ സൃഷ്ടിപ്പിന്റെ ലക്ഷ്യം തന്നെ ആരാധനയാണ്. ഇബാദത്ത് എന്ന് പറഞ്ഞാൽ മനുഷ്യൻ നാനാതരം വക്രതയും ഹൃദയകാഠിന്യവും എല്ലാം ഒഴിവാക്കി ഹൃദയമാകുന്ന ഭൂമിയെ പരിപൂർണമായും വൃത്തിയാക്കിത്തീർക്കുക എന്നതാണ്. ഏതു പോലെ കർഷകൻ കൃഷിയിടത്തെ വൃത്തിയാക്കുന്നുവോ അതേ പോലെ. അറബികൾ

മൗറുൻ മുഅബ്ബദുൻ എന്ന് പറയും. സുറുമ പൊടിച്ച് വളരെ ലോല മാക്കുകയും അത് കണ്ണിലിടാൻ പാകപ്പെടുത്തുകയും ചെയ്യുന്നു. ഇതു പോലെ ഹൃദയമാകുന്ന ഭൂമിയിൽ ഒരു തരത്തിലുള്ള കല്ലും പാറകഷ്ണങ്ങളും കുണ്ടും കുഴി യും ഒന്നും ഇല്ലാതായിത്തീരു കയും അത് പൂർണമായും വൃത്തി യുള്ളതായിത്തീരുകയും ആത്മാവ് മാത്രമായി അവശേഷിക്കുകയും ചെയ്യുന്നതിനാണ് ഇബാദത്ത് (ആ രാധന) എന്ന് പറയുന്നത്. ഈ ഒരു വൃത്തിയും ശരിപ്പെടുത്തലും കണ്ണാ ടിയുടെ മേൽ നാം ചെയ്യുമ്പോൾ അതിൽ നമ്മുടെ രൂപം കാണാൻ തുടങ്ങുന്നു. നിലം ഈ രീതിയിൽ വൃത്തിയാക്കുകയാണെങ്കിൽ അതിൽ വിവിധങ്ങളായ പഴവർ ഗങ്ങൾ ഉണ്ടാകുന്നു. അതിനാൽ ഇബാദത്തിന് (ആരാധനക്ക്)വേണ്ടി സൃഷ്ടിക്കപ്പെട്ട മനുഷ്യൻ തന്റെ ഹൃദയം ശുദ്ധമാക്കുകയും അതിൽ ഒരു തരത്തിലുള്ള വക്രതയും അസന്തുലിതവും കല്ലും പാറ കഷ് ണങ്ങളും ഒന്നും ഇല്ലാതായിത്തീരു കയും ചെയ്താൽ അതിൽ ദൈവത്തെ കാണാൻ സാധിക്കു ന്നതാണ്."

ഞാൻ വീണ്ടും പറയാൻ ആഗ്ര ഹിക്കുന്നു; അല്ലാഹുവിനോടുള്ള സ്നേഹം ആ ഹൃദയത്തിൽ വളർന്ന് പന്തലിക്കുന്നതാണ്. ഹൃദയം ശുദ്ധ മാക്കുകയും അല്ലാഹുവിന് വേണ്ടി സർവതും ചെയ്യാൻ തുടങ്ങുകയും ചെയ്താൽ, അവനെ എല്ലാമായി മനസ്സിലാക്കുകയും അവനിൽ പൂർ ണമായും ആശ്രയിക്കുകയും ചെയ് താൽ അതിൽ അല്ലാഹുവിനെ കാണാൻ സാധിക്കുന്നതാണ്. അതിൽ അല്ലാഹുവിന്റെ സ്നേഹ ത്തിന്റെ വൃക്ഷം വളർന്നു വലു താകുന്നതാണ്. അതിൽ മാധുര്യ മുള്ള നല്ല ഫലങ്ങൾ കായ്ക്കുന്ന താണ്. **ഉകുലുഹാ ദാഇമുൻ** (അതി ന്റെ ഫലം അത് എപ്പോഴും നൽകി ക്കൊണ്ടിരിക്കും.) എന്നതിന് അനു സരിച്ചായിരിക്കും അത് ഉണ്ടാകുക."

മറ്റൊരു സ്ഥലത്ത് ഇപ്രകാരം വിശദീകരിക്കുന്നു: "അല്ലാഹു വിന്റെ മുമ്പിൽ പൂർണ ഹൃദയ സാന്നിധ്യത്തോടു കൂടി നിൽക്കു ന്നത് വ്യക്തിപരമായി അവനോടു ള്ള സ്നേഹമില്ലാതെ സാധ്യമല്ല" അല്ലാഹുവിന്റെ മുമ്പിൽ ഒരു പ്രത്യേക അവസ്ഥയിൽ വിനയ ത്തോടും താഴ്മയോടും കൂടി ഒരു മനുഷ്യന് നില്ക്കാൻ സാധിക്കു ന്നത് അല്ലാഹുവുമായി അവന് വ്യക്തിപരമായ ഒരു ബന്ധവും സ്നേഹവും ഉണ്ടായിത്തീരുമ്പോ ഴാണ്. അല്ലാതെ അത് സാധ്യമാകു ന്നതല്ല. "സ്നേഹം കൊണ്ടുദ്ദേശി ക്കുന്നത് ഏകപക്ഷീയമായ സ്നേ ഹമല്ല. ഇവിടെ സ്രഷ്ടാവിന്റെയും സൃഷ്ടിയുടെയും രണ്ടു സ്നേ ഹവും ആണ് ഉദ്ദേശിക്കുന്നത്". മനുഷ്യൻ സ്നേഹിക്കുമ്പോൾ അല്ലാഹുവിൽ നിന്ന് സ്നേഹത്തി നുള്ള മറുപടി ലഭിക്കുന്നു. മരി ക്കുന്ന വ്യക്തിയിൽ വീഴുന്ന മിന്നലിന്റെ തീ പോലെ അപ്പോൾ ആ വ്യക്തിയുടെ ഉള്ളിൽ നിന്ന് ഒരു തീ പുറപ്പെടുന്നു. ഇതേപോലെ ഈ അഗ്നിയും മനുഷ്യനിൽ പതിച്ച് മാനുഷികമായ വൈകല്യങ്ങളെ കത്തിച്ച് ചാമ്പലാക്കിക്കളയുന്നു. രണ്ടു സ്നേഹവും ഒരുമിച്ച് ചേർന്ന് കൊണ്ട് ആത്മീയ ആസ്തിത്വത്തിൽ സ്വാധീനം ചെലുത്തുകയും ചെയ്യു ന്നു.

അല്ലാഹുവിനെ ആരാധിക്കുന്ന തിനായി നാം എത്തിച്ചേരേണ്ട സ്ഥാനമാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇവിടെ വിവരി ച്ചിരിക്കുന്നത്. ഈ ഒരു സ്ഥാനം കരസ്ഥമാക്കിക്കഴിഞ്ഞാൽ അല്ലാ ഹുവിന്റെ സ്നേഹം മറ്റെല്ലാ സ്നേ ഹത്തെയും കീഴ്പ്പെടുത്തുമ്പോൾ, എല്ലാ തരം ശിർക്കിൽ നിന്നും മനു ഷ്യൻ സ്വതന്ത്രനായിത്തീരുന്നു.

അല്ലാഹു നൽകിയിരിക്കുന്ന രണ്ടാമത്തെ കല്പന മാതാപിതാക്ക ളോട് നന്മ പ്രവർത്തിക്കുക എന്ന താണ്. ഇവിടെ പറഞ്ഞിരിക്കുന്ന ക്രമം തന്നെ മനുഷ്യ ജീവിത ത്തിലെ പ്രകൃതിപരമായ ക്രമമാണ്. അല്ലാഹുവിന്റെ അസ്തിത്വത്തിന് ശേഷം ഈ ലോകത്ത് മാതാപിതാ ക്കളാണ് കുട്ടികളുടെ പരിപാല നത്തെ കുറിച്ചും മറ്റുകാര്യങ്ങളെ കുറിച്ചും ശ്രദ്ധിക്കുന്നത്. ദരിദ്രരായ മാതാപിതാക്കൾ പോലും തങ്ങളുടെ വൃത്തത്തിൽ അവരുടെ മക്കളെ നല്ല നിലയിൽ വളർത്താൻ ശ്രമിച്ചു വരുന്നു. അതിനായി പൊതുവിൽ അവർ പല തരം ത്യാഗങ്ങളും ചെയ്യുന്നു. പറയുന്നു, നിങ്ങൾ മാതാപിതാക്കളോട് നന്മ പ്രവർത്തി ക്കുക. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു.

തന്നെയല്ലാതെ മറ്റാരെയും നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ നാഥൻ ശക്തമായ ആജ്ഞ നല്കി യിരിക്കുന്നു. മാതാപിതാക്കളോട് നല്ല രീതിയിൽ പെരുമാറണമെന്നും അവർ രണ്ടുപേരിൽ ഒരാളോ അല്ലെങ്കിൽ രണ്ടു പേരുമോ നിന്റെ യടുക്കൽ (നിന്റെ ജീവിത കാലത്ത്) വാർദ്ധക്യം പ്രാപിക്കുകയാണെ ങ്കിൽ നീ അവരോട് (അനിഷ്ടം പ്രകടിപ്പിച്ചു കൊണ്ട്) 'ഛേ' എന്ന് പോലും പറഞ്ഞു പോകരുത്. നീ അവർ രണ്ടുപേരോടും കയർത്ത് സംസാരിക്കുകയും അരുത്. അവർ രണ്ടു പേരോടും മാന്യമായ വാക്കു പറയുക. (17:24)

ചിലപ്പോൾ വിദ്യാഭ്യാസമുള്ള, കാര്യങ്ങൾ ഗ്രഹിക്കാൻ കഴിവുള്ള മക്കളുടെ മാതാപിതാക്കളിൽ നിന്ന് പരാതികൾ വരാറുണ്ട്. അജ്ഞരായ കുട്ടികളുടെ മാതാപിതാക്കളിൽ നിന്നല്ല എന്നോർക്കണം. കുട്ടികൾ മോശമാണെന്നും അവർ തങ്ങളുടെ അവകാശങ്ങൾ നൽകുന്നില്ലെന്ന് മാത്രമല്ല മറിച്ച് അക്രമം പ്രവർ ത്തിക്കുന്നു എന്ന്. ചില സഹോദ രിമാർ തങ്ങളുടെ സഹോദരന്മാരെ കുറിച്ച് അവർ മാതാപിതാക്കളെ മർദിക്കുക പോലും ചെയ്യുന്നെന്ന് പരാതിപ്പെടാറുണ്ട്. പൊതുവിൽ സ്വത്ത് പ്രശ്നം വരുമ്പോഴാണ് മാതാപിതാക്കളോട് വളരെ അപമ ര്യാദയായി പെരുമാറുന്നതായി കണ്ടുവരുന്നത്. മാതാപിതാക്കളുടെ ജീവിതത്തിൽ തന്നെ കുട്ടികൾക്ക് സ്വത്തിന്റെ കാര്യത്തിലേക്ക് ശ്രദ്ധ യുണ്ടാകുമ്പോൾ മുതൽ ഈ അപമര്യാദയായ പെരുമാറ്റം തുട ങ്ങുന്നു. മക്കൾക്ക് മാതാപിതാക്കൾ

സ്വത്ത് വിഹിതം വെച്ച് നൽകുമ്പോൾ അവരോട് പലവിധത്തിലുള്ള ക്രൂരതകളും ചെയ്യുന്നു. സ്വത്തിന്റെ ഉടമസ്ഥരായ മാതാപിതാക്കൾ പിന്നീട് ഒന്നും ഇല്ലാത്ത അവസ്ഥയിൽ പുറം തള്ളപ്പെടുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ഉദാഹരണങ്ങൾ നമ്മുടെ അടുത്തും കാണാം. ഈ നാട്ടിൽ സ്വാതന്ത്ര്യത്തിന്റെ പേരിൽ യുവത്വത്തിലേക്ക് കാലെടുത്ത് വെക്കുന്ന കുട്ടികൾ അപമര്യാദയിൽ മുന്നേറികൊണ്ടിരിക്കുകയാണ്. മാതാ പിതാക്കളെ ആദരിക്കാൻ ഇവിടെയുള്ള വിദ്യാഭ്യാസം ഇവരെ പഠിപ്പിക്കുന്നില്ല. കാരണം കുട്ടികൾ ഒരു പ്രായം കഴിഞ്ഞാൽ സ്വതന്ത്രരാണെന്നാണ് ഇവിടെ പറയുന്നത്. ഇവിടെ കുട്ടികൾക്ക് നൽകപ്പെടുന്ന ഈ സ്വാതന്ത്ര്യം മുതിർന്നവരെ പരിഗണിക്കാൻ അധ്യാപനം നൽകാത്തതാണ്, മാതാപിതാക്കളുടെ അഭിമാനം സംരക്ഷിക്കാത്തതാണ്. ഇത് യഥാർഥത്തിൽ ശരിയായ വിദ്യാഭ്യാസമോ പുരോഗമന ചിന്താഗതിയോ അല്ല. മറിച്ച് അജ്ഞതയാണ്. ഇസ്‌ലാം നൽകുന്ന പാഠം മനോഹരമാണ്. അത് പഠിപ്പിക്കുന്നത് മാതാപിതാക്കളോട് നന്മ ചെയ്യുക എന്നും അവരെ ആദരിക്കുക എന്നും വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ട് 'ഛേ' എന്നു പോലും പറയരുത് എന്നുമാണ്. ഇത് മാതാപിതാക്കളെ ആദരിക്കാൻ പഠിപ്പിക്കുന്നു. മാതാപിതാക്കൾ ചെയ്ത ഉപകാരത്തിന് പ്രത്യുപകാരം ചെയ്യാൻ പഠിപ്പിക്കുന്നു. പ്രത്യുപകാരം എന്ന് പറഞ്ഞാൽ ഏറ്റവും ഉത്തമമായ രീതിയിൽ അവരോട് പെരുമാറുക എന്നതാണ്. അതല്ലാതെ തിരുനബി (സ) പറഞ്ഞതു പോലെ മാതാപിതാക്കൾ ചെയ്ത ഉപകാരത്തിന് പൂർണമായ പ്രത്യുപകാരം നിങ്ങൾക്ക് ചെയ്യാനേ സാധ്യമല്ല. മാതാപിതാക്കളുടെ ഉപകാരത്തിന് പകരം നൽകാൻ കുട്ടികളെ അല്ലാഹു പഠിപ്പിക്കുന്നത് നിങ്ങൾ മാതാപിതാക്കൾക്കായി ഇപ്രകാരം പ്രാർഥിക്കുക. ഞങ്ങളുടെ നാഥാ ഇവർ എന്നോട് ചെറു പ്രായത്തിൽ കരുണചെയ്തതു പോലെ ഇവരിലും നീ കരുണ ചൊരിയേണമേ. എന്നോട് കരുണ ചെയ്തുകൊണ്ട് അവർ എന്നെ പോറ്റി വളർത്തുകയുണ്ടായി.

ഈ ഒരു അത്യുന്നതമായ അധ്യാപനമാണ് മാതാപിതാക്കളെ കുറിച്ച് കുട്ടികൾക്ക് ഇസ്‌ലാം നൽകുന്നത്. ഒരു മുസ്‌ലിം തന്റെ മാതാപിതാക്കൾക്കായി സ്വീകരിക്കേണ്ട ഉന്നത ധാർമിക ഗുണമാണിത്. ഈ പ്രാർഥന ഈ ജീവിതത്തിൽ മാത്രം ഫലം നൽകുന്നതല്ല. മറിച്ച് മാതാപിതാക്കളുടെ മരണശേഷവും അവരുടെ ആത്മീയ ഉന്നമനത്തിന് ഇത് കാരണമായിത്തീരുന്നതാണ്. ഈ ജീവിതത്തിൽ നാം ഇപ്രകാരം പ്രാർഥിക്കുന്നു. ഞങ്ങളിൽ നിന്ന് വന്ന കുറവ് അല്ലാഹുവേ നീ നികത്തേണമേ, നിന്റെ പ്രത്യേക കാരുണ്യത്തിൽ നീ അവരെ വെക്കേണമേ. ഈ കാരുണ്യത്തിന്റെ ശൃംഖല അല്ലാഹുവേ പരലോകത്തും നീ തുടർന്നുകൊണ്ട് പോകേണമേ. അവരുടെ പദവികൾ അല്ലാഹുവേ! നീ ഉയർത്തേണമേ.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: മറ്റൊരാളെയും ആരാധിക്കരുതെന്ന് ദൈവം ആഗ്രഹിക്കുന്നു. മാതാപിതാക്കളോട് നിങ്ങൾ നന്മചെയ്യുക. അല്ലാഹുവിനെ ആരാധിക്കാനും മാതാപിതാക്കളോട് നന്മ ചെയ്യാനും അല്ലാഹു കല്പിക്കുന്നു. ഒരു കുട്ടിക്ക് ചെറുപ്പത്തിൽ ഒന്നിനും കഴിയാത്ത അവസ്ഥയിൽ അവനെ പരിപാലിക്കുന്നത് മാതാവാണ്. ആ സമയത്ത് മാതാവിന്റെ ശ്രമത്തിന് പിതാവ് എല്ലാവിധ സഹായവും ചെയ്യുന്നു. അല്ലാഹു തന്റെ ഫള്ല് കാരണം അപൂർണമായ തന്റെ സൃഷ്ടിയുടെ പരിപൂർണതക്ക് രണ്ട് അവസ്ഥകളാണ് വെച്ചിട്ടുള്ളത്. തന്റെ സ്നേഹത്തിന്റെ ഒരംശം അവരിൽ അവൻ ഇട്ടിരിക്കുന്നു. എന്നാൽ മാതാപിതാക്കളുടെ സ്നേഹം താത്കാലികമാണെന്ന് മനസ്സിലാക്കണം. അല്ലാഹുവിന്റെ സ്നേഹം സ്ഥായിയായിട്ടുള്ളതാണ്. ഹൃദയത്തിൽ അല്ലാഹു ഇത് ഇടുന്നില്ലെങ്കിൽ ആർക്കും തന്നെ സുഹൃത്തായാലും തുല്ല്യപദവിയിലുള്ളവരായാലും ഭരണാധികാരിയായാലും സ്നേഹിക്കാൻ അവർക്ക് സാധ്യമല്ല. മാതാപിതാക്കൾ മക്കളുടെ പരിപാലനത്തിനായി എന്ത് കഷ്ടതകളും സഹിച്ച് അവരെ സ്നേഹിക്കുക എന്നത് അല്ലാഹുവിന്റെ പരിപാലന കർതൃത്വത്തിന്റെ ഒരു ഭാഗമാണ്. എത്രമാത്രമെന്നാൽ അവരുടെ ജീവൻ നിലനിൽക്കുന്നതിനായി മാതാപിതാക്കൾ മരിക്കാൻ പോലും തയ്യാറാകുന്നു.

പറയുന്നു: മാതാപിതാക്കളോട് അപമര്യാദയായി സംസാരിക്കരുത്. അവരോട് അനാദരവ് കാണിക്കുന്ന രീതിയിൽ പെരുമാററുത്. ഈ ആയത്തിന്റെ സംബോധിതൻ തിരുനബി (സ) ആണ്. എന്നാൽ ഇതിന്റെ ഉദ്ദേശ്യം മുസ്‌ലിം സമൂഹമാണ്. തിരുനബി (സ) യെയാണ് സംബോധന ചെയ്തതെങ്കിലും ഉദ്ദേശ്യം സമൂഹമാണ്. കാരണം തിരുനബി (സ) യുടെ മാതാപിതാക്കൾ ചെറു പ്രായത്തിൽ തന്നെ മരണപ്പെട്ടിരുന്നു. ഈ കല്പനയിൽ ഒരു രഹസ്യം കൂടി അടങ്ങിയിരിക്കുന്നുണ്ട്. ഈ ആയത്തിൽ നിന്ന് ഒരു ബുദ്ധിമാനായ വ്യക്തിക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു കാര്യം, തിരുനബി (സ) യോട് അല്ലാഹു തിരുനബി(സ) യുടെ മാതാപിതാക്കളെ ആദരിക്കാൻ കല്പിക്കുമ്പോൾ,അവരോട് സംസാരിക്കുമ്പോൾ അവരുടെ പ്രായത്തേയും സ്ഥാനത്തേയും നീ വിലമതിക്കണം എന്ന് പറയുമ്പോൾ, മറ്റുള്ളവർ തങ്ങളുടെ മാതാപിതാക്കളെ എന്തുമാത്രം ആദരിക്കേണ്ടിയിരിക്കുന്നു. ഈ വചനവും ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്.

“നിന്റെ നാഥൻ കല്പിക്കുന്നത് നീ അവനെ മാത്രം ആരാധിക്കണമെന്നും മാതാപിതാക്കളോട് നന്മ പ്രവർത്തിക്കണമെന്നുമാണ്.” ബിംബങ്ങളെ പൂജിക്കുന്നവരോട് ഇവിടെ പറയുന്നത് ബിംബങ്ങൾ ഒന്നും തന്നെയല്ല എന്നാണ്. കാരണം ബിംബങ്ങൾ നിങ്ങൾക്ക് ഒരുപകാരവും ചെയ്തിട്ടില്ല.

നിങ്ങളെ സൃഷ്ടിച്ചിട്ടില്ല. അല്ലാഹുവിനോടൊപ്പം മറ്റുവല്ലവരേയും ആരാധിക്കാൻ അവൻ കല്പിക്കാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ മാതാപിതാക്കളെ ആരാധിക്കാൻ അവൻ കല്പിക്കുമായിരുന്നേനെ. കാരണം അവരും ആലങ്കാരിക അർഥത്തിൽ റബ്ബാണ്. പരിപാലകരാണ്. എത്രത്തോളമെന്നാൽ പക്ഷിമൃഗാദികൾ പോലും തന്റെ കുഞ്ഞുങ്ങളെ നഷ്ടപ്പെടുന്നതിൽ നിന്നും സംരക്ഷിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ പരിപാലനത്തിന് ശേഷം ഇവരുടെയും ഒരു പരിപാലന കർതൃത്വമുണ്ട്. ഈ പരിപാലന കർതൃത്വത്തിനുള്ള വികാരവും അല്ലാഹുവിൽ നിന്നാണ് അവർക്ക് ലഭിച്ചത്. കുട്ടികളെ പരിപാലിക്കാനും അവനെ പോറ്റി വളർത്താനുമുള്ള വികാരവും അല്ലാഹുവിൽ നിന്നാണ് ലഭിക്കുന്നത്.

ചുരുക്കത്തിൽ മാതാപിതാക്കളുടെ സ്ഥാനമാണിത്. ഇതെപ്പോഴും നാം നമ്മുടെ മുമ്പിൽ വെക്കേണ്ടതാണ്. ഒരു ഹദീസിൽ വരുന്നു. തിരുനബി (സ) പറയുകയുണ്ടായി. "ആ വ്യക്തി അപമാനിതനാകട്ടെ. ആ വ്യക്തി അപമാനിതനാകട്ടെ." ഈ വാക്കുകൾ തിരുനബി (സ) മൂന്ന് പ്രാവശ്യം ആവർത്തിച്ചു. സഹാബാക്കൾ ചോദിച്ചു. ആരാണ് ആ വ്യക്തി? തിരുനബി (സ) പറഞ്ഞു: "തന്റെ മാതാപിതാക്കളെ തങ്ങളുടെ ജീവിതത്തിൽ ലഭിക്കുകയും എന്നിട്ട് അവർക്ക് സേവനം ചെയ്തു കൊണ്ട് സ്വർഗം കരസ്ഥമാക്കുകയും ചെയ്യാത്ത വ്യക്തി."

ഈ ആയത്തിലെ അടുത്ത കല്പന ദാരിദ്ര്യം കാരണം നിങ്ങളുടെ മക്കളെ വധിക്കരുത് എന്നാണ്. ഇതിനും വിവിധ അർഥങ്ങളാണ്. ഇവിടെ വിശുദ്ധ ഖുർആന്റെ കല്പനകളുടെ ഒരു സൗന്ദര്യം കൂടി പ്രകടമാണ്. ആദ്യം കല്പിച്ചത് മക്കളോടാണ്. മാതാപിതാക്കളെ നിങ്ങൾ സേവിക്കണം. അവരോട് നന്മ പ്രവർത്തിക്കണം. അവരുടെ ഒരു പ്രവർത്തനത്തിലും നീരസം പ്രകടിപ്പിക്കരുത്. ഒരു കാര്യം മോശമായിത്തോന്നുമ്പോഴാണ് അനിഷ്ടം ഉണ്ടാകുന്നത്. മാതാപിതാക്കളുടെ ഏതെങ്കിലും കാര്യം മോശമായിത്തോന്നിയാലും നിങ്ങൾ നീരസം പ്രകടിപ്പിച്ചുകൊണ്ട് മറുപടി നൽകരുത്. ഇതിനുള്ള പ്രതികരണത്തിൽ പോലും നിങ്ങളുടെ ഭാഗത്തു നിന്ന് കാരുണ്യവും അനുസരണവുമാണ് ഉണ്ടാകേണ്ടത്.

തുടർന്ന് മാതാപിതാക്കൾക്കുള്ള കല്പനകളാണ് നൽകുന്നത്. നിങ്ങളുടെ സന്താനങ്ങൾക്ക് ഉന്നത ശിക്ഷണം നൽകുക. ഈ ശിക്ഷണ കാര്യത്തിൽ ഒന്നും ഒരു തടസ്സമായി മാററുത്. ദാരിദ്ര്യം ഇതിന് തടസ്സമാകരുത്. കുട്ടികളുടെ ശിക്ഷണം, വിദ്യാഭ്യാസം എന്നീ കാര്യങ്ങളെ കുറിച്ച് മേൽനോട്ടം വഹിക്കുകയും അങ്ങനെ അവരെ ആത്മീയവും ധാർമ്മികവുമായ രീതിയിൽ മൃതതുല്യമാകാതിരിക്കാൻ നോക്കണമെന്നും മാതാപിതാക്കൾക്ക് കല്പന നൽകിയിരിക്കുകയാണ്. അവരുടെ ആരോഗ്യ കാര്യത്തിൽ ശ്രദ്ധിക്കാതെ അവരെ വധിച്ചുകളയരുത്. അനാവശ്യമിച്ചംവെക്കൽ കാരണം അവരുടെ ആരോഗ്യത്തെ തകർക്കരുത്.

മാതാപിതാക്കൾക്ക് പരിപാലന കർതൃത്വ സ്ഥാനം നൽകിയതു കൊണ്ട് കുട്ടികളുടെ പരിപാലന കാര്യം ശ്രദ്ധിക്കുക എന്നത് അവർക്ക് നിർബന്ധമാക്കിയിരിക്കുകയാണ്. അവരെ സമൂഹത്തിന്റെ ഉത്തമ പൗരന്മാരാക്കി വാർത്തെടുക്കുക എന്നത് മാതാപിതാക്കളുടെ നിർബന്ധ കടമയാണ്. ഇത് ചെയ്യുന്നില്ലെങ്കിൽ മക്കളെ വധിക്കുന്നതിന് സമാനമാണ്.

ചില കുബുദ്ധികളും ദൈവത്തെ മറന്നവരുമല്ലാതെ ബുദ്ധിയുള്ള ആരും പൊതുവിൽ ബാഹ്യമായി തങ്ങളുടെ മക്കളെ വധിക്കാറില്ല. ആ കുബുദ്ധികൾക്ക് തങ്ങളുടെ ഇച്ഛകളെ പൂർത്തിയാക്കുക എന്നത് മാത്രമായിക്കും ലക്ഷ്യം. അങ്ങനെയുള്ളവരുടെ വാർത്തകൾ ഇവിടെ ഇടക്കിടക്ക് പത്രങ്ങളിൽ വന്നു കൊണ്ടേ ഇരിക്കുന്നുണ്ട്. തന്റെ സുഹൃത്തിനോടൊപ്പം ചേർന്ന് സ്വന്തം കുട്ടിയെ കൊന്നുകളഞ്ഞെന്ന് വാർത്ത വരുന്നു. മാതാവോ പിതാവോ തന്റെ മക്കളോടൊപ്പം ചില പ്രശ്നങ്ങൾ കാരണം തീ കൊളുത്തി ആത്മഹത്യ ചെയ്തെന്ന വാർത്ത ദരിദ്ര രാഷ്ട്രങ്ങളിൽ നിന്ന് വരാറുണ്ട്. ഇത് വളരെ നിരാശ കാരണമായി ചെയ്യുന്ന ഭ്രാന്തമായ നടപടിയാണ്. എന്നാൽ പൊതുവിൽ ഇങ്ങനെയല്ല മാതാപിതാക്കൾ മക്കളോട് പെരുമാറുന്നത്.

ഞാൻ പറഞ്ഞതു പോലെ ഈ ആയത്തിന് വിവിധ അർഥങ്ങളുണ്ട്. വധിക്കുക എന്നതിന്റെ വിവിധ വീക്ഷണങ്ങളുണ്ട്. ഒരർഥം കുട്ടികൾക്ക് ശരിയായ രീതിയിൽ ശിക്ഷണം നൽകാതിരിക്കുക. അത് അവരെ കൊല്ലുന്നതിന് സമമാണ്. ചിലർ തങ്ങളുടെ ജോലിത്തിരക്കുകാരണം കുട്ടികളെ ശ്രദ്ധിക്കാറില്ല. അവരെ മറന്നു കളയുന്നു. ഇതു കാരണം കുട്ടികൾ മോശമയിത്തീരുന്നു. ജമാഅത്തിനകത്തും ഇവ്വിധ പരാതികൾ വന്നു കൊണ്ടിരിക്കുന്നു. പിതാവ് പുറത്തായതു കൊണ്ട്, ജോലിയിൽ മുഴുകിയതു കൊണ്ട്, വീട്ടിൽ ഇല്ലാത്തതു കാരണം കുട്ടികളെ ശ്രദ്ധിക്കുന്നില്ലെന്ന് മാതാക്കൾ പരാതിപ്പെടുന്നു. അതു കാരണം കുട്ടികൾ വഴിതെറ്റിപ്പോകുന്നു. കുട്ടികൾ കൗമാരത്തിലെത്തുമ്പോഴും യുവത്വത്തിലേക്ക് പ്രവേശിക്കുമ്പോഴുമാണ് ഈ അവസ്ഥയുണ്ടാകുന്നത്. ഈ സമയത്ത് പിതാവിന്റെ ശ്രദ്ധയും സൗഹൃദവും കുട്ടികൾക്ക് അനിവാര്യമാണ്. ഇക്കാര്യത്തിലേക്ക് ഞാൻ നേരത്തേയും ശ്രദ്ധക്ഷണിച്ചിട്ടുള്ളതാണ്. പുറമെയുള്ള ചുറ്റുപാടിൽ നിന്ന് വളരെ മോശമായ കാര്യങ്ങൾ പഠിച്ചിട്ടായിരിക്കും അവർ വരിക. ഇത് കുട്ടികളുടെ ധാർമിക വധമാണ്. പിതാവ് എത്ര ഒഴികഴിവ് പറഞ്ഞാലും ശരി, ഞങ്ങൾ കുട്ടികൾക്കായാണ് എല്ലാം ചെയ്യുന്നതെന്ന് ന്യായീകരിച്ചാലും ശരി, അവരുടെ ഉത്തരവാദിത്വം നിറവേറ്റപ്പെടുന്നില്ല. കുട്ടികളുടെ ധാർമ്മികതയെ നശിപ്പിച്ച് കൊണ്ട് എന്ത് സമ്പാദിച്ചാലും അതു കൊണ്ട് എന്ത്

ശേഷം പേജ് 38ൽ

# മോക്ഷസങ്കൽപ്പവും മതങ്ങളും

മോക്ഷത്തെ പറ്റിയുള്ള മതാന്തരീയ സംവാദങ്ങൾ മതലോകത്തെ പ്രക്ഷുബ്ധമാക്കുന്നു എന്നാണ് ആക്ഷേപം. എന്നാൽ ഇസ്‌ലാം സമർപ്പിക്കുന്ന മോക്ഷത്തെ സംബന്ധിച്ച യുക്തിഭദ്രമായ വാദങ്ങൾ സമാധാന കാംക്ഷികളായ പ്രബുദ്ധരായ ചിന്താശീലർ അവധാനപൂർവം വിലയിരുത്തേണ്ട വിഷയമാണ്. അടുത്ത് തന്നെ പ്രസിദ്ധീകരിക്കുന്ന 'ഇസ്‌ലാമും സമകാലീന പ്രശ്നങ്ങളും' എന്ന കൃതിയിൽ നിന്നുള്ളതാണ് ഈ ലേഖനം.

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്(റഹ്)

**മോ**ക്ഷത്തെ സംബന്ധിച്ച് എത്ര തന്നെ നിഷ്ക്കളങ്കമായ ചർച്ചകൾക്ക് പോലും മതലോകത്ത് സമാധാന ഭംഗമുണ്ടാക്കാനുള്ള സ്ഫോടക ശേഷിയുണ്ട്. പിശാചിൽ നിന്ന് മോചനവും ശാശ്വത മോക്ഷവും തേടുന്ന മനുഷ്യൻ തങ്ങളുടെ സുരക്ഷിതമായ മതവിഹായസ്സിലേക്ക് കുതിക്കുക, അവിടെയാണ് മോക്ഷവും ശാശ്വത പാപമോചനവും കുടികൊള്ളുന്നത് എന്നു പറയുന്ന മതം അതേ ശ്വാസത്തിൽ തങ്ങളുടെ മതത്തിലേക്ക് സുരക്ഷക്കായി ഇതുവരെ വരാത്തവർ എന്നെന്നേക്കുമായി നാശമടയുമെന്നു പറയുകയും ചെയ്യുന്നു. അവർ എത്രതന്നെ ദൈവത്തെ പ്രീതിപ്പെടുത്തിയാലും ദൈവത്തെയും അവന്റെ സൃഷ്ടികളെയും അളവറ്റ് സ്നേഹിച്ചാലും അങ്ങേയറ്റത്തെ സാത്വിക ജീവിതം നയിച്ചാലും ഇനിയൊരു മോചനം അർഹിക്കാത്ത വിധം കത്തിജ്വലിക്കുന്ന നരകാഗ്നിയിൽ അവർ ശാശ്വതമായി തള്ളപ്പെടും.

ഇത്തരം സങ്കുചിതവും പ്രതിലോമപരവും അസഹിഷ്ണുതയോടുകൂടിയതുമായ വീക്ഷണം പ്രകോപനപരമായ ഭാഷയിൽ പൊതുവിൽ മതഭ്രാന്തന്മാർ പ്രകടിപ്പിക്കുമ്പോൾ അത് അക്രമാസക്തമായ കലാപങ്ങൾക്ക് തിരികൊളുത്തുന്നു.

ആളുകൾ പ്രതിജനഭിന്നമാണ്. അവരിൽ അഭ്യസ്ഥവിദ്യരും ധാർമിക ബോധമുള്ളവരും പക്വമതികളുമുണ്ടാകാം. ഇത്തരം പ്രകോപനങ്ങളോട് അവരവരുടെ സാംസ്കാരിക നിലവാരമനുസരിച്ച് ആളുകൾ പ്രതികരിക്കുന്നു. പക്ഷേ മതാഭിമുഖ്യമുള്ളവർ അവർ അഭ്യസ്ഥവിദ്യരാകട്ടെ അല്ലാത്തവരാകട്ടെ അവരവരുടെ മതവികാരം വ്രണപ്പെടുമ്പോൾ സംഹാരാത്മകമായി പ്രതികരിക്കുന്നു.

നിർഭാഗ്യകരമെന്ന് പറയട്ടെ തങ്ങളുടെ വിശ്വാസവുമായി പൊരുത്തപ്പെടാത്തവരോട് ലോകത്തിലെ മിക്കവാറും എല്ലാ മതപുരോഹിതന്മാരും ഈ സമീപനം വെച്ചുപുലർത്തുന്നു. മദ്ധ്യകാലഘട്ടത്തിൽ മിക്കവാറും എല്ലാ പണ്ഡിതന്മാരും ഇസ്‌ലാം മതത്തെ പോലും പരിചയപ്പെടുത്തിയത് ഇസ്‌ലാമിന്റെ ആവിർഭാവത്തിന് ശേഷം മോക്ഷത്തിന്റെ ഒരേയൊരു കവാടം ഇസ്‌ലാമാണെന്നും അതിന് പുറത്ത് ജീവിച്ചുമരിക്കുന്ന ആദം സന്തതികൾക്ക് മോക്ഷം നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്നുമാണ്. ക്രിസ്തുമതത്തിന്റെ വീക്ഷണവും ഇതിൽ നിന്ന് വിഭിന്നമല്ല. എന്റെ അറിവിൽ പെട്ടിടത്തോളം മറ്റു മതങ്ങളുടെ അഭിപ്രായവും മോക്ഷകാര്യത്തിൽ ഇതുതന്നെയാണ്.

എന്റെ സഹോദരന്മാരേ, ഇസ്‌ലാമിന്റെ പേരിൽ ഉന്നയിക്കപ്പെടുന്ന ഈ മുട്ടാളത്തരത്തിനും സങ്കുചിത വീക്ഷണത്തിനും യാതൊരു നീതികരണവുമില്ല. ഇത് സംബന്ധിച്ച് ഖുർആന് പറയാനുള്ളത് തികച്ചും വിഭിന്നമായ മറ്റൊരു സംഗതിയാണ്.

ഖുർആന്റെ വീക്ഷണ പ്രകാരം മോക്ഷം എന്നത് ലോകത്തിലെ ഒരു മതത്തിനും കുത്തകയാക്കാൻ സാധ്യമല്ല. പുതിയ സത്യങ്ങൾ വെളിപ്പെട്ടിട്ടും പുതിയ വെളിച്ചത്തിന്റെ ഉദയമുണ്ടായിട്ടും അവരുടേതല്ലാത്ത കാരണം കൊണ്ട് അത് ശ്രദ്ധയിൽപ്പെടാതെ അറിവില്ലാത്ത ജീവിതം നയിച്ചവർ, അവരാകട്ടെ തെറ്റായ ആശയങ്ങളുടെ പിന്മുറക്കാരായിരുന്നിട്ടും പൊതുവെ സത്യസന്ധമായ ജീവിതം നയിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരാണ്താനും. അത്തരക്കാർക്ക് ഒരിക്കലും ദൈവം മോക്ഷം നിഷേധിക്കുകയില്ല.

താഴെക്കാണുന്ന ഖുർആൻ വാക്യങ്ങൾ ഈ ആശയം വിശദീകരിക്കുന്നു.

**ഓരോ സമുദായത്തിനും ഓരോ ആരാധനാ സമ്പ്രദായം നാം നിശ്ചയിച്ചിട്ടുണ്ട്. അവരത് ആചരിക്കുന്നു. അതിനാൽ ഇസ്‌ലാമിക രീതിയിലുള്ള ആരാധനാ സമ്പ്രദായ കാര്യത്തിൽ അവർ നിന്നോട് തർക്കിക്കാതിരിക്കട്ടെ. നിന്റെ നാഥനിലേക്ക് നീ ക്ഷണിക്കുന്നു. നിശ്ചയം നീ നേർമാർഗത്തിൽ തന്നെയാണ് (അദ്ധ്യാ. 22, അൽ ഹജ്ജ്:68).**

**(മുഹമ്മദിൽ) വിശ്വസിച്ചവരും യഹൂദികളും സാബിഉകളും ക്രിസ്ത്യാനികളും ആര് അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നുവോ, തീർച്ചയായും അവർക്ക് യാതൊരു ഭയവും ഉണ്ടാവുകയില്ല; അവർ വ്യസനിക്കുന്നവരുമല്ല. (അദ്ധ്യാ. 5, അൽമാഇദ: 70)**

വേദാനുസാരികൾ എന്നതിന് യഹൂദികളും ക്രിസ്ത്യാനികളും എന്ന അർഥത്തിലാണ് പ്രയോഗിക്കുന്നതെങ്കിലും അതിൽ ലീനമായതും കൂടുതൽ വിശാലമായതുമായ അർഥം കൂടിയുണ്ടെന്ന് ഞാൻ നിങ്ങളെ ഓർമിപ്പിക്കട്ടെ.

‘ഒരു താക്കീതുകാരൻ വരാത്ത ഒരു സമുദായവുമില്ല.” എന്ന ഖുർആൻ വചനമനുസരിച്ച് പഴയ നിയമവും പുതിയ നിയമവും (തൗറാത്ത്, ഇഞ്ചീൽ) മാത്രമല്ല മാനവരാശിയുടെ ഉൾഗതിക്കായി ദൈവത്തിൽ നിന്നും വെളിപ്പെട്ട മറ്റു വേദഗ്രന്ഥങ്ങളും ദൈവപ്രോക്തങ്ങൾ തന്നെയാണെന്ന കാര്യത്തിൽ നമുക്ക് യാതൊരു സംശയവുമില്ല. അപ്പോൾ ദൈവത്തിന്റെ വെളിപാടുകളിൽ അധിഷ്ഠാനം അവകാശപ്പെടുന്ന എല്ലാ മതങ്ങളും ഗ്രന്ഥാനുസാരികൾ തന്നെയാണ്.

ഖുർആൻ ‘സാബിഅ്’ എന്ന പദമുപയോഗിച്ചുകൊണ്ട് കാര്യങ്ങൾ വീണ്ടും കൂടുതൽ വിശദീകരിക്കുകയും സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്യുന്നു. സാബിഅ് എന്നത് അനറബികളും, സെമിറ്റിക്ക് അല്ലാത്തവരും സ്വന്തമായി വെളിപാടു ഗ്രന്ഥങ്ങൾ ഉള്ളവരുമായ എല്ലാ മതാനുയായികൾക്കും പൊതുവെ അറബിയിൽ പ്രയോഗിക്കുന്ന പദമാണ്. അത്തരം ദൈവിക വെളിപാടുകളിലധിഷ്ഠിതമായ എല്ലാ മതങ്ങളിലേയും അനുയായികൾക്കും, അവർ പുതിയ മതത്തിന്റെ വെളിച്ചത്തെ തിരിച്ചറിയുന്നതിൽ യഥാർഥത്തിൽ പരാജയപ്പെടാതിരിക്കുകയും സത്യസന്ധമായും വിശ്വസ്തതയോടും അവരുടെ പാരമ്പര്യ മതത്തിന്റെ മൂല്യങ്ങളോട് കൂറുപുലർത്തുന്നവരായി നിലകൊള്ളുകയും ചെയ്യുന്നതായാൽ അവർക്ക് ദൈവത്തിൽ നിന്ന് യാതൊന്നും ഭയപ്പെടാനില്ലെന്നും അവർക്ക് മോക്ഷം നിഷേധിക്കപ്പെടില്ലെന്നും ഉറപ്പു നല്കപ്പെട്ടിരിക്കുന്നു.

ജൂതന്മാരിലും ക്രിസ്ത്യാനികളിലും സാബിഉകളിലും പെട്ട വിശ്വാസികൾക്ക് വിശുദ്ധഖുർആൻ ഇപ്രകാരം വാഗ്ദാനം നല്കുന്നു.

**അവർക്ക് തങ്ങളുടെ നാഥന്റെ പക്കൽ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടാകുകയില്ല. അവർ ദുഃഖിക്കുന്നതുമല്ല. (അദ്ധ്യാ. 2, അൽബഖറ: 63)**

**തൗറാത്തും ഇഞ്ചീലും അവരുടെ നാഥനിൽ നിന്ന് (ഇപ്പോൾ) ഇറക്കപ്പെട്ടതും അവർ മുറപ്രകാരം പ്രയോഗത്തിൽ വരുത്തിയിരുന്നുവെങ്കിൽ അവർ തങ്ങളുടെ മേൽഭാഗത്തുനിന്നും (നല്ല വസ്തുക്കൾ സ്വീകരിച്ച്) ഭക്ഷിക്കുമായിരുന്നു. മിതത്വം സ്വീകരിക്കുന്ന ഒരു കൂട്ടർ അവരിലുണ്ട്. എന്നാൽ അവരിൽപെട്ട അധികപേരും പ്രവർത്തിക്കുന്നത് എത്രയും ചീത്തയായിട്ടുള്ളതാണ്. (അദ്ധ്യാ.5, അൽമാഇദ:67)**

ഇസ്‌ലാം മതം വിശ്വസിക്കാത്തവരെ വിവേചന രഹിതമായി മുസ്‌ലിംകൾ കുറ്റപ്പെടുത്തുന്നതിനെ നിരോധിച്ചുകൊണ്ട് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നത് കാണുക.

**അവർ (എല്ലാവരും) ഒരുപോലെയല്ല. ഗ്രന്ഥാനുസാരികളുടെ കൂട്ടത്തിൽ അതീവ സാത്വികരും ദൈവഭക്തരും അവരുടെ കരാറുകളിൽ അടിയുറച്ച് നില്ക്കുന്നവരുമുണ്ട്. അവർ നിശാ വേളകളിൽ അല്ലാഹുവിന്റെ വചനങ്ങൾ ഓതുകയും അവന്റെ മുന്നിൽ പ്രണാമം അർപ്പിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുകയും നിഷിദ്ധ കാര്യങ്ങൾ വിലക്കുകയും സൽക്കർമങ്ങളിൽ അഹമഹമികയാ മുന്നേറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അവർ സദ്‌വൃത്തരിൽ പെട്ടവരാകുന്നു. അവർ ചെയ്യുന്ന നന്മകൾക്കനുസൃതമായ പ്രതിഫലം അവർക്ക് നിഷേധിക്കപ്പെടുന്നതല്ല. ആരാണ് തിന്മക്കെതിരിൽ സൂക്ഷ്മത പാലിക്കുന്നതെന്ന് അല്ലാഹു അറിയുന്നു. (അദ്ധ്യാ. 3, ആലു ഇംറാൻ: 114–116).**

സമീപ കാലത്തെ ജൂത–മുസ്‌ലിം രാഷ്ട്രീയ ശാസ്ത്രത്തിൽ നിന്നും ഉൽഭൂതമായ ഭീമമായ ഒരു തെറ്റിദ്ധാരണയുണ്ട്. അതായത് ഇസ്‌ലാം മത വിശ്വാസപ്രകാരം ജൂതന്മാരെല്ലാം നരകാവകാശികളാണെന്നതാണ് ആ തെറ്റിദ്ധരാണ. ഞാൻ മുമ്പ് ഉദ്ധരിച്ച ഖുർആനിക സൂക്തമനുസരിച്ചും താഴെകൊടുത്ത സൂക്തമനുസരിച്ചും ഇത് തികച്ചും വ്യാജമാണ്.

**‘സത്യമനുസരിച്ച് വഴികാട്ടുകയും അത് മുഖേന നീതി പാലിക്കുകയും ചെയ്യുന്ന ഒരു സമുദായം മൂസായുടെ ജനങ്ങളിലുണ്ട്. (അദ്ധ്യാ.7, അൽഅഅ്റാഫ്: 182)**

## മതങ്ങൾ തമ്മിലുള്ള സൗഹൃദവും പരസ്പര ബഹുമാനവും

സത്യസ്ഥിതരും ഗുണദോഷോപദേശം ചെയ്യുന്നവരും നീതിയുടെ നിർവാഹകരും മുസ്‌ലിംകൾ മാത്രമല്ലെന്ന് ഖുർആൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു.മറ്റു മതസ്ഥരും ഇതെല്ലാം ചെയ്യുന്നതായി ഇസ്‌ലാം അംഗീകരിക്കുന്നു. മതങ്ങൾ തമ്മിലുള്ള സംഘർഷം ലഘൂകരിക്കാനും ബന്ധം മെച്ചപ്പെടുത്താനും ലോകത്തിലുള്ള എല്ലാ മതങ്ങളും ഇത്തരം സമീപനം സ്വീകരിക്കേണ്ടതുണ്ട്. അന്യമത വിശ്വാസികളോട് മാനവീയവും സൗഹൃദപരവുമായ

നിലപാട് അവലംബിക്കുകയും ഹൃദയ വിശാലത വളർത്തിയെടുക്കുകയും ചെയ്താൽ മാത്രമേ മതസൗഹാർദം യാഥാർഥ്യമാവൂ.

എല്ലാ മതങ്ങളേയും അഭിസംബോധന ചെയ്തുകൊണ്ട് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നു.

**സത്യമനുസരിച്ച് ജനങ്ങളെ നയിക്കുകയും അതുകൊണ്ടുതന്നെ നീതിപുലർത്തുകയും ചെയ്യുന്ന ഒരു വിഭാഗം ആളുകൾ നാം സൃഷ്ടിച്ചവരിലുണ്ട് (അദ്ധ്യാ, അൽ അഅ്റാഫ്: 182)**

### സാർവ ദേശീയ സങ്കൽപം

ചരിത്രാതീതകാലം തൊട്ടു മാനവ കുടുംബം ഒരു കൊടിക്കീഴിൽ ഐക്യപ്പെടുന്നത് തത്ത്വജ്ഞാനികൾ സ്വപ്നം കണ്ടിരുന്നു. ഈ ഏകത്വദർശനം രാഷ്ട്രമീമാംസകരുടെ മാത്രമല്ല, ധനതത്ത്വ ശാസ്ത്രജ്ഞന്മാരുടെകൂടി ആവേശമായിരുന്നു. പക്ഷേ, മത ലോകത്ത് ഇത് സംബന്ധമായി നടക്കുന്ന അന്വേഷണങ്ങളേക്കാൾ വികാരവായ്പോടെ മറ്റൊരു മേഖലയിലും ഏകലോക സങ്കൽപത്തിന് വേണ്ടിയുള്ള ആഗ്രഹം പ്രകടമാവുന്നില്ല.

ഇപ്രകാരമുള്ള ഒരു ഏകമാനവ ദർശനം ഇസ്‌ലാം മതവും പങ്കിടുന്നു. (അവരിൽ ചിലർ ലോകം ജയിച്ചടക്കാനുള്ള ഒടുങ്ങാത്ത ദുരയും അതിനുള്ള പദ്ധതികളുമായി രംഗത്തുണ്ട്). സാർവത്രികമായി കാണുന്ന ഈ ദുരമൂത്ത പ്രവണതയിൽ നിന്ന് ഇക്കാര്യത്തിൽ ഇസ്‌ലാമിന്റെ സമീപനം തികച്ചും വ്യത്യസ്തമാണ്. മാനവരാശിയെ ഒരു കൊടിക്കീഴിൽ ഒന്നിപ്പിക്കാനുള്ള ദൗത്യവുമായി ദൈവം നിയോഗിച്ച മതം ഏതാണ് എന്ന വിവാദവിഷയം വിശകലനം ചെയ്ത് രംഗം ചൂടുപിടിപ്പിക്കാനുള്ള സന്ദർഭമല്ല ഇത്. പക്ഷേ, ഒന്നിലധികം മതങ്ങൾ ഇത്തരം വാദങ്ങളുന്നയിക്കുമ്പോൾ അതിന്റെ വിവക്ഷയും ഉള്ളടക്കവും നാം അറിഞ്ഞിരിക്കേണ്ടത് അതിപ്രധാനമാണ്. സുദീർഘമായ ചരിത്ര വേരുകളുള്ള ശക്തമായ രണ്ടും മൂന്നും നാലും മതങ്ങൾ ഒരേസമയം സാർവലൗകിക മതം എന്ന അവകാശവാദവുമായി രംഗപ്രവേശം ചെയ്യുമ്പോൾ സ്തോഭജനകമായ ആശയക്കുഴപ്പങ്ങൾ ഉദ്ഭവിക്കുകയും വലിയ തോതിൽ മനുഷ്യമനസ്സുകളിൽ അരാജകത്വം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നില്ലേ? ഈ മഹാമതങ്ങളും കിടമത്സരങ്ങളും ലോകാധിപത്യത്തിന് വേണ്ടിയുള്ള ഭഗീരഥ യത്നങ്ങളും ലോകസമാധാനത്തിന് യഥാർഥത്തിൽ ഭീഷണിയാവില്ലേ?

ആഗോള മാനങ്ങളുള്ള ഇത്തരം മതപ്രസ്ഥാനങ്ങൾ സ്വയം തന്നെ ഭയാനകമായൊരു ഭീഷണിയാണ്. അതിൽക്കൂടുതലായി നിരുത്തരവാദികളും മതഭ്രാന്തന്മാരും അസഹിഷ്ണുക്കളുമായ ആളുകളുടെ കൈകളിലേക്ക് ഇത്തരം മതപ്രസ്ഥാനങ്ങളുടെ നേതൃത്വം വരുമ്പോൾ അതിനർഥം അപകടസാധ്യത പതിന്മടങ്ങ് വർധിക്കുന്നു എന്നും ആശയതലത്തിൽ നിന്നും ഈ അപകടം പ്രായോഗിക രംഗത്തേക്ക് വരുന്നു എന്നുമാണ്.

നിർഭാഗ്യകരമെന്ന് പറയട്ടെ, ഇസ്‌ലാമിന്റെ ആശയ പ്രചാരണ കാര്യത്തിൽ സാധ്യമെങ്കിൽ ബലപ്രയോഗത്തിന് ഇസ്‌ലാം മതം അനുമതി നല്കുന്നു എന്ന ഒരു പ്രചാരണം ശക്തിപ്പെട്ടിട്ടുണ്ട്. ഇത്തരം തെറ്റിദ്ധാരണയുളവാക്കുന്ന വാക്കുകൾ ബഹിർഗമിക്കുന്നത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഭാഗത്തുനിന്ന് മാത്രമല്ല, മധ്യകാലമനഃസ്ഥിതിക്കാരായ മുസ്‌ലിം പണ്ഡിതന്മാരുടെ സംഭാവനകൂടി ഇതിനുണ്ട്.

ഒരു കാര്യം വ്യക്തമാണ്. ഒരു മതം അക്രമ മാർഗം കൈകൊള്ളുകയാണെങ്കിൽ അതേ ആയുധം കൊണ്ട് പ്രതിരോധിക്കാനുള്ള അവകാശം മറ്റു മതങ്ങൾക്കുമുണ്ട്. ആശയപ്രചാരണത്തിന് ബലപ്രയോഗം നടത്താമെന്ന സിദ്ധാന്തത്തോട് ഞാൻ വിയോജിക്കുകയും അതിനെ ശക്തിയായി നിരാകരിക്കുകയും ചെയ്യുന്നു. ഞാൻ ഈ വിഷയത്തിലേക്ക് പിന്നീട് തിരിച്ചുവരാം.

ലോകത്തിലെ ഏതൊരു മതത്തിന്റെയും അത്തരം അവകാശവാദത്തിന്റെ യുക്തിപരതയെ സംബന്ധിച്ച് നമുക്ക് ആദ്യമായി പരിശോധിക്കാം. ഇസ്‌ലാം മതം, ക്രിസ്തുമതം ഇനി എന്തുപേരിട്ടു വിളിച്ചാലും ഈ മതങ്ങൾക്ക് വർണം, വംശം, ദേശീയത എന്നിവക്കതീതമായി ലോകജനതയ്ക്ക് പ്രായോഗികമാക്കാൻ കഴിയുന്ന വല്ല സന്ദേശങ്ങളുണ്ടോ? വർണം, വർഗീയത, ഗോത്രീയത, സാമൂഹികാചാരങ്ങൾ, സാംസ്കാരിക രൂപങ്ങൾ മുതലായ അനേകം വൈശിഷ്യങ്ങളോടും വൈജാത്യങ്ങളോടും അവയുടെ നിലപാടെന്താണ്?

മതങ്ങൾ മുന്നോട്ട് വെക്കുന്ന വിശ്വജനീന സങ്കൽപ്പം ഭൂമിശാസ്ത്രപരവും ദേശീയപരവുമായ അതിർത്തികളെ മാത്രം ഉദ്ഗ്രഥിക്കുന്നതായാൽ പോര. അത് കാലാതിവർത്തികൂടിയായിരിക്കണം. അപ്പോൾ ഒരു ചോദ്യം ഉദ്ഭവിക്കുന്നു. മതത്തിന് കാലാതിവർത്തിയാവാൻ കഴിയുമോ? ഏതെങ്കിലും ഒരു മതത്തിന്റെ അദ്ധ്യാപനം ഇപ്പോഴുള്ളവർക്കും ആയിരം കൊല്ലത്തിനു ശേഷം വരുന്നവർക്കും പാകമാവുമോ? കഴിഞ്ഞ കാലത്ത് ഒരു മതം ആഗോള തലത്തിൽ സ്വീകരിക്കപ്പെട്ടാലും ഭാവി തലമുറകളുടെ ആഗോളാവശ്യം നിവർത്തിക്കുവാൻ ആ മതം യോഗ്യമാവുന്നതെങ്ങനെ?

മേൽ ചർച്ച ചെയ്ത സമസ്യകൾ നിർധാരണം ചെയ്യാൻ തങ്ങളുടെ മതം നിർദേശിക്കുന്ന അദ്ധ്യാപനമെന്തെന്ന് ഓരോ മതത്തിന്റെ അനുയായികളും മുന്നോട്ടുവെക്കട്ടെ. എന്നിരിക്കിലും ഈ ചോദ്യങ്ങൾക്കുള്ള ഇസ്‌ലാമിക മറുപടി വളരെ സംക്ഷിപ്തമായി മുന്നോട്ടു വെക്കാൻ ഞാനാഗ്രഹിക്കുന്നു.

### ഇസ്‌ലാം ഒരു സാർവജനീന മതം

ഇസ്‌ലാം മതത്തിന്റെ അദ്ധ്യാപനങ്ങൾ മനുഷ്യന്റെ മനോഘടനയുമായി ബന്ധപ്പെട്ടതാണെന്ന് വിശുദ്ധ ഖുർആൻ ആവർത്തിച്ചു വ്യക്തമാക്കുന്നു. മനുഷ്യന്റെ മനോഘടനയിൽ വേരുകളുള്ള മതം കാലത്തേയും ദേശത്തേയും അതിവർത്തിച്ചു നിലകൊള്ളുന്നതായിരി

ക്കുമെന്ന കാര്യം യഥാർഥത്തിൽ ഇസ്‌ലാം ഊന്നിപറയുന്നു. മനുഷ്യന്റെ മനോഘടന മാറ്റമില്ലാത്തതാണ്. ആയതിനാൽ - മനുഷ്യന്റെ മനോഘടനയിൽ വേരുകളുള്ള മതവും മാറ്റമില്ലാത്തതാണ്. അതേ സമയം ഏത് കാലഘട്ടത്തിലായാലും അവന്റെ മുന്നോട്ടുള്ള പുരോഗതിയുമായി ബന്ധപ്പെട്ടു മാറിക്കൊണ്ടിരിക്കുന്ന ജീവിത സാഹചര്യങ്ങളിൽ അധികമായി ഇടപെടുവാനും പാടുള്ളതല്ല. മനുഷ്യന്റെ മനോഘടനയിൽ നിന്ന് ഉരുത്തിരിയുന്ന തത്ത്വങ്ങൾക്ക് അനുഗുണമായിട്ടാണ് ഒരു മതം വർത്തിക്കുന്നതെങ്കിൽ ആ മതത്തിന് സാർവത്രികമതമായി മാറാനുള്ള യുക്തിപരമായ ശേഷിയുണ്ട്.

ഇസ്‌ലാം ഒരു ചുവട്കൂടി മുന്നോട്ട് വെക്കുന്നു. ലോകത്തുള്ള എല്ലാ മതങ്ങളിലും ഒരു പരിധിവരെ സാർവത്രിക മതമാകാനുള്ള ഒരു ഗുണം കൂടി ഉൾക്കൊള്ളുന്നു. എന്ന അതുല്യമായ ഒരു കാഴ്ചപ്പാട് ഇസ്‌ലാം വെച്ചു പുലർത്തുന്നു. ലോകത്തുള്ള ദിവ്യവെളിപാടിലധിഷ്ഠിതമായ എല്ലാ മതങ്ങളിലും മനുഷ്യന്റെ മനോഘടനയും ശാശ്വത സത്യങ്ങളുമായി അഗാധമായി ബന്ധപ്പെട്ട കാതലായ അദ്ധ്യാപനങ്ങൾ എപ്പോഴും കാണാവുന്നതാണ്. ഈ കാതലായ അദ്ധ്യാപനങ്ങൾ സനാതനങ്ങളാണ്. പിൽക്കാലത്ത് മതാനുയായികൾ ഈ മതാദ്ധ്യാപനങ്ങളെ തീർച്ചയായും മാറ്റി തിരുത്തിയിട്ടുണ്ട്. താഴെ കാണുന്ന ഖുർആൻ വചനം ഇത് വ്യക്തമാക്കുന്നു.

**അനുസരണത്തിൽ അല്ലാഹുവിനോട് ആത്മാർഥത പുലർത്തുന്നവരും, ഏകാഗ്ര മാനസരുമായി അല്ലാഹുവിനെ ആരാധിക്കാനും നമസ്ക്കാരം നിലനിർത്താനും സകാത്ത് കൊടുക്കാനും വേണ്ടിയല്ലാതെ അവരോട് ആജ്ഞാപിക്കപ്പെട്ടിരുന്നില്ല. അതത്രെ ശാശ്വത സത്യത്തിൽ അധിഷ്ഠിതമായ മതം. (അദ്ധ്യാ. 98, അൽ ബയ്യിന:6)**

**അതിനാൽ ഋജുമാനസനായി നിന്റെ സകലശ്രദ്ധയും മത സേവനത്തിനായി തിരിച്ചു നിർത്തുക. അല്ലാഹു ഏതൊരു പ്രകൃതിയിൽ മനുഷ്യരെ സൃഷ്ടിച്ചുവോ ആ പ്രകൃതി (കൈക്കൊള്ളുക). അല്ലാഹുവിന്റെ സൃഷ്ടിപ്പിന് ഒരു മാറ്റവുമില്ല. അതത്രെ എന്നും നിലനിൽക്കുന്ന മതം. പക്ഷേ, മനുഷ്യരിൽ അധികമാളുകളും യാഥാർഥ്യം അറിയുന്നില്ല. (അദ്ധ്യാ. 30, അർറൂം: 31)**

ഒരേ അദ്ധ്യാപനങ്ങളുമായി ഒരു മതത്തിന് പിന്നാലെ മറ്റൊരു മതം അവതരിക്കുന്നതിന്റെ യുക്തിക്ക് നേരെ മേൽ പ്രസ്താവനയുടെ വെളിച്ചത്തിൽ ചോദ്യം ഉയരാവുന്നതാണ്. സർവ മനുഷ്യർക്കും സർവ കാലത്തേക്കും ബാധകമായ സാർവത്രികാദ്ധ്യാപനങ്ങൾ പൂർവികമായ എല്ലാ മതങ്ങളും ഉൾക്കൊണ്ടിരുന്നുവെങ്കിൽ ആപേക്ഷികമായി ഇസ്‌ലാം മറ്റു മതങ്ങളെ അപേക്ഷിച്ച് കൂടുതൽ സാർവത്രികവും കൂടുതൽ പൂർണവുമാണെന്ന് എന്തുകൊണ്ടാണ് അവകാശപ്പെടുന്നതെന്ന് ഒരാൾ അദ്ഭുതപ്പെട്ടേക്കാം.

1. ആദ്യത്തെ ചോദ്യത്തിനുള്ള മറുപടി അനിഷേധ്യമായ ഒരു ചരിത്ര വസ്തുത എന്ന നിലയ്ക്ക് അവതരിപ്പിക്കപ്പെട്ട എല്ലാ വെളിപാട് ഗ്രന്ഥങ്ങളിലേക്കും സംഹിതകളിലേക്കും മാനവരാശിയുടെ ശ്രദ്ധ ഖുർആൻ ക്ഷണിക്കുന്നു. അതായത് ഈ ഗ്രന്ഥങ്ങളും സംഹിതകളിലേയും അദ്ധ്യാപനങ്ങൾ അവയുടെ ആധികാരികതയേയും പ്രമാണികതയേയും സംശയിക്കുമാറ് ഭേദഗതിചെയ്തും പുതിയ കൂട്ടിച്ചേർക്കലുകൾ നടത്തിയും കളങ്കിതമാക്കപ്പെട്ടിട്ടുണ്ട്.

മത ഗ്രന്ഥങ്ങൾക്ക് മാറ്റങ്ങളൊന്നും സംഭവിച്ചിട്ടില്ല എന്ന് തെളിയിക്കേണ്ട ചുമതല തീർച്ചയായും അത്തരം വാദമുന്നയിക്കുന്ന മതത്തിന്റെ അനുയായികളുടെ ബാധ്യതയാണ്. വിശുദ്ധ ഖുർആനെ സംബന്ധിച്ചിടത്തോളം മറ്റു മത ഗ്രന്ഥങ്ങൾക്കിടയിൽ അതിന് അതുല്യവും അന്യാദൃശവുമായ ഒരു സ്ഥാനമുണ്ട്. ഖുർആൻ ദൈവത്തിന്റെ വചനമല്ലെന്ന് വിശ്വസിക്കുന്ന ഇസ്‌ലാമിന്റെ കടുത്ത ശത്രുക്കൾ പോലും വിശുദ്ധ ഖുർആൻ മുഹമ്മദ് നബി(സ)ക്ക് എപ്രകാരമാണോ ലഭ്യമായിട്ടുള്ളത് അപ്രകാരം തന്നെ യാതൊരു മാറ്റവും വ്യതിയാനവുമില്ലാതെ ഇന്നും നിലകൊള്ളുന്നു എന്ന് ഏറ്റു പറയുന്നു.

ഉദാഹരണത്തിന് *'ബാഹ്യവും ആന്തരികവുമായി എല്ലാ സുരക്ഷയോടുംകൂടിയാണ് മുഹമ്മദിന് നല്കപ്പെട്ടതും ഉപയോഗിച്ചിരുന്നതുമായ ഗ്രന്ഥം നമുക്ക് ലഭിച്ചത്.' [Life of Mohamet Sir William Muir P 27) (London - 1878)]*

*'വിശുദ്ധ ഖുർആനിലെ ഓരോ വചനവും കലർപ്പില്ലാത്തതും യാതൊരു മാറ്റവും സംഭവിക്കാത്തതും മുഹമ്മദിനാൽ സമാഹൃവുമായതാണെന്ന് ഞങ്ങൾക്ക് ഉറച്ചതും ശക്തവുമായ ധാരണയാണുളളത്. [പേജ് 28 Life of Mohamet by William Muir (London 1878)].*

*'നിസ്സാരമായ ലിഖിത സ്ഖലിതങ്ങൾ ഉണ്ടായേക്കാം. പക്ഷേ, ഉഥ്മാന്റെ ഖുർആൻ അത്യന്തം കലർപ്പില്ലാത്ത ഘടകങ്ങളല്ലാതെ മറ്റൊന്നുമല്ല. ചിലപ്പോൾ അവ വിചിത്രമായ ക്രമത്തിലാണ്. ഖുർആനിൽ പിന്നീട് പ്രക്ഷിപ്തങ്ങൾ ഉണ്ടായിട്ടുള്ളതായി തെളിയിക്കാൻ യൂറോപ്യൻ പണ്ഡിതന്മാർ നടത്തിയ ശ്രമങ്ങളെല്ലാം പരാജയത്തിൽ കലാശിച്ചു.' (Prof. Noldeke in Encyclopaedia Brittanica 9th Edition Under Quran)*

ഏത് ഗ്രന്ഥം ആരെഴുതിയതാണ് എന്നത് തികച്ചും വ്യത്യസ്തമായ മറ്റൊരു വിവാദ മേഖലയാണ്. ദൈവം അവതരിപ്പിച്ച ഒരു മതഗ്രന്ഥത്തിന്റെ ആധികാരികതയെ മറ്റൊരു മതത്തിന്റെ അനുയായികൾ വെല്ലുവിളിക്കുന്നു. തോറയും ഇഞ്ചീലും (ബൈബിൾ പഴയ നിയമവും പുതിയ നിയമവും) മാത്രമല്ല ദൈവത്തിൽ നിന്ന് അവതീർണമായത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള വിവിധ മതസ്ഥരുടെ ഗ്രന്ഥങ്ങളും അതേ ദൈവത്താൽ അവതീർണമായത് തന്നെയാണെന്ന കാര്യത്തിൽ യാതൊരു സംശയവു

മില്ല. അതിൽ കാണുന്ന പരസ്പര വൈരുദ്ധ്യങ്ങൾ മനുഷ്യ കൃതങ്ങളാണ്. മതങ്ങൾക്കിടയിൽ സമാധാനം സ്ഥാപിക്കണമെന്ന ആഗ്രഹത്തിൽ ഇതു സംബന്ധിച്ച് ഖുർആന്റെ സമീപനം ഏറ്റവും യാഥാർഥ്യ പൂർണമാണെന്ന് പറയേണ്ടിയിരിക്കുന്നു.

2. രണ്ടാമത്തെ പ്രശ്നം, മനുഷ്യ സമൂഹത്തിന്റെ സർവ മേഖലയിലും സംഭവിക്കുന്ന പരിണാമത്തിലേക്ക് വിശുദ്ധ ഖുർആൻ നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. മനുഷ്യകരങ്ങളാൽ വികൃതമാക്കപ്പെട്ട പഴയ മതത്തിന്റെ അടിസ്ഥാന അദ്ധ്യാപനങ്ങൾ പുനസ്ഥാപിക്കാൻ മാത്രമല്ല ഒരു സമൂഹ നിർമിതി എന്ന നിലയ്ക്ക് പുരോഗതിയുടെ നൈരന്തര്യം നില നിർത്താൻ പഴയതിനോട് പുതിയവ കൂട്ടി ചേർക്കാനും പുതിയ മതങ്ങൾ ആവശ്യമാണ്.

3. അത് മാത്രമല്ല മാറ്റത്തിന്റെ ഈ പ്രക്രിയയിൽ പ്രവർത്തിക്കുന്ന മറ്റൊരു ഘടകം, ചില പ്രത്യേക ജനതയുടെയോ കാലഘട്ടത്തിന്റെയോ ആവശ്യങ്ങളെ നേരിടാൻ വെളിപ്പെടുന്ന കാലവുമായി ബന്ധപ്പെട്ട ദ്വിതീയാദ്ധ്യാപനങ്ങളാണ്. ഇതിനർഥം മതം നിർമിക്കപ്പെട്ടത് മാറ്റമില്ലാത്ത സനാതനതത്ത്വങ്ങളുടെ അകകാമ്പിനാൽ മാത്രമല്ല എന്നാണ്. അതോടനുബന്ധിച്ചുള്ള ദ്വിതീയവും താൽക്കാലികമായിട്ടുള്ള അദ്ധ്യാപനങ്ങൾക്കൂടി ഉൾക്കൊള്ളുന്ന പരിവേഷങ്ങൾ സഹിതമാണ് മതം നിർമിക്കപ്പെട്ടത്.

4. ഒടുവിൽ പറയുന്നതാണെങ്കിലും പ്രാധാന്യം ഒട്ടും കുറവില്ലാത്ത ഒരു കാര്യം ഇതാണ്. അതായത് മനുഷ്യന് നല്കപ്പെട്ട ദിവ്യമായ അദ്ധ്യാപനങ്ങൾ പഠിപ്പിക്കപ്പെട്ടതും പരിശീലിപ്പിക്കപ്പെട്ടതും ഒറ്റയടിക്കല്ലായിരുന്നു. ക്രമേണ ഓരോ ചുവടും വെച്ചു കൊണ്ടായിരുന്നു മാനസികമായ പക്വതയിലേക്ക് നീങ്ങിയത്. ആ പരിപക്വമായ ഘട്ടത്തിലാണ് അവന്റെ മാർഗദർശനത്തിനാവശ്യമായ എല്ലാ മൗലിക പ്രമാണങ്ങളും സ്വീകരിക്കാൻ മനുഷ്യൻ പ്രാപ്തനായത്. ഖുർആന്റെ അവകാശവാദ പ്രകാരം സമ്പൂർണവും അവികലവും മികവുറ്റതുമായ ഒരു മതത്തിന്റെ അതായത് ഇസ്ലാമിന്റെ ഭാഗമായിട്ടാണ്, ശാശ്വതവും സനാതനവുമായ മൂല തത്ത്വങ്ങളെ ആധാരമാക്കിയുള്ള അതിനോട് അനുബന്ധമായ ദ്വിതീയാദ്ധ്യാപനങ്ങളും വെളിപ്പെട്ടത്. അതായത് തികച്ചും പ്രാദേശികമായും താൽക്കാലിക സ്വഭാവത്തോടുകൂടിയതുമായ അദ്ധ്യാപനങ്ങൾ റദ്ദാക്കപ്പെടുകയോ വിട്ടുകളയുയോ ചെയ്തു. അത് ആവശ്യമായി വരുകയാണെങ്കിൽ അപ്പോൾ അത് അനുവദിക്കപ്പെടുകയും നില നിർത്തുകയും ചെയ്തിരുന്നു. (കാണുക - വിശുദ്ധ ഖുർആൻ, അദ്ധ്യായം 5:14-16)

ഇസ്ലാം സ്വായത്തമാക്കിയിട്ടുള്ള മതകീയമായ സാർവത്രിക സങ്കൽപ്പത്തിന്റെ സാരംശം ഇതാണ്. ഈ വിഷയത്തിലുള്ള വ്യത്യസ്തമായ അവകാശവാദങ്ങളും താരതമ്യാത്കമായ യോഗ്യതകളും വെച്ച് കൊണ്ട് ആളുകൾക്ക് ഗവേഷണം നടത്തി ഇക്കാര്യത്തിൽ വിധി പറയാവുന്നതാണ്.

ആഗോളതലത്തിൽ അധീശത്വത്തിനായി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന മതങ്ങളുടെ പ്രശ്നത്തിലേക്ക് തന്നെ ഒരിക്കൽ കൂടി നമുക്ക് തിരിച്ചുവരാം. ഇസ്ലാം അത്തരത്തിലുള്ള ദുരാഗ്രഹങ്ങളൊന്നും തന്നെ വെച്ചു പുലർത്തുന്നില്ല. എന്നാൽ പ്രവചനമെന്ന നിലയിൽ ഒരു ദിനം ഇസ്ലാം മനുഷ്യസമൂഹത്തിന്റെ ഒരേയൊരു മതമായി ഭവിക്കുമെന്ന് വിധിക്കപ്പെട്ടതായി വിശുദ്ധഖുർആൻ പ്രഖ്യാപിക്കുന്നു.

**തന്റെ ദൂതനെ നേർമാർഗത്തോടും സത്യമതത്തോടുംകൂടി അയച്ചവനത്രെ അവൻ. അദ്ദേഹം അതിനെ സർവ മതങ്ങളേയും സ്വാധീനിക്കുന്നതിനുവേണ്ടി, ബഹുദൈവ വിശ്വാസികൾ വെറുത്താലും ശരി (അദ്ധ്യ.61, അൽ സ്വഫ്ഫ്:10)**

വിവിധ മതങ്ങൾ തമ്മിൽ സമാധാനവും സൗഹാർദവും സ്ഥാപിക്കാനുള്ള ഇസ്ലാമിന്റെ പ്രതിബദ്ധത ഒരു വശത്ത് നിലനിൽക്കെ തന്നെ മറ്റുള്ളവരെ അതിജയിക്കാനുള്ള മത്സരാത്മകമായ ആശയ പ്രചാരണത്തേയും സന്ദേശ വ്യാപനത്തെയും ഇസ്ലാം നിരുത്സാഹപ്പെടുത്തുന്നില്ല. വാസ്തവത്തിൽ മറ്റു വിശ്വാസങ്ങളുടെ മേൽ ഇസ്ലാമിന്റെ ആത്യന്തികമായ മേന്മ ഉറപ്പാക്കൽ പാവനമായ ഒരു ലക്ഷ്യമെന്ന നിലയ്ക്ക് ഓരോ ഇസ്ലാം മതവിശ്വാസിയും ഈ മാർഗം അവലംബിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു.

ഇസ്ലാം മതത്തിന്റെ വിശുദ്ധ സ്ഥാപകരെ അഭിസംബോധന ചെയ്തുകൊണ്ട് ദൈവം പറയുന്നു:

**പറയുക ഓ, മനുഷ്യരേ, സത്യമായും നിങ്ങളെല്ലാവരിലേക്കും (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാണ് ഞാൻ. ആകാശങ്ങളുടേയും ഭൂമിയുടെയും ആധിപത്യം അവനുള്ളതാണ്. അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട് നിങ്ങൾ അല്ലാഹുവിൽ വിശ്വസിക്കുക. അല്ലാഹുവിലും അവന്റെ വചനങ്ങളിലും വിശ്വസിക്കുന്ന പരമ പരിശുദ്ധനായ അവന്റെ ദൂതനിലും വിശ്വസിക്കുക. നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനായി അദ്ദേഹത്തെ പിന്തുടരുകയും ചെയ്യുക. (അദ്ധ്യാ. 7, അഅ്റാഫ്: 159)**

ഏതായാലും ഇസ്ലാം സംഘർഷങ്ങളും തെറ്റിദ്ധാരണകളും മുൻകൂട്ടി കണ്ടുകൊണ്ട് അത് ഒഴിവാക്കാൻ സുവ്യക്തമായ ചില നിയമ നിർദേശങ്ങൾ മുന്നോട്ടു വെക്കുന്നു. കേവല നീതി, ആശയ പ്രചാരണ സ്വാതന്ത്ര്യം, ആശയ പ്രകടന സ്വാതന്ത്ര്യം, വിയോജിക്കാനുള്ള സ്വാതന്ത്ര്യം മുതലായവ ഉറപ്പാക്കാൻ അവ പര്യാപ്തമാകും.

# പവിത്ര ജീവിതം

ദൈവനിയുക്താരാവുന്നതിനു മുമ്പുള്ള പ്രവാചകന്മാരുടെ ജീവിതം അവരുടെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ തെളിവാണ്.

**മുഹമ്മദ് ഉമർ**
(നായിബ് നാസിർ അഅ്‌ലാ, ഖാദിയാൻ)



**പ**ഞ്ചാബിലെ ഖാദിയാൻ എന്ന ഒരു കുഗ്രാമത്തിൽ വെച്ച് 131 വർഷങ്ങൾക്ക് മുമ്പ് ഒരാൾ ദൈവം തനിക്ക് ഇപ്രകാരം ദിവ്യവെളിപാട് അറിയിച്ചിരിക്കുന്നുവെന്ന് വാദിക്കുകയുണ്ടായി. അതായത് നീ പ്രഖ്യാപിക്കുക. ഞാൻ നിയുക്ത നാക്കപ്പെട്ടിരിക്കുന്നു. അതിൽ ഞാൻ ഒന്നാമനായിരിക്കും. വിശ്വാസം കൊള്ളുന്നു എല്ലാ അനുഗ്രഹ ങ്ങളും മുഹമ്മദ് നബി(സ) തിരുമേനിയിൽ നിന്നുള്ളതാണ്. പഠിപ്പിക്കുന്ന ആളും പഠിക്കുന്ന ആളും (ഗുരുവും ശിഷ്യനും) അനുഗൃഹീതരാകുന്നു.

തുടർന്ന് അവിടുന്ന് ഇപ്രകാരം വാദിച്ചു. എനിക്ക് അല്ലാഹുവിന്റെ പരിശുദ്ധവും പവിത്രവുമായ ദിവ്യവെളിപാട് മുഖേന ഞാൻ അവന്റെ ഭാഗത്ത്നിന്നുള്ള വാഗ്ദത്ത മഹ്ദിയും മസീഹും ആണെന്നും ആന്തരികവും ബാഹ്യവുമായ വിശ്വാസവൈരുദ്ധ്യങ്ങളെ നീതിയോടു കൂടി തീർപ്പ് കൽപ്പിക്കുന്നവനുംആണെന്നുള്ള വിവരം ലഭിച്ചിരിക്കുന്നു (അർബയീൻ വാള്യം1 പേജ് 40)

പിന്നീട് തന്റെ വാദങ്ങളെ കുറിച്ച് അല്ലാഹുവിനെ സാക്ഷി നിർത്തിക്കൊണ്ട് അവന്റെ പേരിൽ ആണയിട്ടു പറയുന്നു:

ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവൻ ഇരിക്കുന്നത് ആ അല്ലാഹുവിന്റെ പേരിൽ ആണയിട്ടുകൊണ്ട് പറയുന്നു ഹദ്റത്ത് റസൂൽ കരീം (സ) സഹീഹായ ഹദീസുകളിൽ പ്രവചിച്ചതനുസരിച്ച്, ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഈ പ്രവചനം സഹീഹുൽ ബുഖാരിയിലും മുസ്‌ലിമിലും ഇതര സഹീഹുകളിലുമുണ്ട്.(മൽഫൂസാത്ത്. വാള്യം 1 പേജ്. 213). വീണ്ടും അരുൾ ചെയ്യുന്നു:

ഞാൻ വാഗ്ദത്തം ചെയ്യപ്പെട്ട മസീഹാണ്. ഏതൊരാളുടെ പേര് ഹദ്റത്ത്റസൂൽ തിരുമേനി (സ) നബിയുല്ലാഹ് എന്നു വെച്ചിരിക്കുന്നുവോ ആ ആൾ ഞാൻ തന്നെയാണ്(നുസൂലുൽ മസീഹ്. പേജ് 46)

തനിക്ക് ലഭ്യമായ ഈ ആത്മീയ സ്ഥാനത്തിന്റെ യാഥാർഥ്യം വിവരിച്ചു കൊണ്ട് അദ്ദേഹം എഴുതുന്നു.

ഞാൻ നബി (സ) തിരുമേനിയുടെ ഉമ്മത്തിയും അനുസാരിയും അല്ലായിരുന്നുവെങ്കിൽ ലോകത്തുള്ള സർവ പർവതങ്ങൾക്കും സമാനമായി പുണ്യകർമങ്ങൾ ഞാൻ ചെയ്തിട്ടുണ്ടെന്നാലും അല്ലാഹുവിൽ നിന്നുള്ള മധുരഭാഷണത്താൽ ഞാൻ അനുഗൃഹീതനാകുമായിരുന്നില്ല. എന്തെന്നാൽ മുഹമ്മദീയ്യാനുബുവ്വത്ത് അല്ലാത്ത മറ്റെല്ലാ നുബുവ്വത്തുകളും നിർത്തലാക്കിയിരിക്കുകയാണ്. ശരീഅത്തോടു കൂടിയ ഒരു പ്രവാചകനും ഇനി വരികയില്ല. ശരീഅത്തില്ലാത്ത നബി ഇനി വരാവുന്നതാണ്. പക്ഷേ ആ നബി ഒന്നാമതായി തിരു നബി (സ) യുടെ ഉമ്മത്തിയായിരിക്കേണ്ടതാണ്. (തജല്ലിയാത്തെ ഇലാഹിയ്യ, ഭാ 24, 25)

മേൽ വിവരിച്ച യാഥാർഥ്യങ്ങളുടെ വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദ്(അ) ന്റെ വാഗ്ദത്ത മഹ്ദി

വാദത്തെക്കുറിച്ച് അവലോകനം നടത്തുന്നതിന് മുമ്പായി ഒരു ദൈവനിയുക്തവാദിയുടെ വാദത്തോട് നാം എങ്ങനെയാണ് പ്രതികരിക്കേണ്ടതെന്ന് വിശുദ്ധ ഖുർആനിലെ അദ്ധ്യാപനത്തിലേക്ക് ശ്രദ്ധക്ഷണിക്കാനാഗ്രഹിക്കുന്നു. അതായത് ഖുർആൻ പറയുന്നു:

**പറയുക: നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ ഈ വാദി അല്ലാഹുവിൽ നിന്നാകുകയും എന്നിട്ട് നിങ്ങൾ**



**അദ്ദേഹത്തെ നിഷേധിക്കുകയും ചെയ്യുന്നതായാൽ വിദുരമായ ഭിന്നതയിൽ ഉള്ളവനേക്കാൾ കൂടുതൽ വഴിപിഴച്ചവൻ മറ്റാരാണ്? ഈ വാദി സത്യവാനാണെന്ന് അവർക്ക് സ്പഷ്ടമായി മനസ്സിലാക്കുവാൻ നമ്മുടെ ദൃഷ്ടാന്തങ്ങളെ ദിങ്മണ്ഡലങ്ങളിലും അവരുടെ നഫ്സുകളിൽ തന്നെയും നാം വേഗം അവർക്ക് കാണിച്ചുകൊടുക്കുന്നതാണ്. നിന്റെ നാഥൻ എല്ലാ കാര്യത്തിനും സാക്ഷിയാണെന്നത് (അവർക്ക്) മതിയായതല്ലേ? ( 41: 53-54)**

വീണ്ടും മറ്റൊരു സ്ഥലത്ത് പറയുന്നു: **നിങ്ങളുടെ അടുക്കലുള്ളതിനെ സാക്ഷീകരിച്ചുകൊണ്ട് ഞാനിറക്കിയതിനെ നിങ്ങൾ വിശ്വസിക്കുക. ആ ആളെ നിഷേധിക്കുന്നതിൽ നിങ്ങൾ മുമ്പനാകരുത്(2:42)**

പ്രസ്തുത രണ്ട് തിരുവാക്യങ്ങളുടെയും വെളിച്ചത്തിൽ ഹദ്റത്ത് അഹ്മദി(അ)ന്റെ വാദത്തെക്കുറിച്ചും അതിന് നിദാനവും സാക്ഷ്യവുമയ വിശുദ്ധ ഖുർആനിൽ നിന്ന് തെളിയുന്ന തെളിവുകളെക്കുറിച്ചും കൂലങ്കഷമായി ചിന്തിക്കേണ്ടതുണ്ട്. വാദം ശ്രവിച്ച മാത്രയിൽ എതിർക്കുകയും നിഷേധിക്കുകയും ഹാലിളകി കൊണ്ട് കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയും ചെയ്യുന്നത് 'നിഷേധി ക്കുന്നവരിൽ മുമ്പനാകരുത്'എന്ന ഖുർആനികാദ്ധ്യാപനത്തിനെതിരാണ്. ഇതിനുള്ള ഉത്തമ മാതൃക ഹദ്റത്ത് റസൂൽ കരീം (സ) തിരുമേനിയിൽ നിന്ന് നമുക്ക് മനസ്സിലാക്കാം. അതായത് ഹദ്റത്ത് റസൂൽ കരിം (സ) ന്റെ അടുക്കൽ ഒരു വ്യാജ നുബുവ്വത്ത് വാദവുമായി ഇബ്നു സയാദ് എന്നയാൾ വന്നു ' അശ്ഹദു ഇന്നീ റസുലുല്ലാഹി ' ഞാൻ ഒരു ദൈവപ്രവചകനാണെന്ന് താങ്കൾ സാക്ഷ്യം വഹിക്കുന്നുവോ? എന്നുചോദിച്ചു. അതിനുള്ള പ്രതികരണമെന്നോണം തിരുനബി (സ) അയാളെ എതിർക്കുകയോ ഞാൻ നബിയായിരിക്കെ നിങ്ങൾക്ക് ഇപ്രകാരം വാദിക്കാനും ചോദിക്കാനും ഉള്ള അധികാരമെന്തുണ്ട് എന്ന് പറയുകയോ നീ കള്ള വാദിയാണെന്നു പറഞ്ഞു ഖണ്ഡിക്കുകയോ അയാളെ വധിക്കുവാൻ ശ്രമിക്കുകയോ ചെയ്യാതെ വളരെ സൗമ്യനായി കൊടുത്ത മറുപടി 'ആമന്ത്ത്തു ബില്ലാഹി വ റസൂലിഹി 'ഞാൻ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുന്നു എന്നായിരുന്നു.

ഇത്രയും ആമുഖമായി വിവരിച്ചതിന് ശേഷം, പ്രസ്തുത ആയത്തിന്റെ വെളിച്ചത്തിൽ ഹദ്റ ത്ത് അഹ്മദി(അ)ന്റെ സത്യത്തിന് സാക്ഷ്യമായി വിശുദ്ധ ഖുർആൻ നൽകുന്ന മാനദണ്ഡം എന്താണെന്ന് നോക്കുക. അതിനായി ഹദ്റത്ത് റസൂൽ തിരുമേനി (സ) യുടെ സത്യത്തിന് നിദാനമായി വിശുദ്ധ ഖുർആൻ കാണിക്കുന്ന മാർഗദർശനം മാർഗ ദീപമായി കാണേണ്ടതാണ്.

ഒരു ദൈവനിയുക്തവാദിയുടെ സത്യ സാക്ഷ്യത്തിനായി അദ്ദേഹത്തിന്റെ വാദത്തിനുമുമ്പുള്ള ജീവിതം പവിത്രവും നിഷ്ക്കളങ്കവും കുറ്റമറ്റതുമായിരിക്കണമെന്ന മാനദണ്ഡം വിശുദ്ധ ഖുർആൻ സമർപ്പിക്കുന്നു. അല്ലാഹുവിന്റെ കൽപ്പനയനുസരിച്ച് ഹദ്റത്ത് റസൂൽ തിരുമേനി(സ) മക്കയിലെ അവിശ്വാസികളെ ഇപ്രകാരം ഉൽബോധിപ്പിക്കുകയുണ്ടായി

**ഇതിന് മുമ്പ് ഒരു ദീർഘകാലം ഞാൻ നിങ്ങളുടെ മുമ്പിൽ ജീവിച്ചിരുന്നുവല്ലോ. എന്നിട്ടും നിങ്ങൾ കാര്യങ്ങൾ ഗ്രഹിക്കുന്നില്ലേ? (10:17)** ഹദ്റത്ത് റസൂൽ കരിം(സ) തന്റെ സത്യതയെ തെളിയിക്കുന്നതിനായി മക്കയിലെ വിഗ്രഹാരാധകരും അവിശ്വാസികളുമായവരുടെ മുമ്പാകെ വെച്ചിരുന്ന സത്യസാക്ഷ്യം ഇതായിരുന്നു. ഞാൻ എന്റെ വാദത്തിന് മുമ്പ് നിങ്ങൾക്കിടയിൽ നാൽപ്പത് വർഷക്കാലം ജീവിച്ചിരുന്നുവല്ലോ. എന്റെ ജീവിതത്തിൽ എന്തെങ്കിലും ന്യൂനതയോ പോരായ്മയോ അസത്യമോ നിങ്ങൾക്ക് തെളിയിക്കാൻ സാധിക്കുമോ? എന്റെ പരിശുദ്ധ ജീവിതം കാരണം നിങ്ങൾ എനിക്ക്

'സിദ്ദീക്ക്' എന്നും 'അമീൻ'എന്നും ഉള്ള പേരുകൾ നൽകിയിരുന്നില്ലേ? ഞാനെന്റെ ബല്യകാലവും യൗവ്വനവും പിന്നിട്ടു നാൽപ്പ താമത്തെ വയസ്സിൽ നിങ്ങളുടെ മുമ്പിൽ നിറഞ്ഞു നിൽക്കുകയാണ്. എന്റെ പരിശുദ്ധ ജീവിതം ദർശിച്ച് നിങ്ങൾ 'മാ ജർ റബനാ അലൈക്ക സിദ്ക്ക്' (നിന്നിൽ ഞങ്ങൾക്ക് സത്യമല്ലാതെ മറ്റൊന്നും തന്നെ കാണുവാൻ സാധിച്ചിട്ടില്ല) എന്ന് ഐകകണ്ഠ്യേന നിങ്ങൾ സാക്ഷ്യം വഹിച്ചില്ലേ? എന്നിരിക്കെ ഞാൻ പെട്ടെന്ന് ഒരു സുപ്രഭാതത്തിൽ ഒരു പെരും കള്ളം പറഞ്ഞുവെന്നാണോ നിങ്ങൾ പറയുന്നത് ? അതും സർവലോക നിയന്താവും സർവ ജ്ഞനും ആയ അല്ലാഹുവിന്റെ പേരിൽ കറ്റുകെട്ടി കള്ളവാദം പുറപ്പെടുവിക്കുകയാണെന്ന് നിങ്ങൾക്കെങ്ങനെ പറയുവാൻ സാധിക്കും? ഹദ്റത്ത് റസൂൽ തിരുമേനി(സ)യുടെ ഈ വെല്ലുവിളി സ്വീകരിക്കുവാൻ അന്നും ഇന്നും ആർക്കും സാധിച്ചിരുന്നില്ല.

ചുരുക്കത്തിൽ ആ പുണ്യാത്മാവ് തന്റെ വാദത്തിന് സത്യസാക്ഷ്യമായി ലോകത്തിന് മുമ്പിൽ വെച്ച മാനദണ്ഡം തന്റെ പരിശുദ്ധവും പരിപാവനവുമായ ജീവിതമായിരുന്നു. അതേ പ്രകാരം വഗ്ദത്ത മഹ്ദിയും തന്റെ സത്യത്തിന് നിദാനമായി എടുത്ത് കാണിക്കുന്നത് തന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതമാണ്. അദ്ദേഹം അരുൾ ചെയ്യുന്നു:

*'വാദത്തിനു മുമ്പുള്ള എന്റെ ജീവിതത്തിൽ നിന്ന് നിങ്ങൾക്ക് കളവ്, വഞ്ചന, കറ്റുകെട്ട് മുതലായ ഒരു ന്യൂനതയും ദോഷവും എടുത്തുകാണിക്കുവാൻ സാധിക്കുന്നതല്ല. പണ്ടുമുതലേ കളവുംവഞ്ചനയും കൈമുതലായുള്ള ഒരാൾ പെട്ടെന്ന് ഇങ്ങനെ ഒരു വാദം പുറപ്പെടു വിക്കുന്നതാണല്ലോ സംശയകരമായിരിക്കുക. എന്റെ ജീവിതത്തിൽ എന്തെങ്കിലും ഒരു ദൂഷ്യം എടുത്ത് കാണിക്കുവാൻ സാധിക്കു മോ? ആരംഭത്തിൽ തന്നെ എന്റെ ജീവിതം ഭയഭക്തിയിലും തഖ്‌വയിലും അധിഷ്ഠിതമാക്കിയത് എനിക്ക് ലഭിച്ച മഹാഭാഗ്യമാണ്. ചിന്തിക്കുന്നവർക്ക് ഇതും ഒരടയാളമാണ്.' (തദ്ക്കിറത്തുശ്ശഹാദ ത്തൈൻ, പേ. 62)*

*'അക്രമികളായ എതിരാളികളുടെ വായടക്കുവാൻ അല്ലാഹു ഇൽഹാം മുഖേന എന്നെ ഇപ്രകാരം അറിയിച്ചിരിക്കുന്നു. ഇവരോടു ചോദിക്കുക എന്റെ നാൽപ്പത് വർഷക്കാലത്തെ ജീവിതം ഒരു തുറന്ന പുസ്തകം പോലെ നിങ്ങളുടെ മുമ്പാകെ ഉണ്ടല്ലോ. ആ ജീവിതത്തിൽ എന്തൊരു ദൂഷ്യവും ന്യൂനതയുമാണ് നിങ്ങൾക്ക് കാണുവാൻ സാധിച്ചത്! ഏതെങ്കിലും ഒരു കളവ്, ചതി എന്റെ ജീവിതത്തിൽ നിന്നും നിങ്ങൾക്ക് എടുത്തു കാണിക്കുവാൻ സാധിക്കുമോ?'* (തിരിയാക്കുൽ ഖുലൂബ്)

അദ്ദേഹം വീണ്ടും പറയുന്നു: എനിക്കിപ്പോൾ അറുപ്പത്തഞ്ചു വയസ്സായി. എന്റെ അടുത്തോ അകലത്തോ താമസിക്കുന്ന ആർക്കും തന്നെ എന്റെ ഇതപര്യന്തമുള്ള ജീവിതത്തിൽ നിന്ന് ഒരുപോരായ്മയും എടുത്തുകാണിക്കുവാൻ സാധ്യമല്ല. മാത്രമല്ല എന്റെ വാദത്തിന് മുമ്പുള്ള ജീവിതത്തിന്റെ പരിശുദ്ധത അല്ലാഹു എന്റെ ശത്രുക്കളെ കൊണ്ടു തന്നെ പറയിപ്പിച്ചിരിക്കുന്നു. ഉദാഹരണമായി മൗലവി മുഹമ്മദ് ഹുസൈൻ സാഹിബ് തന്റെ ഇശാഅത്തു സുന്ന എന്ന മാസികയിൽ ഈയുള്ള വനെയും കുടുംബത്തെയും കുറിച്ച് തനിക്കറിയുമ്പോലെ മറ്റാർക്കും അറിയില്ലെന്ന് വാദിച്ചിരിക്കുന്നു. അങ്ങനെ എനിക്കെതിരായി പുറപ്പെടുവിക്കപ്പെട്ട ഫത്‌വകളുടെ കാരണക്കാരായ ഒരു ശത്രുവി നെക്കൊണ്ട് തന്നെ അല്ലാഹു പരിശുദ്ധതയെ കുറിച്ച് 'ഫഖദ്‌ല ബിസ്ത്തു ഫീക്കും എന്ന സത്യ സാക്ഷ്യം പൂർത്തീകരിച്ചിരിക്കുന്നു (നുസൂലുൽ മസീഹ്)

ഹദ്റത്ത് വാഗ്ദത്ത മസീഹിന്റെ ഈ വാദം അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള സുശക്തമായ ഒരു തെളിവാകുന്നു. അദ്ദേഹത്തിന്റെ വാദത്തിനുമുമ്പുള്ള ജീവിതത്തിൽ ആർക്കും ഇന്നു വരെ ഒരു ന്യൂനതയും പോരായ്മയും ദൂഷ്യവും ചുണ്ടിക്കാണിക്കുവാൻ സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ഹദ്റത്ത് വാഗ്ദത്ത മസീഹ് (അ) സൂചിപ്പിച്ച മൗലവി മുഹമ്മദ് ഹുസൈൻ ബട്ടാലവി അദ്ദേഹത്തിന്റെ പവിത്ര ജീവിതത്തെ പറ്റി ഇപ്രകാരം ഏറ്റുപറയുന്നു:

*'ബറാഹീനെ അഹ്മദിയ്യായുടെ ഗ്രന്ഥകർത്താവിന്റെ സ്ഥിതികളെയും അദ്ദേഹത്തിന്റെ ചിന്താഗതികളെയുംകുറിച്ച് നാം അറിയുന്നത് പോലെ നമ്മുടെ സമകാലീനന്മാർക്ക് അധികവും അറിവുണ്ടായിരിക്കയില്ല. അദ്ദേഹം എന്റെ സ്വന്തം നാട്ടുകാരനും ആദ്യകാല സഹപാഠിയുമായിരുന്നു' ( ഇശാഅത്തുസുന്ന: വോ 7. പേ 176)*


*ബറാഹീനെ അഹ്മദിയ്യ ആ ഗ്രന്ഥകർത്താവ് അനുകൂലമായും പ്രതികൂലമായും ഉള്ള അനുഭവങ്ങളുടെയും സാക്ഷ്യങ്ങളുടെയും വെളിച്ചത്തിൽ (അല്ലാഹു പോരുന്നവനാണ്) ശരീഅത്തെ മുഹമ്മദിയ്യായിൽ അധിഷ്ഠിതവും പരിശുദ്ധവാനും സത്യാത്മാവും ആണ്.'(ഇശാഅത്തുസുന്ന: വോ, 7,പേ,384)*

*'ധനം കൊണ്ടും ദേഹം കൊണ്ടും പേനകൊണ്ടും നാവു കൊണ്ടും പ്രവൃത്തികൊണ്ടും വാക്കുകൊണ്ടും ഇസ്‌ലാമിന്‌വേണ്ടി ഈ ഗ്രന്ഥകർത്താവിനെ പോലെ സേവനം ചെയ്തിട്ടുള്ളവർ പൂർവിക മുസ്‌ലിംകളിൽ പോലും വളരെ വിരളമായേ കാണപ്പെടുന്നുള്ളു.' (ഇശാഅത്തുസുന്ന: വോ, 6 പേ, 169,100)*

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലാനാ സഫർ അലി ഖാൻ തന്റെ സമീന്ദാർ എന്ന പത്രത്തിൽ ഹദ്റത്ത് അഹ്മദ് (അ) നെക്കുറിച്ചുള്ള ചരമക്കുറിപ്പിൽ എഴുതുന്നു. *'യൗവന ദശയിൽ പോലും അദ്ദേഹം വളരെയധികം സാത്വികനും മുത്തഖിയും ആയ ഒരു മാന്യദേഹമായിരുന്നുവെന്ന് ഒരു ദൃക്സാക്ഷിയെന്നോണം ഞാൻ*

### യവന തത്ത്വചിന്താലോകത്തെ ത്രിമൂർത്തികൾ – 1

# പുഞ്ചിരിയോടെ ഏറ്റുവാങ്ങിയ മരണം



എ. ക്യു. മഹ്ദി

അധികാരികൾ വിധിച്ച മരണം സുസ് മേര വദനനായി ഏറ്റുവാങ്ങിയ മഹാനായ ഒരു ദിവ്യാത്മാവിന്റെ കഥ.

**നേ**ർത്ത പകൽവെളിച്ചം കടന്നെത്താൻ മടികാട്ടുന്ന ആ ഇടുങ്ങിയ ജയിലറയുടെ ഉരുക്കു ഗേറ്റിനു മുമ്പിൽ, അഴികൾക്കു പുറത്ത്, മുഖ്യവാർഡൻ പ്രത്യക്ഷപ്പെട്ടു. പിന്നാലെ വന്ന ജയിൽ ശിപായി

*സാക്ഷ്യം വഹിക്കുന്നു. വ്യക്തിപരമായി അദ്ദേഹത്തിന്റെ വാദഗതികളോട് പൂർണമായി യോജിക്കുവാൻ സാധിക്കുകയില്ലെങ്കിൽ കൂടി അദ്ദേഹം യഥാർഥ മുസൽമാനാണെന്ന് ഞങ്ങൾക്ക് പറയുവാൻ സാധിക്കുന്നതാണ്' (സമീന്ദാർ)*

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ മറ്റൊരു ബദ്ധവൈരിയായിരുന്ന മൗലവി സനാഉല്ലാ അമൃത്സരി തന്റെ ' താരീഖെ മിർസാ'എന്ന പുസ്തകത്തിലെഴുതുന്നു:

*'എപ്രകാരം മിർസാ സാഹിബിന്റെ ജീവിതത്തിത്തിനു രണ്ട് ഭാഗങ്ങളുണ്ടോ അതേ പ്രകാരം മിർസാ സാഹിബുമായുള്ള എന്റെ ബന്ധത്തിനും രണ്ട് ഭാഗങ്ങളുണ്ട് . ബറാഹീനെ അഹ്മദിയ്യാവരെയും അതിന് ശേഷവും. ബറാഹീൻ വരെ ഞാൻ മിർസാ സാഹിബിനോട് സദ്ഭാവന വെച്ച് പുലർത്തിയിരുന്നു. ഒരിക്കൽ എനിക്ക് പതിനേഴോ പതിനെട്ടോ വയസ്സുള്ളപ്പോൾ അദ്ദേഹത്തെ സന്ദർശിക്കാനുള്ള അഭിവാഞ്ഛയിൽ ഞാൻ ബട്ടാലയിൽനിന്നും ഖാദിയാനിലേക്ക് കാൽനടയായി ചെന്നിരുന്നു.' ( താരീഖെ മിർസാ, പേ. 53)*

ചുരുക്കത്തൽ ഹദ്റത്ത് അഹ്മദ് (അ)ന്റെ വാദത്തിന് മുമ്പുള്ള പവിത്ര ജീവിതം നിർണായകമായൊരു സത്യ സാക്ഷ്യമാണ്. വിശുദ്ധ ഖുർആൻ കാണിച്ചു തന്ന ഈ മാനദണ്ഡം ആ മഹാത്മാവിന്റെ സത്യ സാക്ഷ്യത്തിനുള്ള അനിഷേധ്യമായ ഒരു തെളിവാണ്.

യാണ് മെല്ലെ പൂട്ടുതുറന്നത്. തുരുമ്പിച്ച വാതിൽക്കുറ്റി കരഞ്ഞുകൊണ്ടു തിരിഞ്ഞു. ഉരുക്കുവാതിൽ തുറക്കപ്പെട്ടു.

ജയിൽവാർഡൻ ഉള്ളിൽ പ്രവേശിച്ചപ്പോൾ ഏതോ സ്വപ്നലോകത്തുനിന്നെന്ന പോലെ വൃദ്ധനായ തടവുകാരൻ ഞെട്ടിയുണർന്നു. വൃദ്ധന്റെ ഇടതുകാൽത്തണ്ട ഇരുമ്പുചങ്ങല കൊണ്ട് ജയിൽ ഭിത്തിയിലുറപ്പിച്ച ഒരു ലോഹവളയവുമായി ബന്ധിച്ചിരുന്നു. തടവുമുറിയുടെ പരുക്കൻ നിലത്ത്, ബന്ധനത്തിൽ നിന്നു കാലു ചലിപ്പിക്കാനാവാതെ, ചെരിഞ്ഞിരുന്നുകൊണ്ടു തന്നെ ജയിലുദ്യോഗസ്ഥനെ അദ്ദേഹം തലയുയർത്തി നോക്കി.

ജയിൽ ജീവിതത്തിന്റെ തളർച്ച യേറ്റുവാങ്ങിയ ചാരനിറമുള്ള ആ കണ്ണുകളിലിപ്പോൾ തിളങ്ങിനിന്നത് അതിദിവ്യമായ ഒരു ചൈതന്യഭാവമായിരുന്നുവെന്ന് വാർഡനു തോന്നി. വൃദ്ധന്റെ മുഖം അസാധാരണമാം വിധം ശാന്തവുമായിരുന്നു.

“താങ്കൾക്കെന്നോട് എന്തോ പറയാനുണ്ടെന്നു തോന്നുന്നു; അതുകൊണ്ടാവുമല്ലോ നേരിട്ട് ഈ തടവുമുറിയ്ക്കുള്ളിൽ കടന്നുവന്നത്.”

“അതെ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം നേരിട്ടറിയിക്കാനാണ് ഞാനിപ്പോൾ വന്നത്.....” വാർഡൻ തുടർന്നു.

“മരണശിക്ഷയാണ് അങ്ങയ്ക്ക് വിധിക്കപ്പെട്ടിരിക്കുന്നത്. വിഷം നൽകി ശിക്ഷ നടപ്പാക്കാനാണുത്തരവ്.”

ജയിൽവാർഡൻ പ്രതീക്ഷിച്ചതുപോലെ വൃദ്ധൻ ഞെട്ടിയില്ല, നടുക്കം പ്രകടിപ്പിച്ചുമില്ല.

“കോടതിവിധി അതാണെങ്കിൽ ഞാനതു സ്വീകരിക്കാൻ തയ്യാറാണ്.....'' ചെറിയ വാക്കുകളിൽ, സൗമ്യഭാവത്തിൽ വൃദ്ധൻ മറുപടി അറിയിച്ചു.

''രണ്ട് ഉപാധികൾ കൂടി അങ്ങയെ അറിയിക്കാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവിട്ടിട്ടുണ്ട്.”

“ഉപാധികളോ... എന്താണവ?'' ഉൽക്കണ്ഠാപൂർവം അദ്ദേഹം വാർഡന്റെ മുഖത്തേയ്ക്കു നോക്കി.

“അങ്ങയ്ക്കു നൽകുവാനുദ്ദേശിക്കുന്ന ഒരു സൗജന്യത്തെപ്പറ്റിയുള്ള അറിയിപ്പാണ് അവയിലൊന്ന്. ഇപ്പോഴുള്ള രീതികളും പ്രവൃത്തിയും വീണ്ടും തുടരുകയില്ല എന്ന് ഏറ്റു പറഞ്ഞാൽ, മരണശിക്ഷയിൽ നിന്ന് അങ്ങ് ഒഴിവാക്കപ്പെടും. ഈ കോടതിവിധിയിൽ പരാതിയുണ്ടെങ്കിൽ മേൽക്കോടതിയിൽ അങ്ങേയ്ക്ക് അപ്പീൽ സമർപ്പിക്കാൻ അനുവാദം നൽകുന്നുവെന്നതാണ് രണ്ടാമത്തേത്.”

ഔദ്യോഗികമായി തനിക്കു പറയാനുള്ളതു മുഴുവൻ ആ വാക്കുകളിലൂടെ ജയിലുദ്യോഗസ്ഥൻ അറിയിച്ചു കഴിഞ്ഞിരുന്നു.

ചങ്ങലയിട്ട കാല് ഭിത്തിയോടു തന്നെ ചേർത്തുവച്ച്, നിലത്തിരുന്നുകൊണ്ട് ഒരുനിമിഷം തടവുകാരൻ, തന്റെ നരച്ച താടിരോമങ്ങൾക്കിടയിലൂടെ അലസമായി നേർത്ത കൈവിരലുകളോടിച്ചു കൊണ്ട് വാർഡന്റെ മുഖത്തേയ്ക്ക് തുറിച്ചുനോക്കി. നിഷേധാർഥത്തിൽ മുഖം ചലിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞ വാക്കുകൾ ആ ജയിലുദ്യോഗസ്ഥനെ വിസ്മയിപ്പിച്ചു.

''വേണ്ട, എനിക്കാ സൗജന്യം ആവശ്യമില്ല, അത്തരം ഒരു മോചനം ഒരിക്കലും ഞാനാഗ്രഹിക്കുന്നില്ല, അതിനു തയ്യാറുമല്ല...'' ശക്തമായ വാക്കുകളായിരുന്നു അവ. അദ്ദേഹം തുടർന്നു.

“മാനുഷിക മൂല്യങ്ങൾക്ക് എന്തിനെക്കാളുമേറെ ഞാൻ വിലകൽപ്പിക്കുന്നു. ഓരോ വാക്കിലും, പ്രവൃത്തിയിലും ഞാനെന്നിൽത്തന്നെ ഉറച്ചുനിൽക്കയും ചെയ്യുന്നു. ഇന്നോളം ജീവിച്ചതു മുഴുവൻ ഞാനെന്റെ മാതൃദേശത്തിനു വേണ്ടിയായിരുന്നു; എന്റെ നാട്ടിലെ ജനങ്ങൾക്കുവേണ്ടി. ഇനി ഈ ജീവന്റെ അവസാനത്തുടിപ്പ് നിലയ്ക്കുംവരെ ഞാനെന്റെയീ പാത നിർഭയം തുടരുകതന്നെ ചെയ്യും. ഒക്കെയും സർവശക്തനായ ദൈവം കാണുന്നു, അറിയുന്നു. മരണശിക്ഷയെ ഞാൻ തെല്ലും ഭയക്കുന്നുമില്ല.....”

എന്തോ ഒരൽപ്പംകൂടി അദ്ദേഹത്തിനു പറയാനുണ്ടെന്ന് വാർഡനു തോന്നി. ഒരുനിമിഷം അയാൾ കാത്തുനിന്നു.

''ഈ വിധിക്കെതിരെ അപ്പീൽ നൽകാനും എനിക്ക് താൽപ്പര്യമില്ല. ഇന്നത്തെ കിരാതമായ ഈ സാമൂഹ്യഭരണവ്യവസ്ഥയിൽ ഒരു അപ്പീലിലൂടെ നീതി ലഭിക്കുമെന്ന വിശ്വാസവും എനിക്കു തീരെയില്ല.”

വൃദ്ധൻ നിശബ്ദനായി. പ്രകാശം നിറഞ്ഞുനിന്ന ആ കണ്ണുകൾ ഒരിക്കൽകൂടി ജയിലറുടെ മുഖത്തേയ്ക്ക് നീണ്ടുചെന്നപ്പോൾ, വല്ലാത്തൊരു വ്യസനഭാവത്തോടെ അയാൾ മുഖം താഴ്ത്തി തിരികെ നടക്കാനൊരുങ്ങി. ജയിലഴിയുടെ കനത്ത വാതിൽ വീണ്ടും അടഞ്ഞു.

ക്രിസ്തുവിന് 469 വർഷങ്ങൾക്കു മുമ്പായിരുന്നു ആ മനുഷ്യന്റെ ജനനം. കോടതിവിധിയിലൂടെ, വധശിക്ഷ നടപ്പാക്കപ്പെട്ട്, മരണത്തിനദ്ദേഹം കീഴടങ്ങിയത് തന്റെ എഴുപതാം വയസ്സിലും.

സംഭവം നടന്നത് ഗ്രീസിലെ ഏഥൻസിൽ.

യവന ചിന്താ ലോകത്തെ അഗാധമായി സ്വാധീനിച്ച സോക്രട്ടീസിനെ പാശ്ചാത്യ യുക്തിചിന്ത രൂപപ്പെടുത്തിയ കേവലം ഒരു ഭൗതിക തത്ത്വജ്ഞാനി എന്ന നിലക്കാണ് ലോകം മനസ്സിലാക്കിയത്. എന്നാൽ അദ്ദേഹം ദൈവിക വെളിപാടുകൾ ക്കൊണ്ടനുഗൃഹീതനായ ഒരു ദിവ്യാത്മാവും പ്രവാചകനു മായിരുന്നു. വലിയൊരു മനസ്സിന്റെ ഉടമയായിരുന്നു. ഒരു നർമഭാഷിയായിരുന്നു.

ഗ്രീസിലെ സഹൃദയരായ സാധാരണജനങ്ങൾ അദ്ദേഹത്തെ സ്നേഹിക്കയും ആദരിക്കയും ഇഷ്ടപ്പെടുകയും ചെയ്തു. ചെറുപ്പക്കാർ ആ വാക്കുകൾ കേൾക്കാൻ അദ്ദേഹത്തിനു ചുറ്റും കൂടുക പതിവായിരുന്നു.

നിലവിലുള്ള സാമൂഹ്യ, ഭരണ വ്യവസ്ഥിതികളിലെ അനീതികൾ അദ്ദേഹത്തെ ചൊടിപ്പിച്ചു. സഹിക്കാവുന്ന ഏതൊരു പരിധിക്കുമപ്പുറത്തേയ്ക്ക് അരക്ഷിതഭാവം പടർന്നുകയറിയപ്പോൾ, അവയ്ക്കെതിരെ

അദ്ദേഹം ശബ്ദമുയർത്തി. അതൊരു ഒറ്റയാൻ ശബ്ദമായിരുന്നു. പണ്ഡിതരെന്നു സ്വയം ധരിക്കുന്ന, മതപൗരോഹിത്യത്തിന്റെ കാവൽഭടന്മാരെന്നു ഭാവിക്കുന്ന പ്രമാണിമാർ ഒരു വശത്തും, സത്യനീതിയുടെ ഒരംശംപോലും തൊട്ടുതീണ്ടാതെ രാഷ്ട്രീയം സ്വയം കൈയാളി, ഭരണയന്ത്രം തന്നിഷ്ടം പോലെ ചലിപ്പിച്ചിരുന്ന ഭരണവർഗം മറുഭാഗത്തുമായി നിന്ന്, സാധാരണ പൗരന്മാർക്കു നേരേ ഏകപക്ഷീയമായി കടുത്ത വെല്ലുവിളികൾ ഉയർത്തിയിരുന്ന അവസ്ഥ. അത് അദ്ദേഹത്തെ തെല്ലൊന്നുമല്ല വേദനിപ്പിച്ചത്. നിർവികാര ഭാവത്തിൽ ഈ ദുരവസ്ഥ കണ്ടുനിൽക്കാൻ അദ്ദേഹം തയ്യാറായില്ല. ഇവയ്ക്കെതിരേ തുറന്ന ഒരു ആശയയുദ്ധത്തിനു സോക്രട്ടീസ് കളമൊരുക്കി. ഭൂരിപക്ഷ സമൂഹത്തിന്റെ പിന്തുണ ഒരിക്കലും അദ്ദേഹത്തിനു ലഭ്യമായില്ല. ബഹുദൈവാരാധനകളിൽ മുഴുകിയിരുന്ന തന്റെ ജനസമൂഹത്തെ നോക്കി അദ്ദേഹം പറഞ്ഞു,

"നിങ്ങൾ വ്യത്യസ്ത ദൈവങ്ങളായി ആരാധിക്കുന്ന ദേവന്മാരും ദേവതമാരുമൊക്കെ, യവനപുരാണങ്ങളിലെയും, ഗ്രീക്ക് സാഹിത്യത്തിലെയും കേവലം സാങ്കൽപ്പിക സൃഷ്ടികൾ മാത്രമാണ്. ആ യവന കഥാപാത്രങ്ങൾ ഒരിക്കലും യാഥാർഥ്യങ്ങളല്ല, ദൈവതുല്യരുമല്ല, വെറും പ്രതീകങ്ങൾ മാത്രം. ശക്തിയുടേയും, ബുദ്ധിയുടേയും, സൗന്ദര്യത്തിന്റേയുമൊക്കെ പ്രതിരൂപങ്ങളെന്നു സങ്കൽപ്പിക്കപ്പെടുന്ന അദ്ഭുതപ്രതീകങ്ങൾ."

"മുഴുലോകത്തിന്റേയും, ഈ പ്രപഞ്ചത്തിന്റെ തന്നെയും സ്രഷ്ടാവിനെയാണ് നിങ്ങൾ വണങ്ങേണ്ടത്. ആ ഏകദൈവത്തെ മാത്രമാണ് നിങ്ങൾ ആരാധിക്കേണ്ടത്...."

കുട്ടിക്കാലത്തു തന്നെ യവനപുരാണങ്ങളിൽ തീർത്തും വിശ്വാസം നഷ്ടപ്പെട്ടിരുന്ന അദ്ദേഹം, സ്വന്തം ജീവിതത്തോടും പ്രവൃത്തിയോടും നീതിപുലർത്താൻ ജനങ്ങളോടഭ്യർഥിച്ചു.

ജനാധിപത്യ ഭരണക്രമത്തിൽ സോക്രട്ടീസ് ഒരിക്കലും വിശ്വസിച്ചിരുന്നില്ല. ജനാധിപത്യം ഭൂരിപക്ഷ അജ്ഞതയുടെ പ്രതീകമായി മാറുമെന്നദ്ദേഹം കണ്ടെത്തി. ഗ്രീസിലെ അന്നത്തെ ഭരണവ്യവസ്ഥകളും വ്യത്യസ്തമായിരുന്നില്ല. രാഷ്ട്രീയ ശത്രു, ജനാധിപത്യ വിരുദ്ധൻ, പാരമ്പര്യ ദൈവങ്ങളെ അംഗീകരിക്കാത്ത മതനിഷേധി, എന്നീ കുറ്റങ്ങൾ ചുമത്തിയാണ് ഒരു രാജ്യദ്രോഹി എന്ന നിലയിൽ അദ്ദേഹത്തെ വിചാരണ ചെയ്ത് വധശിക്ഷയ്ക്കു വിധിച്ചത്.

ധാർമികമായും, തർക്കശാസ്ത്രപരമായും അന്നത്തെ മതാചാര്യന്മാരുടെ ദുഷ്ചെയ്തികൾ ചൂണ്ടിക്കാട്ടി അവയെ തിരുത്തുകയും, ഏകദൈവവിശ്വാസാധിഷ്ഠിതമായ ഒരു മതസംഹിത ആവിഷ്ക്കരിക്കാനുള്ള പരിശ്രമം നടത്തുകയും ആയിരുന്നു ആദ്യന്തം സോക്രട്ടീസ് ചെയ്തത്.

അദ്ദേഹത്തിന്റെ വാക്കുകൾ ഭരണവർഗത്തോടൊപ്പം ജനങ്ങളും ചെവിക്കൊള്ളാൻ തയ്യാറായില്ല. തങ്ങളുടെ പാരമ്പര്യ ദൈവങ്ങളെ തള്ളിപ്പറഞ്ഞ സോക്രട്ടീസിനെ അവർ കല്ലെറിഞ്ഞു, പീഡിപ്പിച്ചു, ഒറ്റപ്പെടുത്തി.

ഭരണാധികാരികളുടെ കണ്ണിലെ കരടായി സോക്രട്ടീസ് മാറാൻ അധികകാലം വേണ്ടിവന്നില്ല. ഭരണവർഗത്തിന് അസഹ്യതയുളവാകാൻ പാകത്തിൽ മറ്റൊരു സംഭവം കൂടി ഇതിനിടെ ഉണ്ടാവുകയും ചെയ്തു.

അപ്പോളോ ദേവന്റെ മനുഷ്യാവതാരം എന്നു വിശ്വസിക്കപ്പെട്ടിരുന്ന ഒരു മതപുരോഹിതയുണ്ടായിരുന്നു അന്ന് ഏഥൻസിൽ. അവർ ജനങ്ങളുടെ ഇഷ്ടപാത്രവും, ആരാധനാമൂർത്തിയുമായിരുന്നു. സോക്രട്ടീസ് പ്രകടിപ്പിക്കുന്ന മഹത്തായ തത്ത്വബോധങ്ങളുടേയും, യുക്തിചിന്തകളുടേയും അടിസ്ഥാനത്തിൽ അദ്ദേഹമാണ് ഗ്രീസിലെ ഏറ്റവും വലിയ വിവേകശാലി, എന്ന പുരോഹിതയുടെ കണ്ടുപിടുത്തവും വിലയിരുത്തലും അദ്ദേഹത്തെ കൂടുതൽ ജനശ്രദ്ധയിലേക്കും പൊതുജീവിതധാരയിലേക്കും കൊണ്ടുചെന്നെത്തിച്ചു.

പുരോഹിതയുടെ ഈ പ്രസ്താവനയെ സ്വയം അംഗീകരിക്കാൻ ആ മഹാന് ഒരിക്കലും കഴിഞ്ഞിരുന്നില്ല. താൻ വെറുമൊരു സാധാരണക്കാരൻ മാത്രമാണെന്നും, തനിക്ക് യാതൊന്നിനെപ്പറ്റിയും വലിയ അറിവൊന്നും ഇല്ലെന്നും ആയിരുന്നു സോക്രട്ടീസിന്റെ കണ്ടെത്തൽ. എന്നാൽ സോക്രട്ടീസിനെ അറിയാവുന്ന ഗ്രീസിലെ ചിന്താശീലരായ ഒരു വിഭാഗം, ഇതംഗീകരിക്കാൻ തയ്യാറായില്ല.

തന്നേക്കാൾ അറിവും ജ്ഞാനവുമുള്ള ഒരാളെ തേടി യവനദേശമാകെ അദ്ദേഹം ചുറ്റിസഞ്ചരിച്ചു. അങ്ങനെയൊരു വ്യക്തിയെ കണ്ടുപിടിച്ച് കാട്ടിക്കൊടുത്തിട്ട്, തന്നെ അമാനുഷികനെന്ന് വിശേഷിപ്പിച്ച ആ മതപുരോഹിതയെ തോൽപ്പിക്കുക എന്നതായിരുന്നു സോക്രട്ടീസിന്റെ ലക്ഷ്യം. അദ്ദേഹം തന്റെ ശിഷ്യന്മാരോടു പറയുമായിരുന്നു,

"എനിക്കറിയാവുന്ന ഒരു വിഷയമുണ്ട്, ഒരു വസ്തുതയുണ്ട്, അത് എനിക്ക് ഒന്നും അറിഞ്ഞുകൂട എന്നതാണ്...."

തന്നെക്കാൾ അറിവും, ജ്ഞാനവുമുള്ള ആളെത്തേടിയുള്ള അന്വേഷണങ്ങളിൽ അദ്ദേഹം പരാജയപ്പെടുകയായിരുന്നു. അത്തരത്തിൽ ഒരാളെ കണ്ടുപിടിക്കാൻ അദ്ദേഹത്തിനു കഴിയാതെ വന്നു. പുരോഹിതയോട് സോക്രട്ടീസിനു തന്റെ തോൽവി സമ്മതിക്കേണ്ടി വരികയും ചെയ്തു. താൻ കണ്ടെത്തിയ, പണ്ഡിതന്മാരെന്നും വിദ്വാന്മാരെന്നും ധരിച്ചവരൊക്കെ സ്വന്തം അഹന്തയുടേയും അജ്ഞതയുടേയും അടിത്തറയ്ക്കുമേലെ, വിജ്ഞാനത്തിന്റേതെന്ന മിഥ്യാസങ്കൽപ്പം കെട്ടിപ്പടുത്ത്, മറ്റുള്ളവരെ കബളിപ്പിക്കുന്നവരാണെന്ന് അദ്ദേഹം ഇതിനകം മനസ്സിലാക്കിക്കഴിഞ്ഞിരുന്നു. വളരെ പ്രശസ്തനും പ്രസിദ്ധനുമായ, അധികാരസ്ഥാനങ്ങളിൽ അത്യന്തം സ്വാധീനം പുലർത്തിയിരുന്ന ഒരു രാഷ്ട്രീയ ചാര്യനെ കൂടി, ഒരിക്കൽ താത്ത്വികമായി നേരിട്ട്, തോൽവി സമ്മതിപ്പിക്കേണ്ടി വന്നപ്പോൾ, സോക്രട്ടീസ്

ഒരുകാര്യം മനസ്സിലാക്കി; തന്റെ മുമ്പിൽ നിരന്നിരിക്കുന്ന ശത്രുസൈന്യത്തിന്റെ അംഗബലം അസാധാരണമാംവിധം വർധിച്ചിരിക്കുന്നു.

അങ്ങനെയാണ്, എക്കാലത്തും ഭരണവർഗത്തിന്റെ കൈയിലെ കളിപ്പാവപോലെ വർത്തിച്ചിരുന്ന അന്നത്തെ ഉന്നത നീതിപീഠവും ചെറിയൊരു ഭൂരിപക്ഷത്തോടെ സോക്രട്ടീസിനെ മരണശിക്ഷയ്ക്കു വിധിച്ചത്.

വിധിദിവസം വന്നെത്തി. അന്ത്യസമയത്ത് സുഹൃത്തുക്കളോടൊപ്പം ചില നിമിഷങ്ങൾ ചെലവഴിക്കാൻ അദ്ദേഹത്തിനനുവാദം കിട്ടി.

സോക്രട്ടീസിന്റെ കാലിലെ ചങ്ങലക്കെട്ടുകൾ അഴിക്കപ്പെട്ടു. ദീർഘകാലമായി ഇരുമ്പുവളയത്തിന്റെ ബന്ധനത്തിലായിരുന്ന അദ്ദേഹത്തിന്റെ കണങ്കാലിൽ സാരമല്ലാത്ത ഒരു മുറിവ് പ്രത്യക്ഷപ്പെട്ടിരുന്നു. ഉണങ്ങാത്ത ആ മുറിപ്പാടിനു പുറത്ത്, അദ്ദേഹം കൈകൊണ്ടു മെല്ലെ തടവി, സ്വയം ആശ്വാസം കണ്ടെത്താൻ ശ്രമം നടത്തി.

ജയലധികൃതർ വച്ചുനീട്ടിയ വിഷപാത്രം, സ്വതസിദ്ധമായ ശാന്തഭാവത്തിൽ അദ്ദേഹം ഏറ്റുവാങ്ങി. ആ കൈ വിറച്ചില്ല, മുഖം വിളറിയുമില്ല. ഒരു പുഞ്ചിരിഭാവം മാത്രം ആ മുഖത്തു തങ്ങിനിന്നു.

അദ്ദേഹം ചോദിച്ചു.

'ഇതിൽ ഒരൽപ്പമെടുത്ത് ഞാനെന്റെ രക്ഷിതാവിന്, രക്ഷിതാവായ ദൈവത്തിന് തർപ്പണം ചെയ്യട്ടെ...'

"പാടില്ല....." ജയിലുദ്യോഗസ്ഥൻ വിലക്കി.

"വളരെ കൃത്യമായ അളവിൽ മാത്രമാണ് ഞങ്ങൾ വിഷം ഒഴിച്ചിരിക്കുന്നത്. അതിൽനിന്നും അൽപ്പമെങ്കിലും കുറഞ്ഞുപോയാൽ ഒരു പക്ഷേ ശിക്ഷാവിധിയായ മരണം ഉറപ്പായില്ലെന്നു വരാം...."

അദ്ദേഹം ഒന്നു പുഞ്ചിരിച്ചു. ആ ചിരിയുടെ നേർത്ത അലകൾ ജയിലുദ്യോഗസ്ഥന്റെ ഹൃദയത്തിൽ തട്ടിയെന്നു തോന്നി. മുഖം താഴ്ത്തി, അയാൾ മൗനഭാവം കൈക്കൊണ്ടു നിന്നു. സോക്രട്ടീസ് തന്റെ വാക്കുകൾ പൂർത്തീകരിക്കാൻ ഒരുമ്പെട്ടു.

"ശരി, ഞാനതംഗീകരിക്കുന്നു. എങ്കിൽ പ്രാർഥനയ്ക്ക് എനിക്കൊരൽപ്പസമയം അനുവദിച്ചുകൂടെ. സന്തോഷത്തോടെ, അതീവ സംതൃപ്തിയോടെ എനിക്കെന്റെ നാഥന്റെയടുക്കലേക്ക് മടങ്ങണം. അങ്ങനെയൊരവസ്ഥയ്ക്കായി ഞാനിതാ പ്രാർഥിക്കാൻ പോവുകയാണ്. അതിനു വേണ്ടിവരുന്ന അത്രയും സമയംകൂടി മാത്രം എനിക്കനുവദിച്ചാൽ മതി.."

സമയം അനുവദിക്കപ്പെട്ടു. പ്രാർഥനയ്ക്കു ശേഷം സോക്രട്ടീസ് വിഷം നിറച്ച പാനപാത്രം മെല്ലെ ചുണ്ടോടടുപ്പിച്ചു. അപ്പോഴും തികച്ചും ശാന്തനായിത്തന്നെ അദ്ദേഹം കാണപ്പെട്ടു. ഉയർന്നുപൊന്തിയ മാനസ്സിക വിക്ഷോഭങ്ങൾ അടക്കാനാവാതെ, നിറഞ്ഞ കണ്ണുകളുമായി ചുറ്റും സാക്ഷിനിന്ന സുഹൃത്തുക്കളും ശിഷ്യന്മാരും നോക്കിനിൽക്കെ, അദ്ദേഹമാ വിഷപാനീയം മെല്ലെമെല്ലെ കുടിക്കാനാരംഭിച്ചു.

തൊട്ടരികിൽ, ഏറ്റവും അടുത്തു നിന്ന ക്രിറ്റോയ്ക്ക് സ്വയം നിയന്ത്രണം നഷ്ടപ്പെട്ടതുപോലെ തോന്നി. മറ്റൊരു സുഹൃത്തായ അപ്പോളോദോറസ് സ്വയമറിയാതെ വാവിട്ടുകരഞ്ഞു പോയി. ചുറ്റും കൂടിയിരുന്ന മറ്റു സുഹൃത്തുക്കളും പൊട്ടിക്കരഞ്ഞു. അവിടെ, ആ സന്ദർഭത്തിൽ കണ്ണീരൊഴുക്കാതിരുന്നത് ഒരേയൊരു വ്യക്തിമാത്രം, വിക്ഷോഭനായി തന്റെ ജീവന്റെ അന്ത്യത്തുടിപ്പിനായി നിമിഷങ്ങളെണ്ണി കാത്തുനിന്ന സോക്രട്ടീസ് ആയിരുന്നു അത്.

ഘനീഭവിച്ച നിമിഷങ്ങൾ ഹൃദയമിടിപ്പോടെ കടന്നുപോയി. വിഷപാത്രം ഇതിനകം കാലിയായിക്കഴിഞ്ഞിരുന്നു. അളന്നൊഴിച്ചിരുന്ന ആ വിഷദ്രാവകത്തിന്റെ ഇരുണ്ടപാട, ആ സ്ഫടിക ചഷകത്തിന്റെ സുതാര്യതയെ കെടുത്തിക്കളഞ്ഞിരുന്നു.

പൊട്ടിക്കരഞ്ഞുകൊണ്ട് ചുറ്റും നിന്ന സുഹൃത്തുക്കളെ നോക്കി സോക്രട്ടീസ് ചോദിച്ചു,

"എന്തിനാണു നിങ്ങളൊക്കെ കരയുന്നത്? ദയവു ചെയ്ത് ഈയവസരത്തിൽ കണ്ണീർപൊഴിക്കരുത്. ദുഃഖിക്കേണ്ട അവസരമല്ലിത്. തികച്ചും ശാന്തരാകേണ്ട സമയം, എന്നെ സന്തോഷപൂർവം യാത്രയാക്കേണ്ട സന്ദർഭം..."

അദ്ദേഹം തുടർന്നു.

"ഈ നിമിഷത്തിൽ ഞാനൊരു കാര്യം നിങ്ങൾക്കു പറഞ്ഞുതരട്ടെ. ശ്രദ്ധയോടെ കേൾക്കുക..."

"പരീക്ഷിക്കപ്പെടാത്ത ജീവിതം ഒരിക്കലും ജീവയോഗ്യമല്ല; അത് നിർജീവതുല്യമാണ്. ഈ ലോകത്ത് എന്നെന്നും, ഓരോ നിമിഷവും ഞാൻ പരീക്ഷിക്കപ്പെടുകയായിരുന്നുവെന്നത് നിങ്ങളും അറിഞ്ഞിട്ടുള്ളതല്ലേ? അപ്പോഴൊക്കെ മഹത്തായ ഒരു ദൗത്യം നിറവേറ്റുന്നുവെന്ന ഭാവമാണ് എനിക്കുണ്ടായിരുന്നത്. അനന്യമായ ഒരാത്മസംതൃപ്തി എനിക്കുണ്ടായിരുന്നു."

ഒരു നിമിഷം നിർത്തി, ഏതോ ചിന്തകളിൽ മുഴുകിയിരുന്നിട്ട്, അദ്ദേഹം തന്റെ വാക്കുകൾ തുടർന്നു.

"സുഹൃത്തുക്കളേ, ഇവിടെ, ഇവിടെയിതാ നല്ലവരായ നിങ്ങളുടെയൊക്കെ സാന്നിദ്ധ്യത്തിൽ ഒരിക്കൽക്കൂടി ഞാൻ പരീക്ഷിക്കപ്പെടുകയാണ്. എന്നെ സംബന്ധിച്ചിടത്തോളം തികച്ചും വിചിത്രതരമായ ഒരവസ്ഥയാണിത്. ഒരവസാന പരീക്ഷണം. അതാകട്ടെ എന്റെ മരണത്തിലൂടെ പൂർത്തീകരിക്കപ്പെടാൻ പോകുന്നു..."

"ഞാൻ പോകുന്നത് എന്റെയും നിങ്ങളുടെയും നാഥനായ ദൈവത്തിന്റെയടുക്കലേയ്ക്കാണ്. നോക്കൂ എന്റെയീ യാത്ര നിങ്ങൾക്കുകൂടി വേണ്ടിയാണ്. ഗ്രീസിലെ, ഏഥൻസിലെ, നിർഭാഗ്യരായ സാധാരണജനങ്ങൾക്കു വേണ്ടി...."

ഇപ്പോഴാ സ്വരത്തിന്റെ സാന്ദ്രത നന്നേ കുറഞ്ഞുപോയിരുന്നു. എങ്കിലും അതിദിവ്യമായ ഒരു മുഴക്കം ആ ശബ്ദത്തിന് അകമ്പടിയായുണ്ടായിരുന്നു.

സോക്രട്ടീസിന് ഇനിയും എന്തോ പറയാനുണ്ടെന്നു സുഹൃത്തുക്കൾക്കും ശിഷ്യന്മാർക്കും തോന്നി. തുടരുവാൻ പോകുന്ന ആ

വാക്കുകൾക്കായി അതീവ ശ്രദ്ധയോടെ സുഹൃത്തുക്കളും ശിഷ്യന്മാരും കാതോർത്തുനിന്നു.

''സുഹൃത്തുക്കളേ, എന്നെങ്കിലും ഒരുനാൾ നിങ്ങളിൽ ഓരോരുത്തർക്കും ഇവിടെനിന്നും പോകേണ്ടിവരും. ഓർത്തു നോക്കൂ, നിങ്ങളുടെ ആ യാത്ര സമൂഹത്തിനു വേണ്ടിയായാൽ എത്ര നന്നെന്ന്. നമ്മുടെ ജീവിതവും, മരണവുമൊന്നും ഒരിക്കലും നമുക്കുവേണ്ടി മാത്രമാവരുത്. മറ്റുള്ളവർക്കു കൂടി വേണ്ടിയാവണം. എങ്കിൽ മാത്രമേ ഓരോ ജീവിതത്തിനും അർഥമുണ്ടാകൂ...''

കാലിയായിത്തീർന്ന ചഷകം ഇതിനകം അദ്ദേഹം നിലത്തുവച്ചു കഴിഞ്ഞിരുന്നു.

നിലത്തു കൈകളൂന്നി അദ്ദേഹം മെല്ലെ എഴുന്നേറ്റു. കണ്ണിൽ ഇരുളിന്റെ നേർത്തപാട പടരുന്നുവോ എന്നദ്ദേഹത്തിനു തോന്നി. തല ചുറ്റുന്നതുപോലെയും. വളരെ സാവധാനം അദ്ദേഹം നടക്കാൻ തുടങ്ങി; കാലുകൾ കുഴയുംവരെ നടക്കാനദ്ദേഹം ഉറച്ചതുപോലെ.

"എന്റെ പാദങ്ങൾ വല്ലാതെ തരിക്കുന്നു. വിരലുകൾ തണുത്തു തുടങ്ങിയിരിക്കുന്നു. കാലുകൾക്ക് ഭാരമേറുന്നതുപോലെയും."

ശബ്ദം തീരെ താഴ്ത്തി ചുറ്റുമുള്ളവരോടെന്നോണം അദ്ദേഹം പറഞ്ഞു. ജയിൽ വാർഡനതു വ്യക്തമായി കേട്ടു. സോക്രട്ടീസിന്റെ അസ്വസ്ഥമായ വാക്കുകൾ വാർഡന്റെ മനസ്സിനെ വല്ലാതെ നൊമ്പരപ്പെടുത്തിയെന്നു വ്യക്തം.

"സാരമില്ല, അങ്ങ് അൽപ്പനേരം അവിടെ മലർന്നുകിടന്നുകൊള്ളൂ..." വിതുമ്പുന്ന സ്വരത്തിലാണ് വാർഡനാ നിർദേശം നൽകിയത്.

സോക്രട്ടീസ് വളരെ സാവധാനം നിലത്തു മലർന്നു കിടന്നു. വാർഡന്റെ ആജ്ഞയനുസരിച്ച്, വിഷം നിറച്ച പാത്രം സോക്രട്ടീസിനു നൽകിയ ജയിൽ ജീവനക്കാരന്റെ ഊഴമായിരുന്നു അടുത്തത്. അയാൾ സോക്രട്ടീസിന്റെ അരികിലേക്ക് അൽപ്പംകൂടി നീങ്ങിനിന്നു. കുനിഞ്ഞുനിന്ന് അയാളാ ശോഷിച്ച കാൽപ്പാദത്തിൽ തൊട്ടുനോക്കി. പിന്നെ മെല്ലെ കൈയമർത്തി നോക്കി. മരണം സ്ഥിരീകരിക്കേണ്ടത് അയാളുടെ ചുമതലയാണ്.

''അങ്ങയ്ക്കിപ്പോൾ എന്തു തോന്നുന്നു....?'' നേർത്ത ശബ്ദത്തിൽ അയാൾ ചോദിച്ചു.

"ഒന്നുമൊന്നും തോന്നുന്നില്ല....." പരിക്ഷീണമായിരുന്നു ആ മറുപടി. അദ്ദേഹത്തിന്റെ പാദം മുതൽ ശരീരമാകെ അയാൾ സ്പർശിച്ചു നോക്കി. ഹൃദയഭാഗം വരെ സാവധാനം അയാളുടെ കൈ ഇഴഞ്ഞു ചെന്നു.

മുഖം തിരിച്ച്, ചുറ്റും കൂടി നിന്നവരോടായി അയാൾ പറഞ്ഞു,

"ഇനിയൽപ്പ നിമിഷങ്ങൾ കൂടി ബാക്കിയുണ്ട്. ഇതാ തണുപ്പ് അരിച്ചരിച്ച് നെഞ്ചിനടുത്തുവരെ എത്താൻ തുടങ്ങുന്നു. ഹൃദയത്തിന്റെ മിടിപ്പു കൂടി നിലച്ചാൽ മതി."

അവരൊന്നാകെ പൊട്ടിക്കരഞ്ഞു. സുഹൃത്തുക്കളുടെ വേദന താങ്ങാൻ കെൽപ്പില്ലാത്തവനെപ്പോലെ, ദുർബലമായ കൈകൾ മെല്ലെയുയർത്തി അദ്ദേഹം തന്റെ മുഖം, മേൽവസ്ത്രം കൊണ്ടു മറച്ചു. ഒരുനിമിഷം ആ വെളുത്ത ശീല മുഖത്തുനിന്നു മാറ്റിയിട്ട് അദ്ദേഹം എന്തോ പറയാൻ ശ്രമിച്ചതുപോലെ ചുറ്റുംനിന്ന സുഹൃത്തുക്കൾക്കു തോന്നി. ക്രിറ്റോ മുഖമടുപ്പിച്ചുവച്ച് അദ്ദേഹത്തിന്റെ വാക്കുകൾക്കായി കാതോർത്തു.

''എനിക്കൊരു കടം വീട്ടാനുണ്ട്..."

''കടമോ... ആർക്കാണത്?'' ക്രിറ്റോ മുഖം അൽപ്പംകൂടി താഴ്ത്തി, ചെവി മെല്ലെ കൂർപ്പിച്ചു.

"ഞാൻ ഈസ്ക്കുലാപീയൂസിന് ഒരു കോഴിയെ കൊടുക്കാനുണ്ട്... ആ കടം വീട്ടണം."

''തീർച്ചയായും. ഇനി അങ്ങയ്ക്കെന്തെങ്കിലും പറയാനുണ്ടോ...?"

ക്രിറ്റോയ്ക്കു മറുപടിയൊന്നും കിട്ടിയില്ല. സോക്രട്ടീസിന്റെ ഉടലൊന്നു ചലിച്ചു. പിന്നെയത് എന്നന്നേയ്ക്കുമായി നിശ്ചലമായി.

ജയിൽവാർഡൻ വിഷാദം നിഴലിക്കുന്ന ഭാവവുമായി, ആ മഹാത്മാവിന്റെ ജീവൻ നിലച്ച മുഖത്തേയ്ക്ക് ഇമവെട്ടാതെ നോക്കിനിന്നു. ആ ജയിലുദ്യോഗസ്ഥന്റെ കണ്ണുകൾ നനഞ്ഞിരുന്നു. ഔദ്യോഗിക ചിഹ്നം പതിച്ച തന്റെ തൊപ്പിയൂരി ഇടതു കൈയിൽ വച്ചിട്ട്, മെല്ലെയദ്ദേഹം കുനിഞ്ഞുനിന്ന് സോക്രട്ടീസിന്റെ കണ്ണുകൾക്കു മീതെ ചെറുതായി തടവി. മരണത്തിലും പ്രപഞ്ചമാകെ ദർശിക്കും മട്ടിൽ വിടർന്നിരുന്ന നിശ്ചലമായ ആ കൺപോളകൾ ഇനിയൊരിക്കലും തുറക്കാനാവാത്ത വിധം അടഞ്ഞു. ആ ആത്മാവ് മറ്റൊരു ലോകം തേടി പൊയ്ക്കഴിഞ്ഞിരുന്നു.

**പാതിവിശ്വാസികൾ: നഷ്ടപ്പെട്ടവർ**

മനസ്സിന്റെ ഒരു പാർശ്വത്തിലായി (പൂർണമനസ്സോടെയല്ലാതെ) അല്ലാഹുവിനെ ആരാധിക്കുന്ന ചിലർ മനുഷ്യരിലുണ്ട്. അവർ നന്മ കൈവന്നാലതുകൊണ്ടവർ സംതൃപ്തരാകുനു. അവർക്ക് വല്ല പരീക്ഷണവും ബാധിച്ചാൽ അവർ തങ്ങളുടെ പൂർവാ വസ്ഥയിലേക്ക് മടങ്ങിപ്പോവുന്നു. ഇഹലോകവും പരലോകവും അവർ നഷ്ടപ്പെടുത്തി. അത് വ്യക്തമായ ഒരു നഷ്ടം തന്നെയാണ്.

**(വി. ഖുർആൻ)**

# ഹദ്റത്ത് അബൂ ഉബയ്ദഃ (റ)

മൗലവി മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ

### ആകൃതിയും പേരും വംശവും

നല്ല ഉയരം. മെലിഞ്ഞ ശരീരം. തെളിഞ്ഞ നെറ്റിത്തടം. ആദരയുക്തമായ ഭയമുളവാക്കുന്ന മുഖ കമലം. ഭക്തിയുള്ള രൂപം. ഇടതൂർന്ന താടി. ഇതായിരുന്നു നബി(സ)തിരുമേനിയുടെ കാലത്തെ യുവ സ്വഹാബി ഹദ്റത്ത് അബൂഉബയ്ദഃ (റ) ബിൻ അൽജർറാഹ്. യഥാർഥ പേര് ആമിർ ബിൻ അബ്ദുല്ലാഹ് ബിൻ അൽജർറാഹ് എന്നായിരുന്നു. എന്നാൽ പ്രസിദ്ധനായിട്ടുള്ളത് പിതാമഹന്റെ സംബന്ധത്തിലാണ്. പേരിനെക്കാളേറെ സംജ്ഞാനാമത്തിലാണ് അറിയപ്പെടുന്നത്. വംശപരമ്പര അഞ്ചാമത്തെ തലമുറയിൽ നബി(സ)തിരുമേനിയിൽ ചെന്നു ചേരുന്നു.

### ഇസ്‌ലാം സ്വീകരണവും ശ്രേഷ്ഠതകളും

നബി(സ)തിരുമേനിയുടെ പ്രവാചകത്വ വാദത്തിനുശേഷം ആദ്യകാല വിശ്വാസികളിൽപ്പെട്ടയാളാണ് ഹദ്റത്ത് അബൂഉബയ്ദഃ(റ). ദാറുൽ അർഖം പ്രബോധനകേന്ദ്രമാകുന്നതിനുമുമ്പേ ഇസ്‌ലാം സ്വീകരിക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനു കിട്ടി. ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) നെപ്പോലുള്ള മഹാനായ പ്രബോധകന്റെ പ്രബോധന ശ്രമത്തിന്റെ മധുരമുള്ള കനിയായിരുന്നു അദ്ദേഹം. സിദ്ദീഖീ ജീവിതത്തിന്റെ ആഴമേറിയ അടയാളങ്ങൾ അദ്ദേഹത്തിന്റെ സ്വഭാവങ്ങളിലും ശീലങ്ങളിലും മുഴച്ചുനിന്നിരുന്നു. അദ്ദേഹം വിശ്വാസത്തിലും ആത്മാർഥതയിലും അതിശീഘ്രം അഭിവൃദ്ധിപ്പെട്ടു. തിരുദൂതരുടെ സഖാക്കളിൽ ഉന്നത സ്ഥാനം പ്രാപിച്ചു. നബി(സ)തിരുമേനി സ്വർഗത്തെ സംബന്ധിച്ച് തന്റെ ജീവിത കാലത്ത് സുവാർത്ത നല്കിയ പത്ത് സ്വഹാബാക്കളിൽപ്പെട്ട ഭാഗ്യവാനാണ് അദ്ദേഹം.

അല്ലാഹു ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മനോഹരമായ സ്വഭാവങ്ങളും സവിശേഷമായ പെരുമാറ്റങ്ങളും നേതൃപാടവവും നല്കി അനുഗ്രഹിച്ചിരുന്നു. നബി(സ)തിരുമേനി ഒരിക്കൽ അദ്ദേഹത്തിന്റെ ഈ സവിശേഷ സ്വഭാവത്തെ സംബന്ധിച്ച് പറഞ്ഞു: "ഖുറയ്ശി കുടുംബത്തിൽ ശ്രേഷ്ഠസ്വഭാവക്കാരും വളരെ ലജ്ജാശീലരും നേതൃപാടവമുള്ളവരുമായ മൂന്നു ദൈവപുരുഷന്മാരുണ്ട്. അബൂബക്കർ (റ), ഉഥ്മാൻ (റ), അബൂഉബയ്ദഃ ബിൻ അൽജർറാഹ് (റ) എന്നിവരാണവർ."

പരിശുദ്ധമായ ഗുണങ്ങൾകൊണ്ട് അദ്ദേഹം നമ്മുടെ യജമാനരായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ)തിരുമേനിയ്ക്ക് വളരെ പ്രിയപ്പെട്ട ആളായിരുന്നു. ഒരിക്കൽ ഹദ്റത്ത് ആയിശ(റ) തിരുദൂതരോട് വീട്ടുകാര്യങ്ങൾ പറയുന്നതിനിടയിൽ നിസ്സങ്കോചം ചോദിച്ചു: "അങ്ങയ്ക്ക് അങ്ങയുടെ സ്വഹാബിമാരിൽ ഏറ്റവും പ്രിയപ്പെട്ടതാരാണ്? നബി(സ)പറഞ്ഞു: 'അബൂബക്കർ'(റ). അവർ ചോദിച്ചു, പിന്നീട് ആരാണ്? നബി(സ)പറഞ്ഞു: 'ഉമർ'(റ). ഹദ്റത്ത് ആയിശ(റ) മൂന്നാം വട്ടം ചോദിച്ചു, പിന്നീടാരാണ്? നബി(സ)പറഞ്ഞു: 'അബൂ ഉബയ്ദഃ ബിൻ അൽജർറാഹ്' (റ).

നബി(സ)തിരുമേനിയ്ക്ക്, ഹദ്റത്ത് അബൂഉബയ്ദഃ(റ)യോടുള്ള സ്നേഹം അദ്ദേഹത്തിന്റെ ആത്മാർഥതയും ആസക്തിയും ആത്മാർപണവും മതപരമായ സേവനങ്ങളും കാരണത്താലായിരുന്നു.

### ഹിജ്റത്തിന്റെ പരീക്ഷണം

ഇസ്‌ലാം സ്വീകരിച്ച ക്ഷണത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ (റ)യ്ക്ക് നേരിടേണ്ടി വന്നത് ധനവും മക്കളും സ്വദേശവും സംബന്ധിച്ച പരീക്ഷണമായിരുന്നു. അല്ലാഹുവിനുവേണ്ടി ദീനിനെ ദുൻയാവിനെക്കാൾമുന്തിച്ചുകൊണ്ട് തികഞ്ഞ

ധൈര്യത്തോടുകൂടി തന്റേതെല്ലാം ഉപേക്ഷിക്കാൻ അദ്ദേഹം തയ്യാറായി. മക്കയോടു വിടപറഞ്ഞ് അകലെയുള്ളതും അന്യവുമായ ഹബ്ശ നാട്ടിലേക്ക് ഹിജ്റ ചെയ്തു. യാത്രാ ദുരിതങ്ങൾ സഹിച്ചു. ജോലി അന്വേഷിച്ചു നടക്കുന്ന അവസരത്തിൽ ബുദ്ധിമുട്ടുകളും ഭയവും നേരിടേണ്ടിവന്നു. ഏതാണ്ട് അവിടെ ചുവട് ഒന്നുറച്ചു വന്നപ്പോൾ മദീനഹിജ്റത്തിന്റെ രണ്ടാമത്തെ പരീക്ഷണം അഭിമുഖീകരിക്കേണ്ടി വന്നു. തന്റെ പ്രിയപ്പെട്ട യജമാനൻ മദീനയിലായിരിക്കുകയും താൻ ഹബ്ശയിൽ താമസിച്ച് ആ മഹാത്മാവിന്റെ സാമീപ്യത്തിൽനിന്നും പരിശുദ്ധ സഹവാസത്തിൽനിന്നും അകന്നിരിക്കുകയും ചെയ്യുന്നത് അദ്ദേഹത്തിന് സഹിക്കാൻ കഴിഞ്ഞില്ല. അങ്ങനെ തന്റെ രണ്ടാം നാടായ ഹബ്ശയേയും അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടി ഉപേക്ഷിച്ച് മദീന മുനവ്വറയിലേക്ക് രണ്ടാമത്തെ ഹിജ്റത്ത് ചെയ്യാൻ ഭാഗ്യം നേടി. രണ്ടു ഹിജ്റ ചെയ്തതിന്റെ പ്രതിഫലത്തിനും പുണ്യത്തിനും അവകാശിയായിത്തീർന്നു. ഇത് അദ്ദേഹത്തിനു ലഭിച്ച ബഹുമതിയും അഭിമാനവും ആണെന്നതിൽ സംശയമില്ല. രണ്ട് ഹിജ്റ ചെയ്യാൻ ഭാഗ്യം സിദ്ധിച്ച സ്വഹാബിമാർ അതു വളരെ ആനന്ദത്തോടെ പ്രകടിപ്പിക്കാറുണ്ടായിരുന്നു.

ഒരിക്കൽ ഹദ്റത്ത് അസ്മാ ബിൻത് ഉവയ്സ് (ഇവർ രണ്ടു ഹിജ്റത്തു ചെയ്യാൻ ഭാഗ്യം സിദ്ധിച്ചവരിൽപ്പെട്ടവരായിരുന്നു) നബി(സ)യെ കാണുന്നതിനുവേണ്ടി ഉമ്മുൽ മുഅ്മിനീൻ ഹദ്റത്ത് ഹഫ്സ്വ (റ)യുടെ വീട്ടിൽ വന്നു. അല്പം കഴിഞ്ഞപ്പോൾ ഹദ്റത്ത് ഉമർ (റ)വും അവിടെ എത്തി. ഹദ്റത്ത് അസ്മാ(റ) അവിടെ ഉണ്ടെന്നറിഞ്ഞ് അവരുടെ നേരെ തിരിഞ്ഞുകൊണ്ട് ഹദ്റത്ത് ഉമർ(റ) പറഞ്ഞു: "അസ്മാ! ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്ത നിങ്ങളെക്കാൾ മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവർക്കാണ് പ്രഥമസ്ഥാനമുള്ളത്. നബി(സ)തിരുമേനിയുമായിട്ടുള്ള ബന്ധത്തിനും സ്നേഹത്തിനും ഞങ്ങളാണ് കൂടുതൽ അവകാശികൾ". ഹദ്റത്ത് അസ്മാ(റ)ഹബ്ശയിലേക്ക് ഹിജറത്ത് ചെയ്തവരുടെ പ്രാതിനിധ്യം നല്ലവണ്ണം നിറവേറ്റിക്കൊണ്ടു പറഞ്ഞു: "ഉമറേ! താങ്കളുടെ ഈ വാദം ഒരിക്കലും ശരിയല്ല. നിങ്ങൾ നബി(സ)തിരുമേനിയുടെ കൂടെ താമസിച്ചവരാണ്. ആ മഹാത്മാവ് നിങ്ങളുടെ കൂടെ ഉണ്ടായിരുന്ന ദുർബലരേയും പട്ടിണിപ്പാവങ്ങളേയും നല്ലവണ്ണം ശ്രദ്ധിച്ചിരുന്നു. കഴിവിന്റെ പരമാവധി അവരുടെ ആവശ്യങ്ങൾ നിറവേറ്റിയിരുന്നു. ഞങ്ങളാണെങ്കിൽ അന്യനാടായ ഹബ്ശയിലായിരുന്നു. അവിടെ ആരുടെ ഹൃദയത്തിലും ഞങ്ങളോടു ഒരു മമതയും ഉണ്ടായിരുന്നില്ല. കഠിനമായ ദുരിതങ്ങൾ സഹിച്ച് ദിനങ്ങൾ തള്ളിനീക്കേണ്ടി വന്നു. ഭയന്നും പേടിച്ചുമാണ് ഞങ്ങൾ അവിടെ കഴിഞ്ഞിരുന്നത്. ഇതെല്ലാം അല്ലാഹുവിനും അവന്റെ റസൂലിനും വേണ്ടിയാണ് ഞങ്ങൾ സഹിച്ചത്. (ഇപ്പോൾ താങ്കൾ ഞങ്ങളെ അധിക്ഷേപിക്കാൻ തുടങ്ങിയിരിക്കുന്നു). അല്ലാഹുവാണ! ഹബ്ശയിലേക്കും മദീനയിലേക്കും ഹിജ്റത്ത് ചെയ്തവരിൽ ആരാണ് ശ്രേഷ്ഠരെന്ന് നബി(സ)തിരുമേനിയോടു ചോദിച്ച് തൃപ്തി വരുന്നതുവരെ ഞാൻ എന്റെ വെള്ളവും ആഹാരവും എനിക്കു നിഷിദ്ധമാക്കിയിരിക്കുന്നു." പിന്നീട് ഹദ്റത്ത് അസ്മാ(റ), ഹദ്റത്ത് ഉമർ(റ)പറഞ്ഞ കാര്യം നബി(സ)തിരുമേനിയെ കേൾപ്പിച്ചു. അപ്പോൾ നീ എന്തു മറുപടിയാണ് ഉമറിന് കൊടുത്തതെന്ന് നബി(സ) തിരക്കി. ഹദ്റത്ത് അസ്മാ(റ) ഏറ്റക്കുറച്ചിലുകളൊന്നും കൂടാതെ താൻ കൊടുത്ത മറുപടി നബി(സ)തിരുമേനിയോടു പറഞ്ഞു. അങ്ങനെ പ്രവാചക ദർബാറിൽ നിന്ന് വിധിയുണ്ടായി, "അസ്മാ! നീ പറഞ്ഞതാണ് ശരി. ഉമറും അദ്ദേഹത്തോടൊപ്പം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തവരും ത്യാഗത്തിന്റെ അടിസ്ഥാനത്തിൽ ഹബ്ശയിലേക്ക് ഹിജ്റത്ത് ചെയ്തവരെക്കാൾ എന്റെ സ്നേഹത്തിനും ബന്ധത്തിനും കൂടുതൽ അവകാശികളല്ല. ഇവരുടേത് ഒരു ഹിജ്റത്താണെങ്കിൽ നിങ്ങളുടേത് രണ്ടു ഹിജ്റത്താണെന്നതിൽ സംശയമൊന്നുമില്ല." (ഇതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ ഇരട്ടി പ്രതിഫലത്തിനും പുണ്യത്തിനും അർഹരാണ്).

**അമീൻ എന്ന സ്ഥാനം**

ഹിജ്റത്തുകളുടെ ഈ ഇരട്ട ത്യാഗങ്ങൾക്കു പുറമെ ഹദ്റത്ത് അബൂഉബയ്ദഃ(റ)യെ മറ്റു സ്വഹാബാക്കളിൽ നിന്ന് വ്യതിരിക്തനാക്കി നിറുത്തിയത് **വല്ലദീനഹും ലിഅമാനാത്തിഹിം വ അഹ്ദിഹിം റാഊൻ**(തങ്ങളുടെ അമാനത്തുകളേയും കരാറുകളേയും പാലിക്കുന്നവരായിട്ടുള്ള സത്യവിശ്വാസി വിജയം വരിച്ചു-23:9) എന്ന ദൈവവചനത്തിന്റെ പ്രതീകമായിരുന്നു അദ്ദേഹം എന്നതാണ്. ഒരു സമ്പൂർണനായ സത്യവിശ്വാസിയുടെ ഉയർന്നതും ഉന്നതവുമായ പദവിയും ഇതു തന്നെയാകുന്നു എന്നതാണ് സത്യം. അങ്ങനെ ബാഹ്യത്തിൽ ശോഷിച്ച ശരീരനും ദുർബലനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ) തിരുദൂതരുടെ സഖാക്കളിൽ "കരുത്തനായ വിശ്വസ്തൻ" (അൽഖവിയ്യുൽഅമീൻ) എന്ന സ്ഥാനപ്പേരിൽ സ്മരിക്കപ്പെടുന്നു. അദ്ദേഹം അമാനത്തുകളോടുള്ള എല്ലാ കടമകളും നിറവേറ്റി എന്നതിന് സാക്ഷ്യമാണിത്.

ദൈവസൃഷ്ടികളുടെ ഈ സാക്ഷ്യമുദ്ര പതിഞ്ഞത്, അല്ലാഹുവിന്റെ റസൂൽ (സ)തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങളിൽ അതായത് ഹിജ്റ ഒമ്പതിൽ നജ്റാനിലെ ക്രൈസ്തവ നാട്ടിൽനിന്ന് ഒരു ദൗത്യസംഘം മദീനയിൽ വരികയും തങ്ങൾ വാർഷികകപ്പം നല്കിക്കൊള്ളാം എന്ന വ്യവസ്ഥയിൽ അവരുമായി ഉടമ്പടി ചെയ്യുകയും ചെയ്ത സന്ദർഭത്തിലായിരുന്നു. ആ അവസരത്തിൽ കപ്പം പിരിച്ചെടുക്കാൻ അമാനത്തുകളോടുള്ള കടമകൾ നല്ലവണ്ണം നിറവേറ്റുന്ന ഒരാളെ തങ്ങൾക്കൊപ്പം അയച്ചു തരാൻ ദൗത്യസംഘം നബി(സ)തിരുമേനിയോടു അപേ

ക്ഷിച്ചു. നബി(സ)തിരുമേനി പറഞ്ഞു: 'നിങ്ങൾ ആശങ്കപ്പെടേണ്ട. അങ്ങേയറ്റം വിശ്വസ്തനായ ഒരാളെ നിങ്ങളോടൊപ്പം ഞാൻ അയക്കുന്നതാണ്.' ആ സമയം നബി(സ)യുടെ മജ്‌ലിസ് അദ്ഭുതകരമായ ഒരു അവസ്ഥയിലായിരുന്നു. സ്വഹാബാക്കൾ ആ ഭാഗ്യവാൻ ആരാണെന്നറിയാൻ വളരെ ആകാംക്ഷയോടെ തല ഉയർത്തിയുയർത്തി നോക്കിക്കൊണ്ടിരുന്നു. കാത്തിരിപ്പിന്റെ നിമിഷങ്ങൾ അവസാനിച്ചു. നബി(സ)തിരുമേനി പറഞ്ഞു: "അബൂഉബയ്ദഃ ഒന്ന് എഴുന്നേറ്റു നില്ക്കുക." അദ്ദേഹം തന്റെ ഇരിപ്പിടത്തിൽനിന്ന് എഴുന്നേറ്റു നിന്നപ്പോൾ നബി(സ)തിരുമേനിയുടെ അനുഗൃഹീത നാവിലൂടെ അബൂഉബയ്ദായ്ക്ക് അനശ്വരവും ചരിത്രപരവുമായ ആ സർട്ടിഫിക്കേറ്റ് നല്കപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: "ഈ സമുദായത്തിന്റെ വിശ്വസ്തനാണിത്." പിന്നീട് സ്വഹാബാക്കളോടു പറഞ്ഞു: " ഓരോ സമുദായത്തിലും ഒരു വിശ്വസ്തനുണ്ടാകും. എന്റെ സമുദായത്തിലെ ജനങ്ങളേ! നമ്മുടെ വിശ്വസ്തൻ അബൂഉബയ്ദഃ ബിൻ അൽജർറാഹ് ആകുന്നു."[7]

'ഉമ്മത്തിന്റെ വിശ്വസ്തൻ' എന്ന സ്ഥാനപ്പേര് അബൂഉബയ്ദഃ (റ) യ്ക്ക് മഹത്തായൊരു ബഹുമതിയാണ്. മറ്റുള്ളവരോടുള്ള അദ്ദേഹത്തിന്റെ സൽപെരുമാറ്റത്തിന്റെ സംക്ഷിപ്തമാണ് അതിൽ വിവരിക്കപ്പെട്ടിരിക്കുന്നത്. അദ്ദേഹത്തെക്കുറിച്ച് നബി(സ)പറഞ്ഞു, "എനിക്ക് എന്റെ അനുചരന്മാരിൽ ഓരോരുത്തരുടേയും എന്തെങ്കിലുമൊക്കെ സ്വഭാവം പിടിച്ചെടുക്കാൻ കഴിയും; അബൂ ഉബയ്ദഃ ഒഴികെ. അദ്ദേഹം വളരെ നല്ലതും ഉന്നതവുമായ സ്വഭാവങ്ങൾ വഹിക്കുന്ന ആളാകുന്നു.

'സമുദായത്തിന്റെ വിശ്വസ്തൻ' എന്ന മഹത്തായ സ്ഥാനപ്പേര് കരസ്ഥമാക്കിയ ഒരു മഹാ മനുഷ്യന്റെ ജീവിത ചരിത്രം മുമ്പേയും രചിക്കപ്പെട്ടിട്ടുണ്ട്. അമാനത്തുകൾ നിറവേറ്റുക എന്ന അദ്ദേഹത്തിന്റെ സുപ്രധാന വശത്തെ സംബന്ധിച്ച് എഴുതുമ്പോൾ ആ സുന്ദരനായ ചെറുപ്പക്കാരന്റെ ജീവിത ചരിത്രം പുതിയൊരു മാനം സൃഷ്ടിക്കുന്നു. ഹദ്റത്ത് അബൂഉബയ്ദഃ(റ) വൻധനശേഖരങ്ങളുടെ അമീനായി നിയമിക്കപ്പെട്ടിരുന്നു. ശക്തമായ ഇമാറത്തിന്റെ അമാനത്തും ആ മഹാത്മാവിന് നല്കപ്പെട്ടിരുന്നു. അതെല്ലാം അദ്ദേഹം നല്ലനിലയിൽ നിറവേറ്റി.

### ബദ്ർയുദ്ധത്തിൽ പങ്കാളിത്തം

ഒരു പട്ടാളക്കാരൻ എന്ന നിലയിൽ ബദ്ർ യുദ്ധത്തിൽ അദ്ദേഹത്തിന്റെ വിശ്വസ്തത പരീക്ഷിക്കപ്പെട്ടു. അത് ഇങ്ങനെയായിരുന്നു. ശത്രുസൈന്യത്തിൽ അദ്ദേഹത്തിന്റെ പിതാവ് ആമിറും ഉണ്ടായിരുന്നു. അബൂഉബയ്ദഃ(റ) ധീരനായ പട്ടാളക്കാരനെപ്പോലെ ധൈര്യം കാണിച്ചുകൊണ്ട് രണാങ്കണത്തിൽ മുന്നോട്ടു നീങ്ങുകയായിരുന്നു. പെട്ടെന്നാണ് പിതാവ് മുന്നിൽപ്പെട്ടത്. അദ്ദേഹം പലപ്രാവശ്യവും മകനെ വധിക്കാൻ ഉന്നം വെച്ചു നടക്കുകയായിരുന്നു. എത്രമാത്രം കഠിനവും വികാരനിർഭരവുമായിരുന്നു ആ നിമിഷമെന്ന് അല്പം ചിന്തിച്ചു നോക്കുക. ഒരു ഭാഗത്ത് പിതാവ്. മറുഭാഗത്ത് അല്ലാഹുവും അവന്റെ റസൂലും. അവർക്കെതിരിലാണ് പിതാവ് ഊരിപ്പിടിച്ച വാളുമായി നില്ക്കുന്നത്. സംഘർഷഭരിതമായ നിമിഷങ്ങൾ. പക്ഷേ, വീര്യശാലിയും വിശ്വസ്തനുമായ ഹദ്റത്ത് അബൂഉബയ്ദഃ(റ)യ്ക്ക് തീരുമാനമെടുക്കാൻ സമയം വേണ്ടിവന്നില്ല. അല്ലാഹുവിനുവേണ്ടി ഊരിയവാൾ റസൂലിന്റെ ശത്രുക്കളെ വകവരുത്താതെ-അത് പിതാവാണെങ്കിലും വേണ്ടില്ല-നിലയ്ക്കുകയില്ല. തൊട്ടടുത്ത നിമിഷം ബദ്റിന്റെ മൈതാനത്ത് അബൂഉബയ്ദഃയുടെ അന്യാരാധകനായ പിതാവ് ആമിർ, ഏകദൈവവിശ്വാസിയായ സ്വന്തം മകന്റെ കൈയാൽ വധിക്കപ്പെട്ടു കഴിഞ്ഞു. നിനക്കാശംസകൾ! ഈ സമുദായത്തിന്റെ വിശ്വസ്തനായിട്ടുള്ളവനേ! നിനക്കാശംസകൾ! നീ എത്രമാത്രം പ്രൗഢിയോടുകൂടിയാണ് വിശ്വസ്തതയോടുള്ള കടമ നിർവഹിച്ചത്? അതിനു നിനക്ക് പരിശുദ്ധമായ പിതൃപുത്രബന്ധം പ്രതിബന്ധമായില്ല.

അല്ലാഹു സമ്പൂർണ വിശ്വാസികളെ അതായത് അല്ലാഹുവിനു വേണ്ടി തങ്ങളുടെ കുടുംബബന്ധങ്ങളെപ്പോലും അരിഞ്ഞിടുന്ന സത്യവിശ്വാസികളെ പുകഴ്ത്തുന്ന വചനം ഖുർആനിലുണ്ട്. സ്വഹാബാക്കൾ ഈ ചരിത്ര സംഭവം ആ വചനവുമായി ചേർത്തു പറയാറുണ്ടായിരുന്നു. ആ വചനം ഇപ്രകാരമാണ്:

"അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്ന ഒരു കൂട്ടർ അല്ലാഹുവിനേയും അവന്റെ ദൂതനേയും എതിർക്കുന്നവരുമായി സൗഹൃദം പുലർത്തുന്നത് നീ കാണുകയില്ല; അവർ സ്വപിതാക്കളോ സ്വസന്താനങ്ങളോ സ്വസഹോദരങ്ങളോ സ്വകുടുംബ ബന്ധുക്കളോ ആയാലും ശരി. അത്തരക്കാരാകട്ടെ, അല്ലാഹു അവരുടെ ഹൃദയങ്ങളിൽ സത്യവിശ്വാസം എഴുതിവയ്ക്കുകയും തന്റെ പക്കൽനിന്നുള്ള വചനംകൊണ്ട് അവരെ അവൻ പ്രബലപ്പെടുത്തുകയും ചെയ്തിരിക്കുന്നു. അവരെ അവൻ താഴേരത്തൂടെ ആറുകളൊഴുകുന്ന ഉദ്യാനങ്ങളിൽ പ്രവേശിപ്പിക്കുകയും ചെയ്യും. അവർ അവിടെ നിത്യവാസികളായിരിക്കും. അല്ലാഹു അവരെക്കുറിച്ച് തൃപ്തനായിരിക്കുന്നു. അവർ അവനെക്കുറിച്ചും തൃപ്തരായിരിക്കുന്നു. അവർ അല്ലാഹുവിന്റെ സംഘമത്രെ. അറിയുക അല്ലാഹുവിന്റെ സംഘം തന്നെയാണ് വിജയികൾ." (58:23)

### ഉഹ്ദ്‌യുദ്ധത്തിൽ അർപണം

ബദ്ർ യുദ്ധത്തിനുശേഷം മുസ്‌ലീംകൾക്ക് ഉഹ്ദുയുദ്ധത്തെ അഭിമുഖീകരിക്കേണ്ടതായി വന്നു. ഉഹ്ദു മലയും ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ വീര്യത്തിനും വിശ്വസ്തതയ്ക്കും സാക്ഷിയായി. ഉഹ്ദിൽ നബി(സ)തിരുമേനിയുടെ സാന്നിധ്യത്തിൽ ഹദ്റത്ത് അബൂഉബയ്ദഃ(റ) പ്രവാചകത്വമെന്ന അമാനത്തിന്റെ സംരക്ഷണപ്രശ്നം വന്നപ്പോൾ ഉറച്ചുനിന്നുവെന്നുമാത്രമല്ല തികഞ്ഞ പൗരുഷത്തിന്റേയും ആത്മസമർപണത്തിന്റേയും മാതൃക കാണിക്കുകയും ചെയ്തു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ) ന്റെ വിവരണം ഇങ്ങനെ:

ഉഹ്ദ് യുദ്ധാവസരത്തിൽ കല്ലേറുകൊണ്ട് ഇരുമ്പുതൊപ്പിയുടെ രണ്ടുകൊളുത്തുകൾ നബി(സ)തിരുമേനിയുടെ കവിളുകളിൽ തുളച്ചു കയറി. നബി(സ)യെ സഹായിക്കാൻ ഞാൻ അങ്ങോട്ട് കുതിച്ചു. അപ്പോൾ ഒരാൾ എന്റെനേരെ ഓടിവരുന്നത് ഞാൻ കണ്ടു. അപകടകരമായ ആ നേരത്ത് ആ വ്യക്തി എന്റെ സഹായത്തിനു കാരണമായിത്തീരേണമേ എന്നു ഞാൻ പ്രാർഥിച്ചു. മുന്നോട്ടു ചെന്നു നോക്കിയപ്പോൾ അത് അബൂഉബയ്ദഃ(റ)ആയിരുന്നു. അദ്ദേഹം എനിക്കുമുമ്പേ അവിടെ എത്തിക്കഴിഞ്ഞിരുന്നു. സ്ഥിതിഗതികൾ മനസ്സിലാക്കിയതിനുശേഷം അല്ലാഹുവിനെ മുൻനിറുത്തി ആത്മാർപണ വികാരത്തോടെ അദ്ദേഹം എന്നോടു പറഞ്ഞു, 'തറച്ചുകയറിയ കൊളുത്തുകൾ അല്ലാഹുവിന്റെ റസൂലിന്റെ കവിളുകളിൽനിന്ന് ഊരിയെടുക്കാൻ എന്നെ അനുവദിക്കുക.' പിന്നീട് അദ്ദേഹം ഒരു കൊളുത്ത് കടിച്ചുപിടിക്കുകയും ശക്തിയായി വലിച്ചൂരുകയും ചെയ്തു. വലിയുടെ ശക്തികൊണ്ട് ഹദ്റത്ത് അബുഉബയ്ദ(റ)നടുവടിച്ചു വീഴുകയും അദ്ദേഹത്തിന്റെ മുൻപല്ലിൽ ഒരെണ്ണം പറിഞ്ഞുപോരുകയും ചെയ്തു. പിന്നീട് രണ്ടാമത്തെ കവിളിൽനിന്നും അതേപോലെ കൊളുത്ത് വലിച്ചൂരി. അപ്പോൾ അദ്ദേഹത്തിന്റെ രണ്ടാമത്തെ പല്ലും പറിയുകയും നടുവടിച്ച് വീഴുകയും ചെയ്തു. എങ്കിലും കഠിനമായ വേദനയിൽനിന്ന് നബി(സ)തിരുമേനിയെ രക്ഷിക്കാൻ അദ്ദേഹത്തിനു സാധിച്ചു. നബി(സ)തിരുമേനിയെ രക്ഷിക്കുന്നതിൽ അദ്ദേഹം ഒരു കുറവും വരുത്തിയില്ല. ഹദ്റത്ത് അബൂഉബയ്ദഃ(റ)യുടെ മുൻനിരപ്പല്ലുകളിൽ രണ്ടെണ്ണം നഷ്ടമായത് അദ്ദേഹത്തിന്റെ മുഖത്തെ കൂടുതൽ സൗന്ദര്യമുളളതാക്കി തീർത്തുവെന്ന് ആളുകൾ പറഞ്ഞിരുന്നു. മുൻനിരയിലെ രണ്ടു പല്ലുകൾ പൊട്ടിയ ആരും അബൂഉബയ്ദഃയുടെ അത്ര സുമുഖനായി കാണാറില്ലെന്ന് ജനങ്ങൾ പറയാറുണ്ടായിരുന്നു.

ഉഹ്ദിനുശേഷം നടന്ന ഖൻദഖ്, ബനൂഖുറയ്ള, ഖയ്ബർ, ഫത്ഹ് മക്ക, ഹുനയ്ൻ, ത്വായിഫ് തുടങ്ങിയ യുദ്ധങ്ങളിലും ഹദ്റത്ത് അബൂഅബൂഉബയ്ദഃ(റ) ധീരപോരാളി എന്ന നിലയിൽ മുൻപന്തിയിലായിരുന്നു.

സൈന്യാധിപൻ എന്ന നിലയിലും ഹദ്റത്ത് അബൂഅബൂഉബയ്ദഃ(റ) തന്റെ വിശ്വസ്തതയോടുളള കടമ നല്ലവണ്ണം നിർവഹിച്ചു. ഹിജ്റ 6-ാം വർഷം അദ്ദേഹം ഥഅ്‌ലബത്ത് അൻമാർ തുടങ്ങിയ ഗോത്രങ്ങൾക്കെതിരെ നടപടി സ്വീകരിക്കാൻ നിയമിക്കപ്പെട്ടു. അതിൽ വിജയം നേടിയാണ് അദ്ദേഹം തിരിച്ചെത്തിയത്.

**ദാത്തുസ്സലാസിലിന്റെ നേതൃത്വവും പരസ്പര സഹായവും**

ഹിജ്റ 7-ാം വർഷത്തിൽ ഖയ്ബർ യുദ്ധശേഷം നബി(സ)തിരുമേനി സിറിയയുടെ കിഴക്കുള്ള ദാത്തുസ്സലാസിനെതിരെ നടപടി കൈക്കൊളളാൻ ഹദ്റത്ത് അംറ് ബിൻ ആസ്വിന്റെ നേതൃത്വത്തിൽ ഒരു സൈന്യത്തെ അയച്ചു. വലിയ വലിയ സ്വഹാബാക്കളെ അപേക്ഷിച്ച് ഗ്രാമീണരായ അറബികളും ബദുക്കളുമായിരുന്നു സൈന്യത്തിൽ അധികവുമുണ്ടായിരുന്നത്. അവിടെ എത്തിയപ്പോഴാണ് ശത്രുസൈന്യം വളരെ കൂടുതലാണെന്ന് അറിയുന്നത്. അതുകൊണ്ട് ഹദ്റത്ത് അംറ് ബിൻ ആസ്(റ)പോഷകസൈന്യത്തെ ആവശ്യപ്പെട്ടു. നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃത്വത്തിൽ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ തുടങ്ങിയ ആദ്യകാല മുഹാജിറുകൾ ഉൾപ്പെടെയുളള ഒരു സൈന്യം അയച്ചുകൊടുത്തു. നബി(സ)തിരുമേനി ദൈവദത്തമായ ഉൾക്കാഴ്ചയോടെ ഹദ്റത്ത് അബൂഉബയ്ദഃ(റ) യെ യാത്രയയച്ചപ്പോൾ, അംറ് ബിൻ ആസ്വിന്റെ അടുക്കലെത്തിയാൽ രണ്ടുഅമീർമാരും സഹകരിച്ച് പ്രവർത്തിക്കണമെന്ന് ഉപദേശിക്കുകയുണ്ടായി. എന്നാൽ, അവിടെ എത്തിയപ്പോൾ തന്നെ സഹായിക്കുന്നതിനുവേണ്ടിയാണ് സൈന്യത്തെ അയച്ചിട്ടുളളതെന്നും അതുകൊണ്ട് പോഷക സൈന്യം തന്റെ കീഴിലാണെന്നും ധരിച്ച് ഹദ്റത്ത് അംറ് ബിൻ ആസ്(റ), ഹദ്റത്ത് അബൂഉബയ്ദഃയുടെ സൈന്യത്തിനു നിർദേശങ്ങൾ നല്കി ജോലി എടുപ്പിക്കാൻ തുടങ്ങി. രണ്ടു അമീർമാരും തങ്ങളുടെ പ്രവർത്തന വൃത്തത്തിൽ സ്വതന്ത്രരാണെന്നും പരസ്പരം കൂടിയാലോചിച്ചും സഹകരിച്ചും പ്രവർത്തിക്കാനാണ് കല്പനയെന്നും പുണ്യാത്മാക്കളായ മുഹാജിർ സ്വഹാബാക്കൾ പറഞ്ഞിട്ടും ഹദ്റത്ത് അംറ് ബിൻ ആസ്(റ)തന്റെ നേതൃത്വത്തിൽ ശാഠ്യംപിടിച്ചുനിന്നു. ഈ വിഷമഘട്ടത്തിൽ അമാനത്തുകളുടെ അമ്പാസിഡറായ ഹദ്റത്ത് അബൂഉബയ്ദഃ(റ) യുടെ നിലപാട് എത്ര മാത്രം പരിശുദ്ധവും ഭക്തിമയവുമായിരുന്നു. ഹദ്റത്ത് അംറ് ബിൻ ആസ്(റ)നോടു അദ്ദേഹം പറഞ്ഞു: "എന്നെ അല്ലാഹുവിന്റെ ദൂതർ(സ) സ്വതന്ത്രനായ ഒരു അമീർ എന്ന നിലയിലാണ് അയച്ചിട്ടുളളത്. അതിനോടൊപ്പം പരസ്പരം സഹകരിച്ച് പ്രവർത്തിക്കാനും നിർദേശിക്കുകയുണ്ടായി. അതിനാൽ താങ്കൾ ഞാൻ പറയുന്നത് കേട്ടാലും കേട്ടില്ലെങ്കിലും വേണ്ടില്ല, എന്നിൽനിന്ന് താങ്കൾക്ക് എപ്പോഴും സഹകരണമുണ്ടാകും. താങ്കൾ പറയുന്ന ഓരോ കാര്യവും സ്വീകരിക്കുന്നതാണ്."ഹദ്റത്ത് അബൂഉബയ്ദഃ(റ)നേതൃത്വത്തിന്റെ അമാനത്തിന്റെ കടമ എത്രമാത്രം പ്രൗഢിയോടെയാണ് നിർവേറ്റിയത്. നന്മയിലും ത്യാഗത്തിലും സഹകരണത്തിന്റെ എത്ര മാത്രം മഹത്തായ മാതൃകയാണ് കാഴ്ചവച്ചത്.

ഹിജ്റ 8-ാം വർഷം ഖുറയ്ശികളുടെ ചില കച്ചവടസംഘങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുവേണ്ടി നബി(സ) അദ്ദേഹത്തെ രഹസ്യമായി വളരെ പ്രധാനപ്പെട്ട ഒരു ചുമതല ഏല്പിച്ചു. ഇതിൽ 300 സ്വഹാബാക്കൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സമുദ്രതീരത്തേക്ക് അയക്കപ്പെട്ടു.

ആ കാലഘട്ടം വളരെ ഞെരുക്കമുള്ളതായിരുന്നു. സാധാരണ വഴക്കമനുസരിച്ച് ഓരോ പട്ടാളക്കാരനും കൈയിൽ കരുതിയിരുന്ന കാരക്ക തുടങ്ങിയവ തീരാൻ തുടങ്ങി. പട്ടിണിയുടെ ആ ദിനങ്ങളിൽ അൻസ്വാരി സർദാർ ഖയ്സ് ബിൻ സഅ്ദ്(റ) ധർമത്തിന്റേയും ദാനത്തിന്റേയും അപാരമായ ദൃശ്യമാണു കാഴ്ചവച്ചത്. അദ്ദേഹം സൈന്യത്തിൽപ്പെട്ട ചിലയാളുകളുടെ, മദീനക്ക് തിരിച്ചുപോകാൻ നിറുത്തിയിരുന്ന ഒട്ടകങ്ങളെ കടംവാങ്ങി അറുത്ത് കൂടെയുള്ളവരെ ഊട്ടാൻ തുടങ്ങി. 'യാത്രാവാഹനങ്ങൾ തീർന്നു കഴിഞ്ഞാൽ പിന്നീട് യാത്ര എങ്ങനെ തുടരും' എന്ന് കുറച്ചു ദിവസത്തിനുശേഷം, ഹദ്റത്ത് ഉമർ(റ)ചോദിച്ചു. അങ്ങനെ ഹദ്റത്ത് അബൂഉബയ്ദഃ (റ) കൂടുതൽ ഒട്ടകങ്ങളെ അറുക്കുന്നത് തടഞ്ഞുകൊണ്ട് അനുയോജ്യമായ ഒരു തീരുമാനമെടുത്തു. മറുവശത്ത് പട്ടിണികിടക്കുന്ന സൈന്യത്തിനു ഭക്ഷണം കൊടുക്കേണ്ട ചുമതലയും അദ്ദേഹത്തിനായിരുന്നു. അദ്ദേഹം എല്ലാ പട്ടാളക്കാരിൽനിന്നും അവരുടെ കൈയിൽ ബാക്കിയുണ്ടായിരുന്ന ഭക്ഷണസാധനങ്ങൾ ശേഖരിച്ച് രണ്ടു ചാക്കുകളിൽ നിറച്ചു. അത് റേഷനായി പട്ടാളക്കാർക്കിടയിൽ വിതരണം ചെയ്യാൻ ഏർപാടു ചെയ്തു. അങ്ങനെ ഓരോ പട്ടാളക്കാരനും ജീവിക്കാൻ അല്പസ്വല്പ ഭക്ഷണം ലഭിച്ചു. ഒരാൾക്ക് നിത്യവും ഒരു കാരക്കമാത്രം കിട്ടിയ ദിവസങ്ങളും ഉണ്ടായിട്ടുണ്ടെന്ന് സ്വഹാബാക്കൾ പറഞ്ഞിട്ടുണ്ട്. അവരോടു ചോദിച്ചപ്പോൾ, ശേഖരിച്ച് വീതിച്ചുവന്നതും തീർന്നപ്പോഴാണ് ആ ഒരു കാരക്കയുടെ വില തങ്ങൾക്കു മനസ്സിലായതെന്നാണ് അവർ പറഞ്ഞത്. അവർക്ക് മരത്തിന്റെ ഇല തിന്നും ജീവിക്കേണ്ടി വന്നിട്ടുണ്ട്. ആടുകളുടെ വിസർജ്യം പോലെയായിരുന്നു അവരുടേതും.

'ഉമ്മത്തിന്റെ വിശ്വസ്തൻ' അബൂഉബയ്ദഃയുടെ ആ നീതിപൂർവമായ വിതരണവും പ്രാർഥനയും അല്ലാഹുവിന്റെ കാരുണ്യത്തെ ആവേശം കൊള്ളിച്ചിട്ടുണ്ടാകുമെന്നാണ് മനസ്സിലാകുന്നത്. അല്ലാഹുതന്നെ ആ പട്ടിണികിടക്കുന്നവരുടെ ഭക്ഷണത്തിനുള്ള ഏർപാടു ചെയ്തു. ഒരു വലിയ മത്സ്യത്തെ ദൈവവഴിയിൽ വിശപ്പുസഹിക്കുന്നവർക്കായി കടൽത്തീരത്ത് കൊണ്ടിടാൻ അല്ലാഹു കല്പിച്ചു. അങ്ങനെ ആ മത്സ്യത്തിന്റെ മാംസവും എണ്ണയും തുടർച്ചയായി പല ദിവസം ഉപയോഗിച്ച കാരണത്താൽ സ്വഹാബാക്കളുടെ ആരോഗ്യം മെച്ചപ്പെട്ടു. 300 ആളുകൾക്ക് നിരവധി ദിവസംവരെ ഭക്ഷണമായിത്തീർന്ന ആ മത്സ്യത്തെ സംബന്ധിച്ച് സ്വാഭാവികമായും അതിന്റെ വണ്ണം എന്തായിരിക്കും എന്ന കാര്യത്തിൽ സംശയമുണ്ടാകാം. അബൂഉബയ്ദഃയെ പോലെത്തെ ബുദ്ധിമാനായ നേതാവ് ആ ദൈവികാടയാളത്തെ സുരക്ഷിതമാക്കി വെക്കുന്നതിനുള്ള ഏർപാടും ചെയ്തു. അദ്ദേഹം കടൽത്തീരം വിടുന്നതിനുമുമ്പേ മത്സ്യത്തിന്റെ അസ്ഥികൂടത്തിൽ നിന്ന് രണ്ടു വാരിയെല്ലെടുത്ത് മണ്ണിൽ നാട്ടിനിറുത്തി. അതിന്റെ വലുപ്പം അളക്കുന്നതിനുവേണ്ടി അതിന്റെ അടിയിലൂടെ ഒരു ഒട്ടക യാത്രക്കാരനെ കടത്തിവിട്ടു. അയാൾ ഒരു പ്രയാസവും കൂടാതെ അതിനിടയിലൂടെ കടന്നുപോയി.

ഈ യാത്രയിൽ ഹദ്റത്ത് അബൂഉബയ്ദഃയുടെ നേതൃപാടവം തെളിഞ്ഞു മുന്നിൽ വന്നു. പ്രാവർത്തിക ജീവിതത്തിൽ അമാനത്തുകളോടുള്ള കടമ നിറവേറ്റുന്നതിൽ ഈ ഏർപാട് അബൂഉബയ്ദഃക്ക് കുടുതൽ സേവനത്തിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനു കാരണമായി. അതിനുശേഷം നബി(സ)തിരുമേനി ഹദ്റത്ത് അബൂഉബയ്ദഃക്ക് സുപ്രധാനമായ പല സാമ്പത്തിക ഉത്തരവാദിത്വങ്ങളും ഏല്പിച്ചു കൊടുക്കുകയുണ്ടായി.
(തുടരും)

## ഞാൻ ഒറ്റക്കല്ല

**ഹദ്റത്ത് അഹ്മദ് (അ)**

ഞാൻ ഒറ്റക്കല്ല. ആ മഹത്ത്വമാർന്ന എന്റെ നാഥൻ എന്നോടൊപ്പമുണ്ട്. അവനുമായി എന്നെക്കാളുമടുത്തവൻ ആരുമില്ല. അവന്റെ അനുഗ്രഹാതിരേകത്താലാണ് എനിക്ക് സ്നേഹമയമായ ഒരാത്മാവ് പ്രദാനം ചെയ്യപ്പെട്ടത്. എന്ത് കഷ്ടപ്പാടുകൾക്ക് മുന്നിലും അവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി സേവനമനുഷ്ഠിക്കുവാൻ ഞാൻ സദാ സന്നദ്ധനായിരിക്കുന്നത് അതുകൊണ്ട് തന്നെയാകുന്നു. സത്യവിശ്വാസത്തിന്റെ കാര്യത്തിൽ പൂർണ ഹൃദയത്തോടുകൂടി സേവനങ്ങളർപ്പിക്കാനും ഇസ്ലാമിനുവേണ്ടിയുള്ള മഹത്തായ ആത്മീയ സമരത്തെ വിജയ ത്തിലെത്തിക്കുവാനുമുള്ള ശ്രമങ്ങളിൽ ഞാൻ നേതൃത്വം നൽകുന്നതിനും തന്നെ. ഇതെല്ലാം നിർവഹിക്കുന്നതിനായിട്ട് അവൻ എന്നെ നിയോഗിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടുന്ന ശ്രമങ്ങളിൽ നിന്നും എന്നെ പിന്തിരിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല. **(ആയിനെ കമാലാത്തെ ഇസ്ലാം)**

# വാഗ്ദത്ത മസീഹിന്റെ ആഗമനവും ഈമാന്റെ പുനസ്ഥാപനവും

ദൈവത്തെ വിസ്മരിച്ച വിശ്വാസി ലോകത്തെ യഥാർഥ ദൈവത്തിലേക്ക് വീണ്ടും ആനയിക്കാൻ ദൈവം തിരഞ്ഞെടുത്തയച്ച മഹാത്മാവാണ് വാഗ്ദത്ത മസീഹ്

**മഹ്മൂദ് കൽക്കുളം**

**മ**തങ്ങളുടെ അസ്ഥിവാരമുറപ്പിക്കപ്പെട്ടിരിക്കുന്നത് ദൈവവിശ്വാസത്തിലാണ് അഥവാ മതങ്ങൾ ഉന്നയിക്കുന്ന തത്ത്വസാരങ്ങളെല്ലാം ഉദ്ഭൂതമായിരിക്കുന്നത്, ദൈവത്തിൽ നിന്നുമാണ്. ഭൂഗോളത്തിന്റെ വ്യത്യസ്ത കോണുകളിൽ വാസമുറപ്പിച്ചിരുന്ന പ്രാചീന ജനവിഭാഗങ്ങളെല്ലാം ദൈവവിശ്വാസികളായിരുന്നു. എന്നാൽ പ്രവാചകന്മാരാണ് ദൈവവുമായി സജീവ ബന്ധം പുലർത്തിക്കൊണ്ട് അവന്റെ സജീവ സാന്നിദ്ധ്യത്തെ വിളിച്ചറിയിച്ചവർ. അനിഷേധ്യമായ ദൃഷ്ടാന്തങ്ങളിലൂടെ സുദൃഢമായ ആസ്തിക്യബോധം അവർ ജനഹൃദയങ്ങളിൽ സ്ഥാപിച്ചുറപ്പിക്കുകയുണ്ടായി. സന്ദേഹങ്ങളിൽ നിന്നും സങ്കൽപ്പങ്ങളിൽ നിന്നും അതീതമാം വിധം അനുഭവവേദ്യമായ വിശ്വാസമാണ് അവർ സമർപ്പിച്ചത്. മാത്രമല്ല കാലാകാലങ്ങളിലായി ആഗതരായ പ്രവാചകന്മാർ ദൈവവുമായി ജീവത്തായ ഒരു ബന്ധം സ്ഥാപിക്കുന്നതിനുതകുന്ന രാജവീഥികളിലേക്ക് മാനവ സമൂഹത്തെ ക്ഷണിക്കുകയും ചെയ്തു. ഹദ്റത്ത് ഇബ്രാഹിം നബി (അ) അക്കാല ത്തെ സൃഷ്ടിപൂജകരായ ജനങ്ങളോട് പറഞ്ഞിരുന്ന കാര്യങ്ങൾ വിശുദ്ധ ഖുർആൻ അനാവരണം ചെയ്യുന്നുണ്ട്. അദ്ദേഹം അവരോട് പറഞ്ഞു: നിങ്ങൾക്കെന്ത് പറ്റി? നിങ്ങളുടെ ദൈവം നിങ്ങളോട് സംസാരിക്കുന്നില്ലല്ലോ, നിങ്ങൾ വിളിക്കുമ്പോൾ അവർ നിങ്ങളുടെ വിളിക്ക് ഉത്തരം നൽകുന്നുണ്ടോ? എന്നാൽ ഞാൻ വിളംബരം ചെയ്യുന്ന ദൈവം തന്റെ ദാസന്റെ അർഥനകളോട് പ്രതികരിക്കുന്നവനാണ്. അവരെ സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സർവാധിനാഥനാകുന്നു സന്മാർഗം നൽകുന്നവൻ. അവനാകുന്നു ജീവിപ്പിക്കുകയും മരിപ്പിക്കുകയും പൊറുത്തുതരികയും പ്രതിഫലം നൽകുന്നവനുമാണവൻ. (സൂറാ: അശ്ശുഅറാഅ്) ചുരുക്കത്തിൽ ലോകത്ത് വന്ന പ്രവാചകന്മാരെല്ലാം അനുഭവവേദ്യമായ സാക്ഷ്യങ്ങളിലൂടെയാണ് ദൈവത്തെ പ്രഘോഷണം ചെയ്തത്. പ്രവാചകമകുടവും അന്തിമനിയമ സംവാഹകനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) അത്യന്തം ആഭാസകരമായ ജീവിതം നയിച്ചിരുന്ന ഒരു ജനസമൂഹത്തെ സംസ്കൃത ചിത്തരാക്കി മാറ്റിയെടുത്തെന്ന് മാത്രമല്ല അവരെ ദിവ്യ വർണം സ്വീകരിച്ച് ദൈവിക മനുഷ്യരാക്കുകയുമുണ്ടായി. അങ്ങനെ അവർ ആത്മീയ നഭോമണ്ഡലത്തിലെ താരകങ്ങളായി മാറി. ജീവനുള്ള ദൈവത്തിന്റെ ഭൂമിയിലെ നിദർശകങ്ങളും പ്രതിരൂപങ്ങളുമായി അവർ നിലകൊണ്ടു. തന്റെ അനുചര വൃന്ദത്തെക്കുറിച്ച് പിന്നീട് നബി (സ) തിരുമേനി ഇങ്ങനെ അരുളുകയുണ്ടായി: 'എന്റെ തിരുസഖാക്കൾ ആകാശത്തിലെ നക്ഷത്രങ്ങളാകുന്നു. അവരിൽ ആരെ നിങ്ങൾ പിന്തുടർന്നാലും സന്മാർഗം പ്രാപിക്കുന്നതാണ്

**ഇസ്‌ലാം ജീവനുള്ള മതം**

മുകളിൽ പരാമർശിച്ചത് പോലെ മതവിശ്വാസങ്ങളുടെയെല്ലാം കാതലും സത്തുമാണ് ദൈവവിശ്വാസം. ദൈവത്തെ സംബബന്ധിച്ച് കേവലം സാങ്കൽപ്പികമായ ഒരു നിഗമനമല്ല, മറിച്ച് അനുഭ വവേദ്യമാകുന്ന കരുത്തുറ്റ വിശ്വാസമാണ് ഇസ്‌ലാം വിഭാവനചെയ്യുന്നത്. മനുഷ്യനെ ദൈവവുമായി ബന്ധിപ്പിക്കാൻ പര്യാപ്തമായ മാർഗങ്ങൾ ഇസ്‌ലാം മുന്നോട്ട് വെക്കുന്നു. വിശുദ്ധ ഖുർആൻ പറയുകയാണ്. **'എന്നെ സംബന്ധിച്ച് എന്റെ ദാസന്മാർ നിന്നോട് ചോദിക്കുന്ന പക്ഷം (പറയുക) നിശ്ചയമായും ഞാൻസമീപസ്ഥനാകുന്നു, പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാൻ ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി' (2:18)**

**'ഞങ്ങളുടെ നാഥൻ അല്ലാഹുവാണെന്ന് പറയുകയും എന്നിട്ട് സ്ഥിരചിത്തനായി നില കൊള്ളുകയും ചെയ്തവരാരോ അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങും (ആ മലക്കുകൾ പറയും) നിങ്ങൾ ഭയപ്പെടേണ്ടതില്ല. വ്യസനിക്കുകയും വേണ്ട, നിങ്ങൾക്ക് വാഗ്**

**ദാനം ചെയ്യപ്പെട്ട സ്വർഗം ലഭിച്ച തിൽ സന്തുഷ്ടരാകുക. ഐഹിക ജീവിതത്തിലും പരലോകത്തും ഞങ്ങൾ നിങ്ങളുടെ മിത്രങ്ങളാണ്. നിങ്ങളുടെ മനസ്സ് ആഗ്രഹിക്കുന്ന തെല്ലാം നിങ്ങൾക്കവിടെ ലഭിക്കും. നിങ്ങൾ ആവശ്യപ്പെടുന്ന തെല്ലാം നിങ്ങൾക്ക് അവിടെ ഉണ്ടാകും '**(41 : 31, 32)

**ജീവൽ മാതൃക**

ഉദാത്തവും സമ്പൂർണവുമായ ഹദ്റത്ത് നബി (സ) തിരുമേനി യുടെ ജീവിത മാതൃകയെ അനുധാവനം ചെയ്യാനും വിശുദ്ധ ഖുർആൻ ആഹ്വാനം ചെയ്യുന്നുണ്ട്. ഇത് വഴി ജീവിതത്തിന് ശരിയായ ദിശാ ബോധം ഉണ്ടാകുകയും ദൈവോപ ലബ്ധിക്കുള്ളവാതായ നങ്ങൾ തുറക്കപ്പെടുകയും ചെയ്യു ന്നു. തന്റെ ജീവിതത്തിലെ ഓരോ നിമിഷവും ദൈവേഷ്ട മാർഗത്തി ലൂടെ തിരിച്ചുവിടാൻ മനുഷ്യന് സാധിക്കുന്നത് നബി (സ) തിരു മേനിയെ അനുഗമിക്കുന്നതിലൂടെ യാണ്. ആത്മീയമായ നവജീവൻ കൈവരുന്ന മാർഗവുമതാണ്. വിശുദ്ധ ഖുർആൻ ഇപ്രകാരം പ്രഖ്യാപിക്കുന്നു: **'പറയുക, നിങ്ങൾ അല്ലാഹുവിനെ സ്നേഹി ക്കുന്നുവെങ്കിൽ എന്നെ പിന്തുട രുക, എന്നാൽ അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ കുറ്റങ്ങൾ നിങ്ങൾക്ക്പൊറുത്തു തരികയും ചെയ്യും. അല്ലാഹു സർ വഥാ പൊറുക്കുന്നവനും കരുണ യുള്ളവനുമാകുന്നു**(3: 32)

**'വിശ്വസിച്ചവരേ, അല്ലാഹു വിനും അവന്റെ ദൂതനും, നിങ്ങൾ ക്ക് ജീവൻ നൽകുന്നതിലേക്ക് അ ദ്ദേഹം നിങ്ങളെ വിളിച്ചാൽ ഉത്തരം നൽകുക.'**(8:25)

**'അല്ലാഹുവിനെയും ഈ ദൈ വ ദൂതനെയും വല്ലവരും അനുസ രിക്കുന്നതായാൽ അവർ അല്ലാഹു അനുഗ്രഹിച്ചിട്ടുള്ളവരായ പ്രവാച കന്മാർ, സത്യാത്മാക്കൾ , രക്തസാ ക്ഷികൾ സദ്വൃത്തന്മാർ എന്നിവരു ടെ കൂട്ടത്തിൽ ഉൾപ്പെടുന്നതാണ്. ഏറ്റവും നല്ല കൂട്ടുകാരത്രെ അവർ '**(4:70)

**'നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ തീർച്ചയായും ഉത്തമ മാതൃകയുണ്ട്. അല്ലാഹുവിനെയും അന്ത്യ നാളിനെയും ഭയപ്പെടു കയും അല്ലാഹുവിനെ അധികമായി സ്മരിക്കുകയും ചെയ്യുന്നതാരോ അവർക്ക്'** (33:22)

മുഹമ്മദ് നബി (സ) മുഖേന സംപ്രാപ്തമാകുന്ന ആത്മീ യാനുഗ്രഹങ്ങളാണ് മേൽ സൂക്ത ങ്ങളി ലടങ്ങിയിരിക്കുന്നത്.

വിശ്വാസ ചൈതന്യം നഷ്ടപ്പെട്ട മുസ്ലിം ലോകവും ഇസ്ലാമേതര മതങ്ങളും ഇന്ന് ആത്മീയ ചേതന യറ്റ മൃതമതങ്ങളാകുന്നു. എന്തു കൊണ്ടെന്നാൽ സൃഷ്ടികൾക്ക് തങ്ങളുടെ സ്രഷ്ടാവുമായി സംസർ ഗം പുലർത്താൻ കഴിയാത്ത നിർ ജീവ ദൈവത്തെയാണ് അവർ ആരാധിക്കുന്നത്. ദൈവഭാഷണവും ദിവ്യഭാഷണ സൗഭാഗ്യങ്ങളും അവ രുടെ പക്കൽ അപ്രാപ്യവും പഴങ്കഥ കളുമാകുന്നു. മതത്തിന്റെ അന്ത സാരമായ ദൈവസായുജ്യമെന്നത് അവരെ സംബന്ധിച്ചിടത്തോളം പോയ കാല പുരാണ സ്മൃതികൾ മാത്രമാണ്. എന്നാൽ പരിതാപ കരമെന്ന് പറയട്ടെ ഇസ്ലാമിനെ പ്രതിനിധാനം ചെയ്യുന്നു വെന്നവ കാശപ്പെടുന്ന ഇതര മുസ്ലിംകളും മേൽ പറഞ്ഞ വാദഗതികൾ വെച്ചു പുലർത്തുന്നവരാകുന്നു. ഇസ്ലാമി ന്റെ മഹനീയ പാഠങ്ങളിൽ നിന്നും വ്യതിചലിച്ചു പോയ അവർ സാമ്പ്ര ദായികമായ ആചാരമുറകളിൽ മാത്രം ഒതുങ്ങി കൂടുകയാണ്. യഥാർഥ വിശ്വാസവും അഭൗമമായ ജ്ഞാനങ്ങളും നഷ്ടപ്പെട്ട ഇന്ന ത്തെ മുസ്ലിംകൾ മുഹമ്മദ് നബി (സ) ചെയ്ത പ്രവചനങ്ങളുടെ നിദർശനങ്ങളായി മാറിയിക്കുന്നു. അവിടുന്ന് ഇപ്രകാരം ദീർഘദ ർശനം ചെയ്യുകയുണ്ടായി: *'എന്റെ ഉമ്മത്തിലുള്ളവർ യഹൂദി നസാറാ ക്കളെ ചാണിന് ചാണായും മുഴ ത്തിന് മുഴമായും അനുഗമിക്കും. എനിക്ക് ശേഷം ഒരു കാലത്ത് എന്റെ മാർഗദർശനം സ്വീകരി ക്കാത്തവരും എന്റെ സുന്നത്ത് അനുസരിക്കാത്തവരുമായ ഉലമാ ക്കന്മാർ ഉണ്ടാകുന്നതാണ്. ഹൃദയം ശൈത്താന്റെയും ശരീരം മനുഷ്യ ന്റേതുമായ ജനങ്ങൾ എന്റെ ഉമ്മ ത്തിൽ ജനിക്കുന്നതാണ്. ജ്ഞാനം എടുക്കപ്പെടുന്നതും അജ്ഞത പര ക്കുന്നതും ചെയ്യുന്നതാണ് (മിശ്ക്കാ ത്ത്, കിത്താബുൽ ഫിതൻ)*

**ഈമാന്റെ പുനസ്ഥാപനം വാഗ്ദത്ത മസീഹിലൂടെ**

ഇസ്ലാം മാനവരാശിക്കാകമാന മുള്ള ദൈവിക സന്ദേശമായ തിനാൽ അതിന്റെ പരിരക്ഷക്കുള്ള സം വിധാനവും ദൈവം ഒരുക്കി യിട്ടുണ്ട്. വിശുദ്ധ ഖുർആൻ അതി ന്റെ ലിപിയിലും ഇസ്ലാം അതിന്റെ നാമത്തിലും ഒതുങ്ങുകയും ഈ മാൻ കാർത്തിക നക്ഷത്രത്തോളം ഉയർന്നു പോകുകയും ചെയ്യുന്ന ശോച നീയമായ ഒ രവസ്ഥ തന്റെ ഉമ്മത്തിൽ സംജാതമാകുമെന്നും എന്നാൽ അതിനുള്ള പരിഹാര മാർഗമെന്ന നിലയിൽ വാഗ്ദത്ത മസീഹിന്റെ പ്രാദുർഭാവമുണ്ടാകു മെന്നുമുള്ള ദീർഘ ദർശനം ഹദ്റ ത്ത് മുഹമ്മദ് മുസ്തഫ(സ) ചെയ്തി ട്ടുണ്ട്. പ്രസ്തുത പ്രവചനത്തിന്റെ സാക്ഷാത്ക്കാരമാണ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)ന്റെ നിയോഗത്തിലുടെ യഥാർ ഥ്യമായത്. ആ മഹാത്മാവ് ഇസ്ലാം മതത്തിന്റെ മഹനീയ ദിവ്യ ദൃഷ്ടാ ന്തങ്ങളുടെ പിൻബലത്താൽ സ്ഥാ പിച്ചു കാണിക്കുകയും, തത്ത്വചി ന്താപരവും ആത്മജ്ഞാനപരവു മായ വിവരണങ്ങളിലൂടെ വിശുദ്ധ ഖുർആന്റെ മഹത്വം ലോകസമക്ഷം ഉയർത്തിക്കാട്ടുകയും ചെയ്തു. ദൈവം തന്റെ പ്രീത ദാസരോട് മുമ്പത്തെപോലെ ഇപ്പോഴും സംവദി ക്കുന്നവനാണെന്നും ദൈവപ്രേഷി തൻ എന്ന നിലയിൽ ദൈവത്തിന്റെ സജീവ സാന്നിദ്ധ്യത്തെ ദൃഷ്ടാന്ത ങ്ങൾ മുഖേന കാണിച്ചു തരാൻ താൻ ഒരുക്ക മാണെന്നും ആ മഹാ ത്മാവ് വിളംബരപ്പെടുത്തി. സജീവ മതമായ ഇസ്ലാമിന്റെ തനത് രൂപം അനാച്ഛാദനം ചെയ്ത് കൊണ്ട് ഈമാനിക വെണ്മയിലേക്കും ആസ്തികൃചിന്തയിലേക്കും അദ്ദേഹം മാനവകുലത്തെ ക്ഷണി

ഇസ്ലാമും സെക്കുലര്‍ ഡെമോക്രസിയും - 2

# സെക്കുലറിസത്തിന്റെ ജനന പശ്ചാത്തലം


മതം ഭരണാധികാരത്തിന്റെ ഭദ്രാസനങ്ങളില്‍ അധികാരത്തിന്റെ ചെങ്കോലുമായി ഇരുന്നപ്പോള്‍ മനുഷ്യന്റെ സാമൂഹിക ജീവിതം ദുസ്സഹമായി. ആ സന്ദര്‍ഭത്തിലാണ് മതം അധികാരത്തില്‍ നിന്ന് വിട്ടു നില്‍ക്കണമെന്ന ആശയവുമായി സെക്കുലറിസം കടന്നുവന്നത്.

എ. എം. മുഹമ്മദ് സലീം

മതവും അധികാരവും ഗാഢമായി പുണര്‍ന്ന മദ്ധ്യകാലട്ടത്തിലായിരുന്നു സെക്കുലറിസം പിറന്നു വീണത്. അക്കാലത്ത് യൂറോപ്പിന്റെ സാമൂഹ്യ ജീവിതത്തെ സ്വാധീനിച്ച രണ്ട് പ്രബല ശക്തികള്‍ ക്രിസ്തു സഭയും, വിശുദ്ധ റോമാ സാമ്രാജ്യവുമായിരുന്നു. ക്രൈസ്തവ മതത്തിനായിരുന്നു മേധാവിത്വം. ഈ ക്രൈസ്തവ മതാധിഷ്ഠിത ഭരണത്തോട് ഏറ്റുമുട്ടി ക്കൊണ്ടായിരുന്നു സെക്കുലര്‍ ചിന്താധാര വളര്‍ന്ന് വന്നത്. അത്കൊണ്ട് സെക്കുലറിസം മതത്തിനെ തിരാണെന്നുള്ള ധാരണ പരന്നു. ആ കാലഘട്ടത്തില്‍ റോമാച ക്രവര്‍ത്തിമാരുടെ അധികാര സോപാനങ്ങളില്‍ ആരൂഢമായ സഭ ദൈവത്തിന് വേണ്ടി അത്യുജ്ജ്വല ത്യാഗങ്ങളും പീഢനങ്ങളും സഹിച്ച യേശുവിന്റെ ദൈവിക പാതയില്‍ നിന്ന് വഴിമാറിപ്പോയിരുന്നു. ഗലീലി തടാകത്തിനരികിലെ ചരല്‍ കുന്നില്‍ കയറി ദരിദ്രരോടും പരിത്യക്തരോടും നിരാലംബരോടുമായുള്ള ഗിരിപ്രഭാഷണത്തില്‍ യേശു വാഗ്ദാനംചെയ്ത ദൈവരാജ്യം ലോകബദ്ധമായ അധികാരശക്തിയുടെ ആസുരത തീണ്ടാത്ത ആത്മീയ ലോകമായിരുന്നു. യേശു ഏതൊരു ജനതയിലേക്കാണോ പ്രേഷിതനായത് ആ ജനത അദ്ദേഹത്തെ നിരാകരിക്കാന്‍ കാരണവും യേശുവിന്റെ പ്രബോധനങ്ങളില്‍ അധികാരം ഇല്ലായിരുന്നു എന്നതിനാലാണ്. അവര്‍ പ്രതീക്ഷിച്ചത് സീസറിന്റെ സിംഹാസനത്തിലിരിക്കുന്ന അധികാര വിഭൂഷിതനായ ഒരു മിശിഹായെയായിരുന്നു. പീലാത്തോസ് തന്റെ കോടതിയില്‍ വെച്ച് മഹാനായ ആ ദിവ്യാത് മാവിനോട് യഹൂദരുടെ കുറ്റാരോപണം ആവര്‍ത്തിച്ചു കൊണ്ട് ചോദിച്ചു. ***'നീ യഹൂദരുടെ രാജാവാണോ?'*** യേശുവിന്റെ മറുപടി: ***'എന്റെ രാജ്യം ഐഹികമല്ല ഐഹികമായിരുന്നുവെങ്കില്‍ യഹൂദര്‍ക്ക് എന്നെ ഏല്‍പ്പിച്ചു കൊടുക്കാതിരിക്കാന്‍ തക്കവണ്ണം എന്റെ ഭൃത്യര്‍ പോരാടുമായിരുന്നു. എന്നാല്‍ എന്റെ രാജ്യം ഐഹികമല്ല.'***

ച്ചു. അങ്ങനെ അന്തര്‍ധാനം ചെയ്യപ്പെട്ട ഈമാന്‍ (യഥാര്‍ഥ വിശ്വാസം) വീണ്ടും ലോകത്ത് പ്രശോഭിതമായി . വാഗ്ദത്ത മസീഹിന്റെ ചില വരികള്‍ ഇവിടെ കുറിക്കുന്നു

'നോക്കൂ, നിങ്ങളുടെ ദൈവം യഥാര്‍ഥമായും ഉണ്ടെന്ന് ഞാന്‍ നിങ്ങളെ സുവാര്‍ത്തയറിയിക്കുന്നു. എല്ലാവരും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവനെതിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നുഅവനെ സമീപിക്കുന്നവനെ അവനും സമീപിക്കുന്നു. അവനെ ആദരിക്കുന്നവനെ അവനും ആദരിക്കുന്നു. അതു കൊണ്ട് നിങ്ങള്‍ നിങ്ങളുടെ ഹൃദയങ്ങളെ ഋജുവാക്കികൊണ്ട് നിങ്ങളുടെ നാവുകളെയും കണ്ണുകളെയും കാതുകളെയും പരിശുദ്ധമാക്കികൊണ്ടും അവനെ സമീപിക്കുക. അവന്‍ നിങ്ങളെ സ്വീകരിക്കും... സര്‍വശക്തനായ ഒരു രക്ഷിതാവ് തനിക്കുണ്ടെന്നുള്ള ബോധം പോലുമി ല്ലാത്ത ഒരാള്‍ എത്രമാത്രം ഭാഗ്യഹീനനാണ്. നമ്മുടെ സ്വര്‍ഗം നമ്മുടെ ദൈവമാകുന്നു. എന്തെന്നാല്‍ ഞാന്‍ അവനെ കാണുകയും സകല സൗന്ദര്യങ്ങളും അവനില്‍ ദര്‍ശിക്കുകയും ചെയ്തിരിക്കുന്നു. ജീവന്‍ കൈവെടിഞ്ഞും കൈവരിക്കേണ്ട മാണിക്യ കല്ലാണിത്. അല്ലയോ നിര്‍ഭാഗ്യരേ, ഈ നീരുറവയിലേക്ക് ഓടി വരുവിന്‍. ഇത് നിങ്ങള്‍ക്ക് ദാഹശമനം വരുത്തും. നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവസ്രാതസ്സാകുന്നു ഇത്. ഞാനെന്ത് ചെയ്യണം! ഞാന്‍ ഈ സന്തോഷ വാര്‍ത്ത എങ്ങനെയാണ് നിങ്ങളുടെ ഹൃദയലെത്തിക്കേണ്ടത്.? നിങ്ങളുടെ ദൈവമിതാ എന്ന് ഏത് ചെണ്ട കൊട്ടിയാണ് അറിയിക്കേണ്ടത്, നിങ്ങള്‍ കേള്‍ക്കുമറാകാന്‍. നിങ്ങളുടെ കാതുകളില്‍ ഏത് തരം ഔഷധം പ്രയോഗിച്ചാണ് ഞാന്‍ ചികിത്സ നടത്തേണ്ടത്, അവ തുറക്കുമാറാകാന്‍. നിങ്ങള്‍ ദൈവത്തിന്റേതായി മാറുമെങ്കില്‍ ഓര്‍ത്തു കൊള്ളുക നിശ്ചയമായും അവന്‍ നിങ്ങളുടേത് തന്നെയായിരിക്കും' (കശ് തീനുഹ്)



യേശുവിനെ പിലാത്തോസിന്റെ കോടതി വിചാരണ ചെയ്യുന്നു

*(യോഹ: 33-336)*

യേശുവിന്റെ ദൈവരാജ്യം എന്തായിരുന്നുവെന്ന് ഒരു വിവരണം കാണുക: *'ലൗകികവും സാത്താന്റെ ആധിപത്യത്തിന് വിധേയവുമായ ഒരു ദേശീയ സാമ്രാജ്യ സ്ഥാപനത്തിനുള്ള പ്രലോഭനം യേശുവിന് തന്നെയും അനുഭവപ്പെട്ടതായി സുവിശേഷങ്ങൾ ചിത്രീകരിക്കുന്നുണ്ട്. (മത്താ: 4:8-10; ലൂക്കാ: 4:5-8) എങ്കിലും ദൈവത്തിന്റെ പദ്ധതിയനുസരിച്ച് ലോകാതീതവും ദൈവികവുമായ ദൈവരാജ്യം സ്ഥാപിക്കുക എന്ന തന്റെ ദൗത്യത്തിൽ തന്നെ യേശു ഉറച്ചു നിന്നു. ദൈവത്തെപറ്റി യേശുവിന്റെ അവബോധം എത്ര ശുദ്ധവും ഉന്നതവുമായിരുന്നോ അത്രതന്നെ ശുദ്ധവും ഉന്നതവുമായിരുന്നു ദൈവരാജ്യത്തെ പറ്റിയുള്ള അവിടുത്തെ ദൈവരാജ്യപ്രഘോഷണവും. ലൗകികമായ കാഴ്ച്ചപ്പാടുകളും മാനുഷികമായ പ്രതീക്ഷകളും അവിടുത്തെ സങ്കൽപ്പത്തെ കളങ്കപ്പെടുത്തിയില്ല. പരമ്പരാഗതമായ ചില സങ്കേതങ്ങൾ യേശു ഉപയോഗിച്ചെങ്കിലും അവയുടെ ഉൽകൃഷ്ട അർഥത്തിൽ മാത്രമാണ്. ദൈവരാജ്യത്തിൽ* **'വീഞ്ഞു കുടിക്കുക'** *(മാർക്കോ 14: 25)* **'വിരുന്നനുഭവിക്കുക'** *(മത്താ 8: 8: 11) മുതലായ പ്രയോഗങ്ങൾ മാനുഷികമായ സൗഭാഗ്യത്തെയല്ല. പരിത്രാണം ചെയ്യപ്പെട്ട സമൂഹവും രക്ഷകനായ ദൈവവും തമ്മിലുള്ള ഐക്യത്തിൽ നിന്നുളവാകുന്ന പ്രകൃത്യാതീതമായ സൗഭാഗ്യത്തെയാണ് ദ്യോതിപ്പിക്കുന്നത്. ദൈവദാനമായ ദൈവരാജ്യത്തിന്റെ അനുഗ്രഹങ്ങൾ മനുഷ്യന്റെ പ്രതീക്ഷകൾക്ക് അതീതവും അഭിലാഷങ്ങൾക്ക് അപ്രാപ്യവുമത്രെ' (ക്രിസ്തുദർശനം- ഡോ. ജേക്കബ് കട്ടക്കൽ, ഡോ. ജോർജ് പുഞ്ചക്കുന്നേൽ, കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, പേ. 300, 301)*

ഇന്ന് ആഗോള ക്രൈസ്തവ സഭ ലോക സമാധാനത്തിനും മനുഷ്യ നന്മക്കും മനുഷ്യാവകാശങ്ങൾക്കും വേണ്ടി നില കൊള്ളുന്ന മഹത്തായ ഒരു സ്ഥാപനമാണെന്നതിൽ സംശയമില്ല. മതഭേദമന്യേ ജനകോടികളുടെ സ്നേഹാദരങ്ങൾ നേടിയ അഭിവന്ദ്യമായ നേതൃത്വം ഇന്ന് സഭക്കുണ്ട്. ലൗകിക ഭരണാധികാരിയുടെ ഭദ്രാസനത്തിൽ അധികാര ചെങ്കോലുമായിരുന്ന ദൗർഭാഗ്യകരമായ ഒരു കാല ഘട്ടം സഭക്കുണ്ടായിരുന്നു. ആ കാലഘട്ടത്തിലാണ് സെക്കുലറിസത്തിന് വിത്തു പാകപ്പെട്ടത്. അത്കൊണ്ടാണ് ആ ചരിത്ര സന്ദർഭം സെക്കുലറിസത്തെ സംബന്ധിച്ച ചർച്ചയിൽ പ്രസക്തമാവുന്നത്. അധികാരവും അദ്ധ്യാത്മികതയും തമ്മിലുള്ള അവിശുദ്ധ ബന്ധത്തിൽ പിറന്ന ആ ഇരുണ്ട നൂറ്റാണ്ടുകൾ മനുഷ്യ സ്വാതന്ത്ര്യത്തിന്മേൽ കറുത്ത നിഴൽ വീഴ്ത്തുകയുണ്ടായി. **'എന്റെ രാജ്യം ഐഹികമല്ല'** എന്ന് പറഞ്ഞ മഹാനായ ആ മതപുരുഷന്റെ മദ്ധ്യകാല പ്രതിപുരുഷന്മാർ അധികാര സിംഹാസനത്തിൽ ആരൂഢരായപ്പോൾ യൂറോപ്പിൽ നിസ്സഹായരായ മനുഷ്യരുടെ ദീനവിലാപങ്ങളാണുയർന്നത്. പൗര സ്വാതന്ത്ര്യവും ചിന്താ സ്വാതന്ത്ര്യവും മനുഷ്യാ വകാശങ്ങളും നിഷേധിക്കപ്പെട്ടു. മാത്രമല്ല അസഹ്യമായ സാമ്പത്തിക ചൂഷണവും കൊണ്ട് ജനങ്ങൾ പൊറുതി മുട്ടി. രാജ്യത്തെ രാജാവിന്റെ നിയമങ്ങളെ പോലെ തന്നെ പ്രബലങ്ങളായിരുന്നു ചർച്ചിന്റെ നിയമങ്ങൾ. മത വിചാരണ കോടതികൾ (Inquisition Court)ആളുകളെ നിർബാധം വിചാരണ ചെയ്ത് ശിക്ഷിക്കുമായിരുന്നു. മദ്ധ്യകാലഘട്ടത്തിൽ ക്രിസ്തുമ തത്തിനകത്ത് തന്നെയുള്ള വിമത പ്രസ്ഥാനങ്ങളെയും പ്രൊട്ടസ് റ്റന്റ് നവീകരണത്തെയും നേരിടാനായിരുന്നു ഇൻക്വിസിഷൻ കോടതികൾ ആരംഭിച്ചത്. ചർച്ചും രാജഭരണവും ഒന്നായപ്പോൾ സഭക്ക് വേണ്ടി സാമ്രാജ്യ സ്ഥാപനത്തിനൊരുങ്ങിയ സ്പെയിനും പോർട്ടുഗലും ചർച്ചിന്റെ ആശീർ വാദത്തോടെ ലോകത്ത് കോളനികൾ സ്ഥാപിക്കാനുള്ള ഉദ്യമത്തിൽ മുഴുകുകയായിരുന്നു. അമേരിക്കയിലും ആഫ്രിക്കയിലും ഏഷ്യയിലും അവർ കോളനികളുടെ വികസനത്തിനും പ്രതിയോഗി കളെ വിശിഷ്യാ യഹൂദരെയും മുസ്‌ലിംകളെയും ഇല്ലാതാക്കാനും ഈ മത വിചാരണക്കോടതികളെ ഉപയോഗിക്കുകയുണ്ടായി.

പോർട്ടുഗൽ രാജ്യം അതിന്റെ മതാധിഷ്ഠിത ഭരണത്തിന്റെ കരാള ഹസ്തങ്ങൾ നമ്മുടെ രാജ്യത്തേക്കും നീട്ടി. ഇന്ത്യയിൽ അവരുടെ കോളനിയായിരുന്ന ഗോവയിൽ 1560 മുതൽ 1812 വരെ സ്ഥാപിച്ച ഇൻക്വിസിഷൻ കോടതി കുപ്രസിദ്ധ മായിരുന്നു. ഹിന്ദു, ഇസ്‌ലാം, യഹൂദ മതത്തിൽ നിന്ന് പരിവർത്തനം ചെയ്ത് ക്രിസ്തുമതത്തിലേക്ക് വന്നവർ, വീണ്ടും പഴയ

മതത്തിലേക്ക് തിരിച്ചു പോകുകയാണെങ്കിൽ അവരെ വിചാരണ ചെയ്ത് ശിക്ഷിക്കലായിരുന്നു കോടതിയുടെ മുഖ്യ ധർമം. പോർട്ട് ഗീസ് അധിനിവേശ ശ്രമമുണ്ടായ കേരളത്തിലും മതകോടതിയുടെ പ്രവർത്തനം ഭീകരമായിരുന്നു. ജേഫ്രേ അലക്സിസ് മെനേസിസ് ആയിരുന്നു പോർട്ടുഗൽ കൊളോണിയൽ ശക്തിയുടെ വൈസ്റോയി. അദ്ദേഹം തന്നെയായിരുന്നു പോപ്പിന്റെയും പ്രതിപുരുഷനെന്ന നിലയിൽ ബിഷപ്പും. കേരളത്തിൽ യേശുവിന്റെ ശിഷ്യനായ തോമാശ്ലീഹ വന്ന് സ്നാനപ്പെടുത്തിയ നസ്രാണികൾ എന്നറിയപ്പെടുന്ന പുരാതന പാരമ്പര്യമുള്ള സുറിയാനി ക്രിസ്ത്യാനികളെ ആയുധബലവും പ്രലോഭനങ്ങളും ഉപയോഗിച്ച് റോമൻ സഭയിലേക്ക് പരിവർത്തനം ചെയ്യിക്കാൻ ശ്രമിച്ചു. കൊച്ചിക്കടുത്ത് ഉദയമ്പേരൂരിൽ ഇതിനായി വിളിച്ചു ചേർത്തസൂന്ന ഹദോസ് പ്രസിദ്ധമാണല്ലോ. 1560 മുതൽ 1774 വരെ 16,172 പേരെ ഇൻക്വിസിഷൻ കോടതിയിൽ വിചാരണ ചെയ്യുകയുണ്ടായി എന്ന് ചരിത്ര രേഖകൾ പറയുന്നു.

ആ കാലത്ത് യുക്തിചിന്തയും ശാസ്ത്രബോധവും വേദവി പരീതങ്ങളാണെന്ന് കരുതപ്പെട്ടു. ദമ്പതിമാർതമ്മിലുള്ള വിവാഹങ്ങൾ അസാധു വാക്കാനും രാജാക്കന്മാരെ വരെ സമൂഹത്തിൽ നിന്ന് പുറത്താക്കാനുള്ള അധികാരം പോലും ചർച്ചിനുണ്ടായിരുന്നു. അളവറ്റ സ്വത്തുക്കളായിരുന്നു സഭയുടെ അധീനതയിൽ ഉണ്ടായിരുന്നത്. ഫ്രാൻസിലെ നാലിൽ മൂന്ന് ഭാഗം സ്വത്തും ജർമനിയുടെ ആകെ സ്വത്തിന്റെ പകുതിയും കത്തോ ലിക്കാ സഭയുടെ കീഴിലായിരുന്നു. ധനസമ്പാദനത്തിന് സഭസ്വീകരിക്കാത്ത മാർഗങ്ങളില്ലായിരുന്നു. മരിച്ച് പരലോകത്തെത്തിയാൽ ദണ്ഡവിമോചനം (Indulgence) എന്ന പേരിൽ വിശ്വാസികൾക്ക് മാർപാപ്പയുടെ ശുപാർശയിൽ പാപമോചനവും സ്വർഗവും ലഭിക്കുന്ന ഒരു വഴിപാട് സഭയിലുണ്ടായിരുന്നു.


ഗലീലിയോവിനെ ഇൻക്വസിഷൻ കോർട്ട് വിചാരണ ചെയ്യുന്നു

സൗജന്യമായിട്ടല്ല!. അതിനായി ഇവിടെ വിശ്വാസികൾ പണം നൽകണമായിരുന്നു. പകരം അവർക്ക് പാപവിമോചന പത്രം നൽകി. സഭയിലെ ഉദ്യോഗങ്ങൾ വിൽപ്പനനടത്തലായിരുന്നു മറ്റൊരു വരുമാന മാർഗം. ഇങ്ങനെയെല്ലാം സ്വരൂപിക്കുന്ന പണത്തിന് സിമണി (Simony) എന്നാണ് പറയുന്നത്. ലോകത്തിന് സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും നിസ്തുല പാഠങ്ങളും ജീവിത മാതൃകയും നൽകിയ പാവനമായ ക്രിസ്തുമതം മദ്ധ്യകാലഘട്ടത്തിൽ അധികാരത്താൽ അധഃപതിക്കുകയായിരുന്നു. മാർപാപ്പമാരുടെ ജീവിതത്തെ സംബന്ധിച്ച് 'പേപ്പസിയുടെ ചരിത്രം' എന്ന പുസ്തകത്തിൽ ജോസഫ് പുലിക്കുന്നേൽ എഴുതുന്നു:

*'മാർപാപ്പമാരുടെ അധാർമിക ജീവിതം യഥാർഥ ക്രൈസ്തവ വിശ്വാസികളെ ഞെട്ടിപ്പിക്കുന്നതായിരുന്നു. ഭൗതിക ഭരണത്തിലും കൊട്ടാരങ്ങളിൽ പോലും സുലഭമായി കണ്ടെത്താവുന്ന അസന്മാർഗികതയിലും ക്രൂരതയിലും പേപ്പൽ കൊട്ടാരം അത്യധികം അധഃപതിച്ചു. യൂറോപ്പിലെ രാജകിരീടങ്ങൾക്ക് അധാർമിക പിന്തുണ നൽകുനതിൽ മാർപാപ്പമാർ കാണിച്ച ഔദാര്യം അവർക്ക് തന്നെ കെണിയായി തീർന്നു. സ്പൊളറ്റോയി ലെ ലാമ്പർട്ടു പ്രഭുവിനെ ചക്രവർത്തിയായി പോപ്പ് ഫൊർമോസൂസ് (എ.ഡി. 891– 96) അവരോധിച്ചു. അതേ സമയം ജർമനിയിലെ അർനഫ് രാജാവിനെ നിസ്സങ്കോചം മാർപാപ്പ ചക്രവർത്തിയായി അംഗീകരിച്ചു. അത് ഈ രണ്ട് ചക്രവർത്തിമാരും പരസ്പരം ഏറ്റുമുട്ടാൻ പശ്ചാത്തലമൊരുക്കി. ജർമൻ രാജാവിനെ ചക്രവർത്തിയായി പ്രഖ്യാപിച്ചതിൽ ക്ഷുഭിതനായ ലാംമ്പർട്ട് രാജാവ് റോം ആക്രമിച്ചു. അപ്പോഴേക്കും ഫൊർമോസുസ് മാർപാപ്പ നിര്യാതനായിരുന്നു. ഈ മാർപാപ്പയുടെ എതിർഗ്രൂപ്പിൽ പെട്ട സ്റ്റീഫൻ ഏഴാമൻ മാർപാപ്പയായി അവരോധിക്കപ്പെട്ടു. മരണമടഞ്ഞ ഫെർമോസൂസ് മാർപാപ്പയെ ലോക ചരിത്രത്തിൽ ഇതിന് മുമ്പോ പിമ്പോ കേട്ടില്ലാത്ത വിധം വിചാരണക്ക് വിധേയനാക്കി. എട്ടുമാസം മുമ്പ് മരിച്ചടക്കപ്പെട്ട ഫെർമോസൂസിന്റെ ശവശരീരം മാന്തിയെടുത്ത് മാർപ്പാപ്പയുടെ സ്ഥാനവസ്ത്രങ്ങൾ അണിയിച്ച് കൗൺസിൽ ചേമ്പറിൽ പാപ്പയുടെ സിംഹാസനത്തിൽ ഇരുത്തി, ഇതിന് ശേഷം വിസ്താരം ആരംഭിച്ചു സ്റ്റീഫൻ മാർപാപ്പ തന്നെ ഈ പ്രേതവിസ്താരം നടത്തി. ഈ സുന്നഹദോസിൽ വെച്ച് ഫെർമാസുസ് മാർപാപ്പയെ ശപിച്ചു. ഇതിന് ശേഷം സ്ഥാന വസ്ത്രങ്ങളെല്ലാം അഴിച്ച്മാറ്റി, മാർപാപ്പ എന്ന നിലയിൽ അനുഗ്രഹിക്കുന്നതിന് ഉയർത്തിയ വലത്*

*കൈയിലെ മൂന്ന് വിരലുകൾ ഛേദിച്ചു. പിന്നീട് മൃതദേഹം കൊട്ടാരത്തിലൂടെ വലിച്ചിഴച്ച് തെരുവിൽ കൂടിയിരുന്ന ജനങ്ങളുടെ മദ്ധ്യത്തിലേക്ക് എറിഞ്ഞു. അവർ അതിനെ അവിടെനിന്നും വലിച്ചിഴച്ച് ടൈബർ നദിയിൽ എറിഞ്ഞു. അങ്ങനെ സ്റ്റീഫൻ മാർപാപ്പ തന്റെ മുൻഗാമിയോട് പ്രതികാരം ചെയ്തു. എന്നാൽ ആ വർഷം തന്നെ എതിരാളികൾ സ്റ്റീഫൻ മാർപ്പാപ്പയെ കഴുത്ത് ഞെരിച്ച് കൊന്നു. തുടർന്ന് സ്റ്റീഫൻ മാർപാപ്പയുടെ പിന്തുണക്കാരായ കാർഡിനൽ സെർജിയൂസ് മാർപാപ്പയായി സ്ഥാനം ഏറ്റതുകൊണ്ടും പ്രശ്നം അവസാനിച്ചില്ല. ഏതിർഗ്രുപ്പുകാർ സെർജിയൂസിനെ റോമിൽ നിന്നും ആട്ടിപ്പായിച്ചു. ആറു കൊല്ലത്തിനിടയിൽ ഏഴുപേർ പാപ്പാ സ്ഥാനം കയ്യാളി (ഇവരിൽ പലരും എതിർ പാപ്പാമാരായാണ് അറിയപ്പെടുന്നത്). ഏഴാം കൊല്ലം പ്രഭുക്കന്മാരുടെ പിന്തുണയോടെ സെർജിയൂസ് തിരിച്ചെത്തി റോമ കൈവശപ്പെടുത്തി. ' (പേപ്പസ്സി-ചരിത്രപരമായ ഒരു പഠനം, ജോസഫ് പുലിക്കുന്നേൽ. പേ. 40)* പ്രസ്തുത പുസ്തകം തുടരുന്നു:

*'ഈ കാലഘട്ടത്തെ കുറിച്ച് കത്തോലിക്കാ ചരിത്ര കാരനായ തോമസ് നീലും റെയ്മണ്ട് ഷുമാന്റും ഇങ്ങനെ എഴുതുന്നു. ഒരു എതിർ പാപ്പാ ആയിരുന്ന ക്രിസ്റ്റഫർ മാർപാപ്പ, ലിയോ അഞ്ചാമനെ ജയിലിൽ അടച്ചു. സെർജിയൂസ് മൂന്നാമൻ മാർപാപ്പ (904-911) ക്രിസ്റ്റഫറിനെ ലിയോ മാർപ്പാപ്പയോടൊപ്പം കൽതുറുങ്കിലാക്കി. തുടന്ന് അവരോടുള്ള പകമൂലം രണ്ടു പേരെയും വധിച്ചു. സെർജിയൂസ്, ഫൊർമോസൂസ് മാർപാപ്പയുടെ എതിർ ഗ്രൂപ്പുകാരനായിരുന്നു. പഴയ മുറിവുകൾ ഉണങ്ങാൻ അനുവദിച്ചുമില്ല.*

*ഈ വഴക്കുകൾക്കിടയിൽ സമ്പന്നനും പേപ്പൽ അധികാരിയും സെനറ്ററുമായ തിയോഫിലാക്ട് അധികാരം കവർന്നെടുത്തു ഈയാളും ഭാര്യ തെയഡോറയും പെൺമകളായ മറോസ്സിയായും ചേർന്ന് രണ്ട് തലമുറ റോമിൽ ആധിപത്യം സ്ഥാപിച്ചു. മറോസ്സിയാ, അവളുടെ സൗന്ദര്യം കൊണ്ട് സെർജിയൂസ് മാർപാപ്പയെ കീഴടക്കി, ആ കുടുംബത്തിന്റെ അധികാരം ഉറപ്പിച്ചു. ജോൺ പത്താമൻ മാർപാപ്പ (914-922) തന്റെ സ്ഥാനാരോഹണത്തിന് തിയോഫിലാക്റ്റ് കുടുംബത്തോട് കടപ്പെട്ടിരിക്കുന്നു അദ്ദേഹം പ്രവർത്തന നിരതനായിരുന്നു. സാരസന്മാർക്ക് എതിരായി സ്വയം പടനയിച്ച് വിജയം നേടി ജർമനിയിലും ഫ്രാൻസിലും അധികാരം ഉറപ്പിച്ചു. മറോസ്സിയായുടെയും സെർജിയൂസ് മാർപാപ്പയുടെയും പുത്രനായിരുന്നു ജോൺ 11-ാമൻ മാർപാപ്പ (931-935). അദ്ദേഹം റോമിലെ ഭരണത്തിന്റെ കടിഞ്ഞാൺ തന്റെ അമ്മക്ക് പൂർണമായും വിട്ടുകൊടുത്തു. എന്നാൽ പോപ്പിന്റെ സഹോദരൻ ആൽബറിക്ക് അധികാരം പിടിച്ചടക്കി. പ്രഭു ഇരുപത് കൊല്ലക്കാലം റോമിന് ശക്തമായ ഒരു ഭരണം നൽകിയെങ്കിലും തുടർച്ചയായി അഞ്ചു മാർപാപ്പ മാരെ നേരിട്ടു തന്നെ ഇയാൾ നിയമിച്ചു. ആൽബറിക്കിന്റെ സുഹൃത്തായ ക്രൂഡിയിലെ വി. ഒഡായുടെ പ്രേരണയിൽ അധ്യാത്മിക നവീകരണത്തിനുള്ള വ്യഗ്രത റോമിൽ ഉണ്ടായി. നിർഭാഗ്യവശാൽ തന്റെ മരണ ക്കിടക്കയിൽ വെച്ച് ആൽബറിക്ക് തന്റെ പുത്രനെ മാർപാപ്പയായി പേരു നിർദേശിച്ചു. ജോൺ 12 (955-64) ഈ പാപ്പായോടൊപ്പം മാർപാപ്പമാരുടെ ചരിത്രം ഏറ്റവും താഴ്ന്ന നിലയിലേക്ക് അധഃപതിച്ചു. ഇരുപത് വയസ്സ് പോലും ആകാതിരുന്ന ജോൺ മാർപാപ്പാ വൈവിധ്യ മാർന്ന ജീവിത സുഖങ്ങൾക്കായി സ്വയം പൂർണമായും സമർപ്പിച്ചു.*

*12 വയസ്സിനും 20 വയസ്സിനും മധ്യേ പ്രായമുണ്ടെന്ന് കരുതപ്പെടുന്ന 9-ാം ബനഡിക് മാർപാപ്പ (1032- 1044) സുഖഭോഗങ്ങളിലേക്ക് ആഴ്ന്നിറങ്ങി. റോമാക്കാർക്ക് പോലും ഇത് സഹിക്കാൻ കഴിഞ്ഞില്ല. 1044 ൽ പോപ്പിനെതിരായി ക്രെസന്തി കലാപക്കൊടി ഉയർത്തുകയും സിൽവർസ്റ്റൺ 3-ാമനെ മാർപാപ്പയായി ലാറ്ററൻ കൊട്ടാരത്തിൽ പ്രതിഷ്ഠിക്കുകയും ചെയ്തു. ടസ്കന്നിയുടെ ബന്ധുക്കൾ ബനഡിക്ട് മാർപാപ്പയുടെ സ്ഥാനങ്ങൾ തിരിച്ചു പിടിച്ച് ബനഡിക്റ്റിന് കൊടുത്തെങ്കിലും സമാധാനവും സുഖഭോഗവും ആഗ്രഹിച്ചിരുന്ന അദ്ദേഹം തന്റെ തലതൊട്ടപ്പനിൽ നിന്നും പണം വാങ്ങി സ്ഥാനം വിട്ടുകൊടുത്തു. അങ്ങനെ സ്ഥാനം ലഭിച്ച ഗ്രിഗറി 6-ാമൻ പണം കൊടുത്ത് സ്ഥാനം വാങ്ങിയ തൊഴിച്ചാൽ വളരെ ചീത്തയൊന്നുമായിരുന്നില്ല. (പണം കൊടുത്താണ് പാപ്പാസ്ഥാനം വാങ്ങിയതെന്നത് പരസ്യവുമായിരുന്നില്ല.) ബനഡിക്ടിന് കുറഞ്ഞൊരു കാലം കൊണ്ട് തന്റെ സ്വസ്ഥ ജീവിതം മടുത്തു. പാപ്പാ സ്ഥാനം തിരിച്ചു ചോദിച്ചു. പാപ്പാസ്ഥാനത്തിന് വേണ്ടി നടന്ന ഈ കച്ചവടത്തെ പറ്റി ചക്രവർത്തി ഒന്നും അറിഞ്ഞിരുന്നില്ല. അതു കൊണ്ട് അദ്ദേഹം 1046 ൽ വമ്പിച്ച സന്നാഹവുമായി ഇറ്റലിയിലെത്തി. പുരോഹിതരുടെ ഒരു സുന്നഹദോസ് വിളിച്ചു കൂട്ടി. എല്ലാ മാർപാപ്പമാരെയും സ്ഥാനഭ്രഷ്ടരാക്കി ജർമൻ കാരനായ ക്ലമന്റ് രണ്ടാമനെ മാർപാപ്പയായി പ്രഖ്യാപിച്ചു. (History of the Catholic Church, Milwauke, 1957 pages 168-170 സ്വന്തം തർജമ)*

സഭയും സഭയുടെ മതഭരണത്തിന്റെ കീഴിലായിരുന്ന രാജാക്കന്മാരും തമ്മിലുണ്ടായ അധികാര തർക്കങ്ങൾ ആരംഭിച്ചു. ക്രിസ്തുസഭയുടെ പൗരോഹിത്യം ഒരു ഭാഗത്തും രാജാധിപത്യം മറുഭാഗത്തുമായിക്കൊണ്ട് അധികാരത്തിനുവേണ്ടി വടംവലി ആരംഭിച്ചു. ആത്മാവ് ശരീരത്തേക്കാൾ ശ്രേഷ്ഠത രമാണ്. അതിനാൽ പൗരോഹിത്യമാണ് രാജത്വത്തേക്കാൾ ശ്രേഷ്ഠതരമെന്ന വാദം ക്രിസ്തുസഭ ഉയർത്തി. മദ്ധ്യകാലഘട്ടത്തിലുട നീളം ക്രൈസ്തവ സഭ രാജാധികാരത്തേ

ക്കാൾ ഉയർന്നുനിന്നു. യുറോപ്യൻ രാജ്യങ്ങളിലെ സഭയുടെ അധികാരം പല വിധത്തിലുള്ള നിയമങ്ങളും ഉൾപ്പെട്ടിരുന്നു. പരമാധികാരി പലപ്പോഴും സഭതന്നെയായിരുന്നു. മനുഷ്യ സ്വാതന്ത്ര്യത്തേയും ബുദ്ധിപരമായ പ്രവർത്തനത്തേയും കെട്ടിവരിഞ്ഞു അടക്കിഭരിച്ച സഭയുടെ അധീശത്വത്തിനെതിരെ യൂറോപ്പിലെ സാധാരണക്കാർ തത്ത്വജ്ഞാനികളുടെയും സാംസ്കാരിക നേതാക്കന്മാരുടെയും നേതൃത്വത്തിൽ മനുഷ്യത്വത്തിന്റെയും ധൈഷണിക പ്രബുദ്ധതയുടെയും പ്രചോദനത്താൽ നടത്തിയ സാമൂഹ്യമായ ഉത്ഥാനമായിരുന്നു നവോത്ഥാനം. മതാധിഷ്ഠിത ഭരണത്തിനെതിരെസെക്കുലറിസത്തിന്റെ ഉയിർത്തെഴുന്നേൽപ്പായിരുന്നു അത്. പുതിയ രാജ്യങ്ങൾ കണ്ടെത്താനുള്ള സമുദ്രപര്യവേഷണങ്ങൾ പ്രൊട്ടസ്റ്റന്റിസത്തിൽ കലാശിച്ച മത നവീകരണ പ്രസ്ഥാനം (Reformation) കത്തോലിക്കാ സഭയിൽ തന്നെയുണ്ടായ പ്രതിനവീകരണം (CounterReformation) ശാസ്ത്രീയമായ കണ്ടുപിടുത്തങ്ങൾ എന്നിവയെല്ലാം നവോത്ഥാനത്തിന് ആക്കം കൂട്ടി. ഈ പൊളിച്ചെഴുത്തിന്റെയും തകിടം മറിച്ചിലിന്റെയും വഴിത്തിരിവുകളിൽ മതാധിഷ്ഠിത ഭരണത്തിൽ നിന്ന് മനുഷ്യനെ സ്വതന്ത്രനാക്കുന്ന നിരവധി പ്രഖ്യാപനങ്ങളും പ്രമേയങ്ങളും കരാറുകളുമുണ്ടായി. മാഗ്നാകാർട്ട, ബിൽ ഓഫ് റൈറ്റ്സ്, വെസ്റ്റ് ഫാലിയൻ കരാർ മുതലായവ മാനവ ചരിത്രത്തിലെ മഹാ സ്മരണികകളായി. *'മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു പക്ഷേ അവൻ എല്ലായിടത്തും ബന്ധന സ്ഥനാണ്'* എന്ന ഉജ്ജ്വലമായ വിപ്ലവ വചനം ഉരുവിട്ടുകൊണ്ട് രംഗപ്രവേശനം ചെയ്ത ജാക്വിസ് റൂസ്സോയുടെ 'സാമൂഹ്യ കരാർ' (Social Contract)എന്ന ഗ്രന്ഥം യൂറോപ്പിന്റെ വേദപുസ്തകമായി മാറി. അവസാനം അമേരിക്കൻ വിപ്ലവം, ഫ്രഞ്ച് വിപ്ലവം മുതലായ മഹാവിപ്ലവങ്ങളിൽ നവോത്ഥാനം എത്തിച്ചേർന്നു. ക്രിസ്തു മതത്തിന്റെയടിസ്ഥാനത്തിൽ കെട്ടിപ്പടുത്ത യൂറോപ്യൻ സാമൂഹ്യ ജീവിതം ആകമാനം തകിടം മറിഞ്ഞു. ക്രിസ്തു മതത്തിന് പകരം യൂറോപ്പിലെ വിവിധ ജനവിഭാഗങ്ങൾ അതാത് ദേശത്തെ ദേശീയതയുടെ അടിസ്ഥാനത്തിൽ സംഘടിക്കാൻ ആരംഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ രാഷ്ട്രങ്ങൾ ആവിർഭവിക്കുകയും ചെയ്തു. മതത്തിന് പകരം ദേശീയത സമൂഹത്തിന്റെ, രാഷ്ട്രീയത്തിന്റെ ധാർമികതയായി മാറി. രാഷ്ട്രീയ ഘടന ദേശരാഷ്ട്രങ്ങൾക്ക് വഴി മാറി. സഭയും സമൂഹവും എന്നതിന് പകരം മതപരമായ പരിഗണനകളില്ലാത്ത പൗരനും രാഷ്ട്രവും എന്ന രീതിയിൽ അത് തിരുത്തിയെഴുതപ്പെട്ടു. മതാധിഷ്ഠിതമായിരുന്ന യൂറോപ്പ് ക്രിസ്തുമതത്തെ അവഗണിച്ചു കൊണ്ട് സെക്കുലറിസത്തിലേക്കും ദേശീയതയിലേക്കും കുതിച്ചു. പാവനമായ ക്രിസ്തുമതത്തിന് അധികാരവുമായുള്ള അവിശുദ്ധ ബന്ധംമൂലം വമ്പിച്ച വില കൊടുക്കേണ്ടി വന്നു. മതം സ്വാതന്ത്ര്യത്തിനെതിരാണെന്ന ബോധം യൂറോപ്പിൽ വളരുകയും ചെയ്തു. വ്യക്തിയും സമൂഹവും തമ്മിലുള്ള സാമൂഹ്യക്കരാറിന്റെ അടിസ്ഥാനത്തിലാണ് പിന്നീട് പൗരത്വം നിർണയിക്കപ്പെട്ടത്. ഭരണാധികാരത്തിൽ നിന്ന് മതം ഒഴിഞ്ഞ് നിൽക്കണം എന്ന വിചാരത്തിൽ സെക്കുലറിസം എന്ന രാഷ്ട്രീയ ദർശനത്തിൽ ചിന്തകന്മാർ എത്തിച്ചേർന്നു. (തുടരും)

## ശ്രേഷ്ഠമായ ദാനം

അബൂഹുറൈറയിൽ നിന്നും നിവേദനം: ഒരാൾ നബിയോട് ചോദിച്ചു. പ്രവാചകരേ ഏത് ദാനധർമ്മമാണ് ഏറ്റവും ശ്രേഷ്ഠമായത്?. നബി(സ) പറഞ്ഞു: നീ ആരോഗ്യവാനായിരിക്കുക. ധനത്തോട് നിനക്ക് ആഗ്രഹമുണ്ടായിരിക്കുക. ഐശ്വര്യത്തെ നീ പ്രതീക്ഷികുക. ദാരിദ്രത്തെക്കുറിച്ച് നീ ഭയപ്പെടുക എന്നീ പരിതസ്ഥിതിയിൽ നീ നൽകുന്ന ദാനമാണ് ഏറ്റവും ശ്രേഷ്ഠമായത്. നീ ദാനത്തെ പിന്തിരിപ്പിക്കരുത്. ജീവൻ കണ്ഠനാളത്തിലെത്തിക്കഴിഞ്ഞാൽ ഇന്നവനിത്ര കൊടുക്കണം എന്നെല്ലാം നീ പറയാൻ തുടങ്ങും. എന്നാൽ അപ്പോൾ അത് മറ്റൊരുവന്റെ സ്വത്തായി മാറിക്കഴിഞ്ഞിരിക്കും. **(ബുഖാരി)**

# ഔദാര്യം

ഔദാര്യം എന്ന സദ്ഗുണത്തെ പറ്റി അല്ലാഹുവിന്റെ കല്പനയും
റസൂൽ തിരുമേനി(സ)യുടെ ഉപദേശങ്ങളും.

സമ്പാ: സർ മുഹമ്മദ് സഫറുല്ലാഹ് ഖാൻ

പരസ്പരം ഔദാര്യം കാണിക്കാനുള്ള ഒരവസരവും പാഴാക്കിക്കളയരുത്
(വിശുദ്ധ ഖുർആൻ 2:238)

## തിരുനബി (സ) അരുൾ ചെയ്തു

1. സത്യ വിശ്വാസം കഴിഞ്ഞാൽ ജനങ്ങളോട് കാരുണ്യം കാണിക്കലാണ് ഏറ്റവും വലിയ നന്മ.
2. തന്റെ സഹോദരന് നന്മ ചെയ്യാൻ കഴിവുള്ള ഒരാൾ അക്കാര്യം ഉടൻ ചെയ്തു തുടങ്ങണം.
3. നിങ്ങൾ ഒരാളോട് തെറ്റായി പ്രവർത്തിച്ചു പോയാൽ അയാൾക്ക് ഉപകാരം ചെയ്യാൻ ബദ്ധപ്പെടുക
4. തന്റെ കൂട്ടുകാരനെ ബഹുമാനിക്കുന്നത് ഏറ്റവും ഉത്തമമായ സ്വഭാവമാകുന്നു.
5. സ്വസഹോദരനോട് നന്മ വിചാരിക്കുകയാണെങ്കിൽ അതയാളോട് പറയണം.
6. ഒരു നല്ല ഉദ്ദേശ്യം ആരംഭിക്കുന്നതിലും പുണ്യമായിട്ടുള്ളത് അത് പൂർത്തിയാക്കലാണ്.
7. ജനങ്ങളിൽ വെച്ച് ഏറ്റവും കൊള്ളരുതാത്തവൻ, അല്ലാഹുവിന്റെ പേരിൽ ഒരുപകാരം ആവശ്യപ്പെട്ടാൽ ആ അപേക്ഷ തള്ളിക്കളയുന്നവനാണ്.
8. ചോദിക്കാതെ നിങ്ങൾക്ക് വല്ലതും ലഭിച്ചാൽ അത് ഭുജിക്കുകയും അതിലൊരു ഭാഗം ദാനമായി നൽകുകയും ചെയ്യുവിൻ.
9. മറ്റൊരാളുടെ നഗ്നത മറച്ചുകളയുന്നവൻ മരിച്ച ഒരാളിനെ ജീവിപ്പിച്ചവനെ പോലെയാകുന്നു.
10. കൂട്ടത്തിലായിരിക്കെ ഒരാളുടെ അന്തസ്സിന്ന് ക്ഷതമേൽപ്പിക്കപ്പെട്ടാൽ അവന് പ്രതി രോധം നൽകുക. അക്രമിയെ ശാസിക്കുകയും സ്ഥലം വിട്ടൊഴിയുകയും ചെയ്യുക.
11. ആരിൽ നിന്ന് നന്മ പ്രതീക്ഷിക്കുന്നുവോ അയാളത്രെ നിങ്ങളിൽ ഉത്കൃഷ്ടൻ. ആരിൽ നിന്ന് ഒരു നന്മയും പ്രതീക്ഷിക്കപ്പെടാതെയും ആരുടെ മോശമായ കാര്യങ്ങളിൽ നിന്ന് നിങ്ങൾ സുരക്ഷിതരും അല്ലയോ അയാളത്രെ നിങ്ങളിൽ ഏറ്റവും അപകൃഷ്ടൻ.
12. നിങ്ങൾ കൊടുക്കുന്നതിനൊത്തു നിങ്ങൾക്ക് ലഭിക്കും.
13. പാവങ്ങളോടൊപ്പം കൂടിക്കഴിയുവിൻ, അവരോട് സ്നേഹം കാട്ടുവിൻ.
14. മനുഷ്യ പുത്രാ, നിന്റെ ആവശ്യത്തിൽ കവിഞ്ഞുള്ളത് ഒരഗതിക്ക് നൽകിയിരുന്നുവെങ്കിൽ നിന ക്കെത്ര നന്നായിരുന്നു. നീ അത് അടക്കി വെക്കുന്നതു നിനക്ക് ദോഷമാണ്. എന്നാൽ നിന്റെ ആവശ്യങ്ങൾക്ക് മതിയായത്ര സൂക്ഷിക്കുന്നുവെങ്കിൽ തെറ്റൊന്നുമില്ല.
15. കൊടുക്കുന്ന കൈ വാങ്ങുന്ന കൈയ്യേക്കാൾ ഉത്തമമായതാണ്.
16. തിരു നബി (സ) അനസ് ഇബ്നു മാലിക്കിനോട് അരുളി : മകനേ, പ്രഭാതം മുതൽ പ്രദോഷം വരെ ആരോടും പകയില്ലാത്ത വിധം നിന്റെ ഹൃദയത്തെ നിനക്ക് ആക്കി തീർക്കാമെങ്കിൽ അപ്രകാരം ത ന്നെ നിന്റെ ഹൃദയത്തെ ആക്കി തീർക്കുക.
17. അല്ലാഹുവിന്റെ ക്ഷമാഗുണം അവന്റെ ദാസന്മാർ ഭൂമിയിൽ ചെയ്യുന്ന ദുഷ്കൃത്യങ്ങൾ മറച്ചു കളയുന്നു.
18. തിരുനബി(സ) ഒരിക്കലും തന്റെ കൈകൊണ്ട് ഒരാളേയും അടിച്ചിട്ടില്ല. പെണ്ണിനെയാകട്ടെ ഭൃത്യ നെയാകട്ടെ ദൈവമാർഗത്തിൽ അവിടുന്ന് പ്രവർത്തിച്ചുവെങ്കിലും പ്രതികാര പരമായി ആർക്കും ഊനം വരുത്തിയിട്ടില്ല. എന്നാൽ ദൈവകല്പനയെന്തെങ്കിലും ലംഘിച്ചാൽ സർവശക്തനായ അല്ലാഹുവിന്റെ നാമത്തിൽ ആ ശിക്ഷ നടത്തും.

പേജ് 12ൽ നിന്ന് തുടർച്ച

പ്രയോജനമാണുള്ളത്. ഈ പിതാക്കൾ കുറേ സമ്പത്ത് ഉപേക്ഷിച്ചു പോയാൽ തന്നെ ആ കുട്ടികൾ അത് ശരിയാം വണ്ണം ചെലവഴിക്കുമെന്ന് എന്താണൊ ഉറപ്പ്. സമ്പത്തും കുട്ടികളും ഇല്ലാ തായിത്തീരുന്ന ഒരവസ്ഥയായിരിക്കും സംജാതമാകുക.

മറ്റൊരു പ്രശ്നം ഉമ്മമാരും ജോലിക്കു പോകുന്നു എന്നതാണ്. ഇവിടെ ജമാഅത്തിനകത്തും ഈ ഒരു പ്രശ്നം വളർന്നു വരുന്നുണ്ട്. അതല്ലെങ്കിൽ മാതാക്കൾ അവരുടെ വീട്ടുകാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നില്ല. കറങ്ങി നടക്കും. എന്തെങ്കിലും പറഞ്ഞ് നടക്കുകയായിരിക്കും. പ്രത്യേക ജോലിയൊന്നും ഉണ്ടാകില്ല. കുട്ടികൾ സ്കൂളിൽ നിന്ന് വീട്ടിലെത്തുമ്പോൾ അവരെ നോക്കാൻ ആരും ഉണ്ടാവില്ല. ഉമ്മ പറയുന്നത് വീട്ടിലെ ചെലവ് നികത്താനാണ് ജോലിക്ക് പോകുന്നതെന്നാണ്. എന്നാൽ പലരും തന്നെ സ്വന്തം ചെലവിന് വേണ്ടി ജോലിക്കു പോകുന്നവരുണ്ട്. ക്ഷീണിച്ച് അവശയായി വീട്ടിൽ വന്നാൽ കുട്ടികളെ ശ്രദ്ധിക്കാൻ കഴിയാത്ത അവസ്ഥ വരുന്നു. അവഗണന കാരണം, അപകർഷതാബോധം കാരണം കുട്ടികൾ ചിലപ്പോൾ നശിച്ചു പോകുന്നു.

ഭർത്താക്കന്മാർ അലസരാണെന്ന് ഭാര്യമാരിൽ നിന്ന് റിപ്പോർട്ട് ലഭിക്കുന്നു. ഭർത്താക്കന്മാരുടെ അലസത കാരണം ഭാര്യന്മാർക്ക് ജോലിചെയ്യേണ്ടതായി വരുന്നു. അങ്ങനെയുള്ള ഭർത്താക്കന്മാരും പിതാക്കളും അല്ലാഹുവിനെ ഭയപ്പെടേണ്ടതാണ്. നിങ്ങളുടെ അലസത കാരണം നിങ്ങളുടെ കുട്ടികളെ വധിക്കുന്നവരായി നിങ്ങൾ മാറരുത്. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ വേണ്ട രീതിയിൽ നോക്കുന്നില്ലെങ്കിൽ ഇതും ഒരു രീതിയിലുള്ള വധമാണ്. ഹ : മുസ്ലിഹ് മൗഊദ് (റ) ഇതിന് മനോഹരമായ ഒരു ഉദാഹരണം നൽകിയിട്ടുണ്ട്. ഗർഭാവസ്ഥയിൽ ഭാര്യയുടെ ഭക്ഷണകാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ കുട്ടികളും ബലഹീനരായിത്തീരുന്നതാണ്. ഇതും കുട്ടികളുടെ വധമാണ്.

ഇതിന്റെ മറ്റൊരർഥം ദാരിദ്ര്യം ഭയന്ന് കുടുംബാസൂത്രണം ചെയ്യുക എന്നതും പ്രസവം നിർത്തുക എന്നതും വധമാണ്. മാതാവിന്റെ ആരോഗ്യ സംരക്ഷണത്തിന്റെ പേരിൽ മാത്രമേ പ്രസവം നിർത്താൻ പാടുള്ളൂ. ചിലപ്പോൾ ഡോക്ടർമാർ കുട്ടിയുടെ അവസ്ഥ പരിഗണിച്ചുകൊണ്ട് മാതാവ് അപകടത്തിൽ പെടുമെന്ന് ഭയന്ന് ഗർഭഛിദ്രത്തിന് നിർബന്ധിക്കാറുണ്ട്. ഈ അവസ്ഥയിൽ അത് അനുവദനീയമാണ്. എന്നാൽ ദാരിദ്ര്യം ഭയന്ന് ഇത് പാടില്ല. അല്ലാഹു പറയുന്നു: നിങ്ങൾക്കും അവർക്കും ഭക്ഷണം നൽകുന്നത് ഞാനാണ്. മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുന്നു: നിശ്ചയമായും അവരെ വധിക്കുക എന്നത് വലിയ അപരാധമാണ്.

അതിനാൽ യഥാർഥ മുസ്ലിം ഇങ്ങനെയുള്ള പ്രവർത്തികൾ ചെയ്യില്ല. വലിയ പാപങ്ങളിൽ നിന്ന് മാത്രമല്ല ചെറിയ തെറ്റുകളിൽ നിന്നു പോലും അവർ സുരക്ഷിതരാകാൻ ശ്രമിക്കുന്നു. അതിനാൽ ഈ കാര്യത്തിലേക്കും നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളുടെ ശിക്ഷണ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ നൽകുക, അവർക്ക് സമയം നൽകുക, അവരുടെ പഠനകാര്യത്തിൽ ശ്രദ്ധിക്കുക, ജമാഅത്തുമായി അവരെ ബന്ധിപ്പിക്കാൻ ശ്രമിക്കുക, കുട്ടികൾക്ക് നല്ല ശിക്ഷണം നൽകുന്നതരത്തിലുള്ള ഒരന്തരീക്ഷം വീടുകളിൽ സ്ഥാപിക്കുക, കുട്ടികൾ സമൂഹത്തിലെ ഒരു ഉത്തമ ഭാഗമായി മാറി നാടിന്റെയും സമൂഹത്തിന്റെയും പുരോഗതിക്കായി പ്രവർത്തിക്കുന്നവരായി മാറട്ടെ. അവർക്ക് ഉന്നത ശിക്ഷണവും വിദ്യാഭ്യാസവും നൽകുന്ന കടമ മാതാപിതാക്കൾക്കാണുള്ളത്. അതിനാൽ മാതാപിതാക്കൾ തങ്ങളുടെ താത്പര്യങ്ങൾക്ക് മുൻതൂക്കം നൽകുന്നതിന് പകരം കുട്ടികളുടെ ശിക്ഷണ, വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കുട്ടികളുടെ ശിക്ഷണചുമതല സ്ത്രീകളുടെ താണെന്ന് പറഞ്ഞ് പിതാക്കൾക്ക് ഒളിച്ചോടാൻ കഴിയില്ല. അതേ പോലെ ഇത് പിതാവിന്റെ കടമയാണെന്ന് പറഞ്ഞ് ഉമ്മമാർക്കും രക്ഷപ്പെടാൻ കഴിയില്ല. ഇരുവരുടെയും ജോലിയാണിത്. കുട്ടികളുടെ ശിക്ഷണകാര്യത്തിൽ മാതാവും പിതാവും ശ്രദ്ധിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള കുട്ടികളാണ് നല്ലവരായിത്തീരുന്നത്.

ഈ നാടുകളിൽ നോക്കുക, തലാഖിന്റെ കാരണത്താൽ മാതാവ് മാത്രമുള്ള അല്ലെങ്കിൽ പിതാവ് മാത്രമുള്ള കുട്ടികൾ കൂടിവരികയാണ്. ആ കുട്ടികൾ നശിച്ചു പോകുകയാണ് ചെയ്യുന്നത്. ആ കുട്ടികൾ പഠിക്കുന്ന സ്കൂളിലെ അധികൃതർ അവരെ കൊണ്ട് പൊറുതി മുട്ടിയിരിക്കുകയാണ്. പോലീസും കഷ്ടപ്പെടുകയാണ്. കുറ്റ കൃത്യം ചെയ്യുന്നവരിൽ ഒരു വിഭാഗം മാതാപിതാക്കളുടെ ശ്രദ്ധ തുടക്കത്തിൽ തന്നെ ലഭിക്കാതെ തെറ്റായ മാർഗത്തിൽ ചലിക്കുന്ന കുട്ടികളാണ്. വലിയ കുറ്റവാളികളായി മാറുന്നത് ഇവരാണ്.

മറ്റൊരു ചിന്താർഹമായ കാര്യം കൂടി ഞാൻ ഇവിടെ പങ്കുവെക്കാൻ ആഗ്രഹിക്കുന്നു. ഇവിടെയും തലാഖിന്റെ പ്രവണത വർധിച്ചു വരികയാണ്. അതു കാരണം കുട്ടികളും നശിക്കുന്നു. ചിലപ്പോൾ തലാഖ് തുടക്കത്തിൽ നടക്കുന്നു. മറ്റു ചിലപ്പോൾ കുട്ടികളെല്ലാം ആയതിനു ശേഷമായിരിക്കും. അതുകൊണ്ട് മാതാപിതാക്കൾ തങ്ങളുടെ അഹങ്കാരവും താത്പര്യങ്ങളും എല്ലാം കുട്ടികൾക്കായി ത്യജിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും വിശുദ്ധ ഖുർആന്റെ കല്പനയനുസരിച്ച് ജീവിക്കാനുള്ള തൗഫീഖ് നൽകട്ടെ.

(വിവ: മൗലവി എം. നാസിർ അഹ്മദ്, കൊടിയത്തൂർ)

# ഈജിപ്തിലെ ഭരണമാറ്റം

മുസാഫിർ

**ആ**ഫ്രിക്കൻ ഭൂഖണ്ഡത്തിലെ ഏറ്റവും ജനസാന്ദ്രതയുള്ള രാജ്യ മാണ് ഈജിപ്ത്. പുരാതനകാലം മുതൽ ലോക സംസ്കാരത്തെ വമ്പിച്ച തോതിൽ സ്വാധീനിച്ച ഈ ചരിത്ര ഭൂമി ഇന്ന് സംഘർഷഭരിതമാണ്. ആധുനിക ഈജിപ്തിൽ 1952 ൽ ഫാറൂക്ക് രാജാവിൽ നിന്ന് ജനറൽ നജീബ് ഇഖ്വാനുൽ മുസ്ലിമൂന്റെ (മുസ്ലിം ബ്രദർഹുഡ്) സഹായത്തോടെ പട്ടാള അട്ടിമറിയിലൂടെയാണ് ഭരണം പിടിച്ചെടുത്തത്. തുടക്കം മുതൽ തന്നെ ഈജിപ്ത് ഒരു പട്ടാള റിപ്പബ്ലിക്കായിരുന്നു. ജനാധിപത്യത്തിലേക്ക് പോയ ഈജിപ്ത് അതേ വേഗതയിൽ തന്നെ ഇപ്പോൾ പട്ടാള ഭരണത്തിലേക്ക് തിരിച്ചെത്തിയിരിക്കുന്നു. അറബ് മുസ്ലിം ലോകത്ത് ഗണ്യമായി സ്വാധീനമുള്ള ഈജിപ്ത് സാമ്രാജ്യത്വ ശക്തികൾ ജാഗ്രതയോടെ വീക്ഷിച്ചു കൊണ്ടിരിക്കുന്ന അതുല്യ പ്രാധാന്യമുള്ള ഒരു ദേശമാണ്. മൂന്നു പതിറ്റാണ്ടു കാലം ഈജിപ്തിലെ ഏകാധിപതിയായി വാണ ഹുസ്നി മുബാറക്ക് അറബ് ദേശത്തെ അമേരിക്കയുടെയും ഇസ്റയേലിന്റെയും താൽപര്യ സംരക്ഷകനായിരുന്നു. ഇസ്റയേൽ കഴിഞ്ഞാൽ അമേരിക്കയിൽ നിന്ന് ഏറ്റവും കൂടുതൽ ആനുകൂല്യം പറ്റുന്ന ഈജിപ്തിന് മറിച്ചൊന്ന് ചിന്തിക്കാനോ പ്രവർത്തിക്കാനോ സാദ്ധ്യമായിരുന്നില്ല. ഈജിപ്തിനെ പട്ടിണിയുടെയും ദാരിദ്ര്യത്തിന്റെയും തൊഴിലില്ലായ്മയുടെയും നാടാക്കി മാറ്റിയ മുബാറക്കിനെ മുല്ലപ്പൂ വിപ്ലവമെന്ന് അറിയപ്പെട്ട അറബ് വസന്തകാലത്ത് തൂത്തെറിയുകയും അതിന് ശേഷം പട്ടാളം അധികാരം കയ്യേൽക്കുകയുമാണല്ലോ ചെയ്തത്. സുപ്രിം ആംഡ് ഫോഴ്സിന്റെ ചെയർമാനായിരുന്ന മുഹമ്മദ് ഹുസൈൻ തൻത്വാവിയായിരുന്നു താൽക്കാലിക ഭരണതലവൻ. 2011 ഫെബ്രുവരി 13ന് അദ്ദേഹം പാർലമെന്റ് പിരിച്ചു വിടുകയും ഭരണഘടന റദ്ദാക്കുകയും തിരഞ്ഞെടുപ്പ് പ്രഖ്യാപിക്കുകയും ചെയ്തു.

2011 നവമ്പർ 28ന് ഈജിപ്തിലെ ആദ്യത്തെ പാർലമെന്റ് തിരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. പൊതുവേ എല്ലാവർക്കും സ്വീകാര്യമായ രീതിയിൽ സമാധാന പൂർവം നടന്ന തിരഞ്ഞെടുപ്പിൽ 51.7% വോട്ട് ലഭിച്ച ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി സ്ഥാനാർഥി മുഹമ്മദ് മുർസി 2012 ജൂൺ മാസം പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടു. 35 അംഗ മന്തിസഭയും രൂപീകരിച്ചു. മുഹമ്മദ് മുർസി ഈജിപ്തിലെ മതരാഷ്ട്രവാദ സംഘടനയായ ഇഖ്വാനുൽ മുസ്ലിമൂനിലെ (മുസ്ലിം ബ്രദർഹുഡ്) പ്രമുഖാംഗമാണ്. മതാധിഷ്ഠിത രാഷ്ട്രത്തിന് വേണ്ടി നിലകൊള്ളുന്ന മുസ്ലിം ബ്രദർഹുഡ്; സിവിൽ സമൂഹത്തിലും തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലും തരം പോലെ ഇടപെടാൻ വേണ്ടിയുള്ള അടവ് നയത്തിന്റെ ഭാഗമായി 2011 ലെ അറബ് വസന്ത വിപ്ലവ കാലത്ത് സ്ഥാപിച്ച രാഷ്ട്രീയ പാർട്ടിയാണ് ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടി. (നമ്മുടെ നാട്ടിലെ ജമാഅത്തെ ഇസ്ലാമിയുടെ സോളിഡാരിറ്റി, വെൽഫെയർ പാർട്ടി പോലെ) ഫ്രീഡം ആന്റ് ജസ്റ്റിസ് പാർട്ടിയുടെ സ്ഥാനാർഥിയായിരുന്നു മുർസി. മുർസിയുടെ ഭരണത്തിന് ഒരു വർഷം തികയാറാവുമ്പോഴേക്കും ഭരണകൂടത്തിനെതിരെ വമ്പിച്ച ജനകീയ പ്രക്ഷോഭമാണ് നാം കാണുന്നത്. പട്ടാളവും ജുഡീഷ്യറിയും മുർസിക്കെതിരായിരുന്നു. എതിർപ്പിന് മുന്നിൽ മുഹമ്മദ് മുർസി ഗതിമുട്ടി നിന്നു. ഹുസ്നി മുബാറക്കിനെ പുറത്താക്കാൻ



ഹുസ്നി മുബാറക്ക്

ജനങ്ങൾ തടിച്ചു കൂടിയ അതേ തഹ്‌രീർ സ്ക്വയർ മുർസിക്കെതിരെ ജനസാഗരമായി മാറി. അമേരിക്കയിൽ നിന്ന് 1.5 ബില്ല്യൻ ഡോളർ സഹായം ലഭിക്കുന്ന പട്ടാളത്തിന് ജനാധിപത്യ ഗവൺമെന്റി നോട്യാതൊരു മമതയുമില്ല എന്നത് ഒരു യാഥാർഥ്യമാണ്. ഒടുവിൽ മുർസി ഭരണകൂടം അധികാരം ഒഴിയണമെന്ന പട്ടാളത്തിന്റെ അന്ത്യശാ

സനം വന്നു. ജനാധിപത്യരീതിയിൽ തിരഞ്ഞെടുക്കപ്പെട്ട മുർസി രാജി വെക്കാൻ സന്നദ്ധനല്ലെന്ന് അറിയിച്ചു. അന്ത്യശാസനം അവസാനിക്കുന്ന ജൂൺ 30-ാം തീയതി പട്ടാളം മുർസിയെ ഭരണാധികാരത്തിൽ നിന്ന് പുറത്താക്കി. ശൂറാ കൗൺസിൽ പിരിച്ചു വിടുകയും ചെയ്തു. അട്ടിമറിക്ക് നേതൃത്വം കൊടുത്ത ജനറൽ അബ്ദുൽ ഫത്താഹ് ഖലീൽ അൽ സീസിയാണ് ഇടക്കാല പ്രസിഡന്റ്. പരമോന്നത ഭരണഘടനാ കോടതി തലവനായി അലി മഹ്മൂദ് മൻസൂറിനെ നിയമിക്കുകയും ചെയ്തു. അങ്ങനെ ഈജിപ്തിൽ ആദ്യമായി ജനങ്ങൾ തിരഞ്ഞെടുത്ത ഒരു ജനാധിപത്യ ഭരണകൂടം പട്ടാളത്തിന്റെ പിന്തുണയുള്ള ജനകീയ പ്രക്ഷോഭത്തെ തുടർന്ന് തകർന്നു വീഴുകയാണുണ്ടായത്. ഔദ്യോഗിക മാധ്യമങ്ങളൊഴികെ എല്ലാ മാധ്യമങ്ങളും പട്ടാളം അടച്ചു പൂട്ടിയിരിക്കുകയാണ്. ഭരണകൂട മാറ്റത്തിന് ശേഷം ഈജിപ്തി



മുഹമ്മദ് മുർസി

ലെങ്ങും തെരുവുകളിൽ മുർസി അനുകൂലികൾ നടത്തിയ അക്രമാസക്തമായ പ്രതിഷേധ റാലികളിൽ 53 ഇഖ്‌വാൻ പ്രക്ഷോഭകർ കൊല്ലപ്പെട്ടു. പരിശുദ്ധ റമദാനിൽ മുർസി അനുകൂലികളും എതിരാളികളും ഈജിപ്ഷ്യൻ തെരുവുകളെ രക്തപങ്കിലമാക്കി ക്കൊണ്ടിരിക്കയാണ്. ആറു മാസത്തിനകം പുതിയ തിരഞ്ഞെടുപ്പ് നടത്തുമെന്നാണ് പട്ടാളത്തിന്റെ പിന്തുണയുള്ള ഭരണകൂടം പ്രഖ്യാപിച്ചിട്ടുള്ളത്. റദ്ദാക്കപ്പെട്ട ഭരണഘടനക്ക് ഭേദഗതി നിർദേശിച്ച് പുനരവതരിപ്പിക്കാൻ ഒരു സമിതിയേയും നിയമിച്ചിട്ടുണ്ട്.

ഹുസ്നി മുബാറക്കിന്റെ അഴിമതി നിറഞ്ഞ അമേരിക്കൻ പാവ ഭരണകൂടം അറബ് വിപ്ലവത്തിലൂടെ മറിഞ്ഞു വീണ് പുതിയ ഗവൺമെന്റ് ഉണ്ടായപ്പോൾ ഈജിപ്ഷ്യൻ ജനതയും ലോകം മുഴുവനും വൻ പ്രതീക്ഷകളായിരുന്നു വെച്ചു പുലർത്തിയത്. മുർസി ഭരണകൂടം ഇഖ്‌വാന്റെ മതതീവ്രവാദ നിലപാടുകളിൽ വളരെയേറെ മാറ്റംവരുത്തി. അമേരിക്കയുമായും ഇസ്റയേലുമായി പോലും നല്ല ബന്ധം സ്ഥാപിക്കാനായിരുന്നു മുർസി ശ്രമിച്ചത്. 2012 ഒക്ടോബറിൽ മുർസി ഇസ്റായേൽ പ്രസിഡന്റ് സിമോൺ പെരെസിന് ഒരു കത്തയ ക്കുകയുണ്ടായി. പെരെസിനെ 'മഹാനായ നല്ല നേതാവ്' എന്നായിരുന്നു മുർസി വിശേഷിപ്പിച്ചത്. രണ്ട് രാജ്യങ്ങൾ തമ്മിലുള്ള പരസ്പര സൗഹാർദവും വിശ്വാസവും വളർത്തിയെടുക്കേണ്ട ആവശ്യകതയും മുർസി കത്തിൽ ഊന്നി പറഞ്ഞിരുന്നു. പക്ഷേ 2012 നവമ്പറിൽ ഇസ്റായേൽ ഫലസ്തീന് നേരെ ഗസ്സ സ്ട്രിപ്പിലേക്ക് മിസ്സൈലുകൾ തൊടുത്തു വിട്ടപ്പോൾ മുർസി അതിനെ ശക്തമായി അപലപിക്കുകയും ചെയ്തിരുന്നു. മാത്രമല്ല അമേരിക്കയോടൊപ്പം സഹകരിച്ച് ഫലസ്തീനും ഇസ്റയേലും തമ്മിലുള്ള തർക്ക ത്തിന് മാധ്യസ്ഥശ്രമവും നടത്തുകയുണ്ടായി. ഇത്രയൊക്കെയായിട്ടും ഇസ്റായേ ലിന്റെ സുഖകരമായ നിലനിൽപ്പിന് അസ്വസ്ഥതയുണ്ടാക്കുന്ന യാതൊരു സംവിധാനവും പൊറുപ്പിക്കുകയില്ല എന്ന നിലപാടിൽ തന്നെ ഉറച്ചു നിന്ന ഇസ്റായേലിന് മുമ്പിൽ ഈ അനുനയങ്ങളൊന്നും വിലപ്പോവുമായിരുന്നില്ല. ഈജിപ്തിൽ പലപ്പോഴും പീഡിപ്പിക്കപ്പെടുന്ന ക്രിസ്ത്യാനികളോട് വളരെ സൗഹാർദപരമായ സമീപനമായിരുന്നു മുർസി സ്വീകരിച്ചത്. അവരോട് ദേശീയ സംവാദത്തിനും ഒരുക്കമാണെന്നും അറിയിച്ചിരുന്നു. താലിബാനും അൽഖയ്ദയും മറ്റു ഭീകര സംഘടനകളും പ്രാവർത്തികമാക്കുന്നത് പോലെയുള്ള മതരാഷ്ട്ര മൗലിക വാദത്തിന്റെ മുട്ടാളത്തരം ആധുനിക ലോകത്ത് അനുവർ ത്തിച്ചാൽ അതിന് വമ്പിച്ച വില കൊടുക്കേണ്ടി വരും എന്ന യാഥാർഥ്യബോധം മുർസി പ്രകടിപ്പിച്ചിരുന്നു. മതരാഷ്ട്ര മൗലിക വാദം ഉയർത്തുന്ന ഇവിടുത്തെ ജമാഅത്തെ ഇസ്ലാമിയും ഒരു ജനാധിപത്യ രാജ്യത്തെ രാഷ്ട്രീയ പ്രക്രിയയിൽ പങ്കെടുക്കുമ്പോൾ അടവ് നയത്തിന്റെ ഭാഗമായി തങ്ങളുടെ തീവ്ര നിലപാടുകളിൽ നിന്നും മാറി രൂപവും നയവും മാറ്റുന്നു. പ്രകൃതി മതമായ ഇസ്ലാമിന്റെ പേരിൽ ഭൗതിക ഭരണാധികാരം പിടിച്ചെടുക്കാൻ പാർട്ടികൾ ഇങ്ങിനെ വേഷപ്രച്ഛന്നരായി



സിമോൺ പെരെസ്

പ്രവർത്തിക്കുന്നത് തന്നെ മതരാഷ്ട്ര വാദത്തിന്റെ അപ്രായോഗികത വിളിച്ചോതുന്നു.

മുർസിയിലേക്ക് തന്നെ വീണ്ടും വരാം. ബ്രസിൽ, റഷ്യ, ഇന്ത്യ, ചൈന, സൗത്ത് ആഫ്രിക്ക എന്നീ രാജ്യങ്ങളുടെ ഗ്രൂപ്പിൽ (BRICS) ചേരാൻ മുർസി ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. കഴിഞ്ഞ മാർച്ചിൽ ഇന്ത്യ സന്ദർശിക്കുന്നതിന്റെ മുന്നോ

ടിയായി പ്രസിദ്ധീകരിച്ച ഒരു ഇന്റർവ്യൂവിൽ BRICS ൽ അംഗമായി E-BRICS ആയി വിപുലീകരിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. ഇറാനുമായും ആഫ്രിക്കയുമായും സഹകരണത്തിനും മുർസി ശ്രമിച്ചു. ഇതെല്ലാം തന്നെ അമേരിക്കൻ ഇസ്റയേലി താൽപര്യങ്ങൾക്കെതിരായിരുന്നു.

അതിനിടെ ഈ ഭരണമാറ്റത്തെ പട്ടാള അട്ടിമറിയെന്ന് പറയാതെ വെറും ഭരണമാറ്റം എന്ന് വിശേഷിപ്പിച്ചുകൊണ്ടുള്ള ഒരു ഔദ്യോഗിക പ്രഖ്യാപനം അമേരിക്കയുടെ ഭാഗത്ത് നിന്ന് വരുകയുണ്ടായി. പശ്ചിമേഷ്യയിൽ അമേരിക്കൻ താൽപര്യം സംരക്ഷിക്കാനായി വർഷംതോറും 1.5 ബില്ല്യൻ ഡോളർ വാർഷിക സൈനിക–സാമ്പത്തിക രംഗത്ത് സഹായം നൽകുന്ന രാജ്യമാണ് ഈജിപ്ത് എന്നോർക്കണം. ജനാധിപത്യ ഗവൺമെന്റുകളെ സൈനിക അട്ടിമറിയിലൂടെ മാറ്റി നിലവിൽ വരുന്ന ഭരണകൂടങ്ങൾക്ക് സാമ്പത്തിക സഹായം നൽകാൻ അമേരിക്കൻ ആഭ്യന്തര നിയമം അനുവദിക്കുന്നില്ല. അത് മറികടക്കാനാണ് ഈ ഔദ്യോഗിക വിശദീകരണം. മുർസി ഭരണമേറ്റെടുത്തതിന് ശേഷം എഫ് 16 യുദ്ധവിമാനത്തിന്റെ ഇറക്കുമതി അമേരിക്ക വൈകിപ്പിച്ചിരുന്നു. മുർസി മാറിയതിന് ശേഷം ആദ്യത്തെ അമേരിക്കൻ നടപടി തടഞ്ഞു വെച്ച ഈ യുദ്ധവിമാനങ്ങളുടെ ഇറക്കുമതിയായിരുന്നു. ഈ നടപടിക്ക് ഒരു ദിവസം മുമ്പാണ് ഈജിപ്തിലെ ഭരണമാറ്റം പട്ടാള അട്ടിമറിയല്ല എന്ന അമേരിക്കയുടെ ഔദ്യോഗിക വിശദീകരണം വന്നത്. അമേരിക്കയോടൊപ്പം സൗദിയും യു.എ.ഇയും സൈനിക ഭരണകൂടത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. അമേരിക്ക ഭരണമാറ്റത്തിൽ നിഷ്പക്ഷത പാലിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും മുർസിക്കെതിരെയുള്ള പ്രക്ഷോഭകാരികൾക്ക് സാമ്പത്തിക സഹായം ചെയ്തതിന്റെ രേഖകൾ അൽ ജസീറ പുറത്ത് വിട്ടിട്ടുണ്ട്. ഏതായാലും ജനാധിപത്യ രീതിയിൽ തിരഞ്ഞെടുക്കപ്പെട്ട ഒരു ഗവൺമെന്റ് ഈ വിധത്തിൽ മാറ്റിമറിക്കപ്പെട്ടത് ഈ മേഖലയിലെ നിക്ഷിപ്ത താൽപര്യക്കാർക്ക് വേണ്ടിയാണെന്നത് പകൽ വെളിച്ചം പോലെ വ്യക്തമാണ്. മറ്റൊരു ശ്രദ്ധേയമായ കാര്യം സിറിയയിലെ ബഷാറുൽ അസദുമായി റഷ്യക്ക് സൈനിക സഖ്യമുണ്ട്. ആവശ്യപെട്ടാൽ എപ്പോഴും സഹായിക്കാനുള്ള സന്നദ്ധത റഷ്യ ഈജിപ്തിനെഅറിയിച്ചിട്ടുണ്ട്. ഇഖ്വാന്റെ നേതൃത്വത്തിൽ മുർസിക്ക് അനുകൂലമായും, പട്ടാളത്തി ന്റെയും പഴയ ഹുസ്നി മുബാറക്കി ന്റെ അമേരിക്കയുടെയും സഹായ ത്തോടെ മുർസിക്കെതിരെയും ഈജിപ്തിലാകമാനം തെരുവുയുദ്ധം നടക്കുകയാണ്. ഈജിപ്തിൽ, ഈസ്റായേലിന് അസ്വസ്ഥ തയുണ്ടാക്കുന്ന ഒരു അധികാര ശക്തിയും കടന്നു വരാൻ ഇസ്റാ യേലിന് വേണ്ടി നിലകൊള്ളുന്ന അമേരിക്കഅനുവദിക്കില്ല. അരക്ഷിതമായ ഈജിപ്തിൽ അമേരിക്ക നിർബാധം വിഹരിക്കുന്നത് റഷ്യയും ചൈനയു മടക്കമുള്ള എതിർചേരി കൈയും കെട്ടിനോക്കി നിൽക്കുകയുമില്ല. പ്രശ്നസങ്കീർണമായ മദ്ധ്യ പൗരസ്ത്യദേശത്ത് അസ്വസ്ഥതയുടെ കാർമേഘങ്ങൾ വീണ്ടും ഉരുണ്ടുകൂടുകയാണോ? ഏതായാലും ശാക്തിക സന്തുലനത്തിന്റെ ബലാബലത്തിൽ നിൽക്കുന്ന സമാധാനം, ഡമോക്ല സിന്റെ വാളു പോലെ തലക്ക് മുകളിൽ തൂങ്ങി നിൽക്കുന്ന ഒന്നാണ്. ബലാബലത്തിന്റെ ഘർഷണത്തിൽ ഒരു തീപൊരി പാറിയാൽ; എണ്ണസംഭരണികൾക്ക് തീപിടിച്ചാലെന്ന പോലെ ലോകത്തിന്റെ നാനാ ഭാഗത്തേക്കും അത് കത്തിപ്പടരും. അതുണ്ടാക്കുന്ന പ്രത്യാഘാതം ലോകവ്യാപകമായിരിക്കും. നാശത്തിൽ നിന്നു ലോകത്തെ ദൈവം രക്ഷിക്കട്ടെ.

MTA INTERNATIONAL

Muslim Television Ahmadiyya International

## അനുസ്മരണം

### ഹിദായാ ബീവി സാഹിബ

1939– ൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിൽ അംഗമായ തട്ടയ്ക്കാട്ട് എം. അബ്ദുർറഹ്മാൻ സാഹിബ് മർഹൂമിന്റെ ഭാര്യ ഹിദായാബീവി സാഹിബ (81) 2013 മെയ് 24 ന് ദിവംഗതയായി. ഇന്നാ ലില്ലാഹി...... കരുനാഗപ്പള്ളി ജമാഅത്തംഗമാണ്. പിതാവ് മുഹമ്മദുകുഞ്ഞു സാഹിബ്. മാതാവ് ഐശാകുഞ്ഞു സാഹിബ. സാത്വിക ജീവിതം നയിച്ചിരുന്ന മൂത്ത സഹോദരൻ കാത്തുങ്ങൾ മൊയ്തീൻകു ഞ്ഞ് സാഹിബ് മുഖേനയാണ് അഹ്മദിയായത്. വിവാഹിതയാവുമ്പോൾ അഹ്മദി യായിരുന്നില്ല. കരുനാഗപ്പള്ളി ലജ്ന ഇമായില്ലായുടെ പ്രവർത്തകയായിരുന്നു. ജമാഅത്തിന്റെ കാര്യങ്ങളിൽ അബ്ദുർറഹ്മാൻ സാഹിബിന്റെ സഹചാരിയായിരുന്നു ഹിദായാ സാഹിബ. മക്കൾ: പരേതയായ സലീമബീവി, ഡോക്ടർ മുഹമ്മദു സലീം, നാസർ അഹ്മദ്, നാസിമുദ്ദീൻ മഹ്മൂദ്, സാജിദബീവി, സ്വാലിഹബീവി. മരുമക്കൾ: ഡോക്ടർ മൻസ്വൂർ അഹ്മദ്, ആബിദാബീവി, സീനത്ത് ബീവി, ശമീമ, മുനീർ അഹ്മദ്( കുവൈറ്റ്) സഹ്റുദ്ദീൻ (കുവയ്ത്). അല്ലാഹു തആല പരേതയ്ക്ക് മഗ്ഫിറത്ത് നല്കുമാറാകട്ടെ. ജന്നത്തുൽ ഫിർദൗസിൽ ഇടം നല്കി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

## പ്രൊഫ. ബി. മഹ്മൂദ് അഹ്മദ് മലയാളം സർവകലാശാല ജനറൽ കൗൺസിൽ അംഗം



മലയാളം സർവകലാശാലയുടെ പ്രഥമ ജനറൽ കൗൺസിൽ അംഗമായി പ്രൊഫ. ബി.മഹ്മൂദ് അഹ്മദ് നിയമിതനായി. ഡോ. എം. ജി. എസ്. നാരായണൻ, പെരുമ്പടവം ശ്രീധരൻ, സൂര്യാകൃഷ്ണമൂർത്തി, കെ. എ. ഫ്രാൻസിസ്, ഡോ. പി. എം. സുരേഷ്, ഇ. ടി. മുഹമ്മദ് ബഷീർ എം പി. സി. മമ്മൂട്ടി എം എൽ എ തുടങ്ങിയവരാണ് മറ്റ് അംഗങ്ങൾ. കേരളാ ഫോക്‌ലോർ അക്കാദമിയുടെ ചെയർമാൻ കൂടിയായ അദ്ദേഹം കേരളാ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ പബ്ലിക്കേഷൻ സെക്രട്ടറി കൂടിയാണ്.

## അനുസ്മരണം

### ആയിശ സാഹിബ

ചേലക്കര ജമാഅത്തിലെ മർഹൂം കങ്കാടിയിൽ കുഞ്ഞുമൊയ്തീൻ സാഹിബിന്റെ നാലാമത്തെ മകളും ടി.ഖാലിദ് സാഹിബിന്റെ ഭാര്യയുമായ ആയിശ സാഹിബ (57) 15 ജൂൺ 2013 ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. പരേതയായ താഴേത്തിലെ ബീവിയാണ് മാതാവ്. മർഹൂമായുടെ മൂന്നു ആൺമക്കളും ഒരു മരുമകനും വാഖ്ഫെ സിന്ദഗിയാണ്. മക്കൾ: മൗലവി റിയാസ് അഹ്മദ്, റാശിഖ് അഹ്മദ്, മൗലവി ഇർശാദ് അഹ്മദ്, മൗലവി റഹീം അഹ്മദ്, റളിയ ബീഗം, സോഫിയ ഖാലിദ്. മരുമക്കൾ: ആബിദ, ജാസ്മിൻ, രിസ്‌വാന, മലീഹ, മൗലവി മുഹമ്മദു റാഫി, ഹാരിഥ്. സഹോദരങ്ങൾ: ഖദീജ, ആമിന, റംല, മൗലവി കെ നാസർ അഹ്മദ്, മൻസ്വൂറ, മുബാറക് അഹ്മദ്, സാദിഖ് അഹ്മദ്, ശഹീദ, റാശിദ.




കോഴിക്കോട് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ (അഹ്മദിയ്യാ യുവജന സംഘടന) യുടെ ആഭിമുഖ്യത്തിൽ ജൂലൈ 7 ന് ടൗൺഹാളിൽ നടന്ന 'മൈത്രി വിവിധ മത വീക്ഷണത്തിൽ' എന്ന വിഷയത്തെ പ്രമേയമാക്കി നടന്ന പൊതു സമ്മേളനം അഹ്മദിയ്യാ മുസ്‌ലിം ദേശീയ ഉപമേലദ്ധ്യക്ഷൻ ശിറാസ് അഹ്മദ് സാഹിബ് ഉദ്ഘാടനം ചെയ്യുന്നു.




മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ എറണാകുളം മേഖല ഇജ്തിമ അഖിലേന്ത്യ നാഇബ് സദർ സി. ശമീം സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മൗലവി ടി. എം. മുജീബ്, മുഹമ്മദ് സഫ്‌വാൻ, ഇ.എച്ച് നജീബ്, ശാഹുൽ ഹമീദ് എന്നിവർ സമീപം




മജ്‌ലിസ് അൻസാറുല്ലാഹ് എറണാകുളം മേഖല ഇജ്തിമ സംസ്ഥാന നാസിം അൻസാറുല്ലാ പി.പി. നാസിമുദ്ദീൻ സാഹിബ് ഉദ്ഘാടനം ചെയ്യുന്നു. മേഖല അമീർ ബി.ബി. അഹ്മദ് കബീർ, മൗലവി എം. നാസിർ അഹ്മദ്, ശാഹുൽ ഹമീദ്, ഇ. എച്ച് നജീബ് എന്നിവർ സമീപം

7 August 2013

Vol: 85 Issue.8
Price Rs. 20/-

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2012-14
Licence No. KL/CR/EKM/WPP-21/2012-14
Licensed to Post Without Prepayment
**The Sathyadoothan Monthly**


# Ahmadiyya Muslim Community

*Apps for mobile devises*

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




## Quran

Read the Holy Quran in easy Yassarnal Quran Font




## Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



## Sermons

Huzoor's Friday Sermons In 15 languages




## MTA

Watch MTA Live, view Schedule and much more



## Ahmadiyya News

Stay up to date with the Latest jama'at news



View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് എന്ന ദൈവീക പ്രസ്ഥാനത്തെപ്പറ്റി കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020** Toll Free (9 am to 9 pm)